


ഖുത്ബ
പരിവർത്തനത്തിന് വിധേയരാവുക

# സത്യദൂതൻ

2014 ജനുവരി | ലക്കം 1 വില ₹ 20

പുതുവത്സരാശംസകൾ




## ഖുർആന്റെയും ഗീതയുടെയും സന്ദേശങ്ങൾ

## ബൈബിളിലില്ലാത്ത ത്രിത്വ വാദം

2013 ഡിസംബർ 27 മുതൽ 29 വരെ ഖാദിയാനിൽ വെച്ച് നടന്ന അഹ്മദിയ്യാ ജമാഅത്ത് ദേശീയ വാർഷിക സമ്മേളനം അഖിലേന്ത്യ മുഖ്യകാര്യദർശി മൗലാനാമുഹമ്മദ് ഇനാം ഗോറി സാഹിബ് പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുന്നു. തുടർന്നുള്ള സമ്മേളനത്തിലെ വിവിധ ദൃശ്യങ്ങൾ





















The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2014 ജനുവരി
ഹി.ശ.1394 - സുലഹ്
1435 - സഫർ - റ.അവ്വൽ
പുസ്തകം 86 ലക്കം 1
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** ഖുത്ബ

**പരിവർത്തനത്തിന് വിധേയരാവുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**14**


**സ്ത്രീയും ഇസ്‌ലാമും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

സ്ത്രീകൾക്ക് ഇസ്‌ലാമിലുള്ള സ്ഥാനം അത്യുന്നതമാണ്. അവരുടെ പ്രകൃതിക്കനുയോജ്യമായ സമ്പൂർണ സുരക്ഷയും സ്വാതന്ത്ര്യവുമാണ് ഇസ്‌ലാം നൽകുന്നത്.

**21**

**ബൈബിളിലില്ലാത്ത ത്രിത്വ വാദം**
അതാഉൽ മുജീബ് റാശിദ്

ക്രിസ്ത്യാനികളുടെ അടിസ്ഥാനവിശ്വാസമായ ത്രിത്വം യേശു പ്രബോധിച്ചതായി ബൈബിളിൽ യാതൊരു തെളിവുമില്ല എന്നത് ക്രിസ്തു മതം മറുപടി പറയേണ്ട ഒരു വെല്ലുവിളി തന്നെയാണ്.




**24**

**ഖുർആന്റെയും ഗീതയുടെയും സന്ദേശങ്ങൾ**
നവാബ് അക്തർ യാർ ജംഗ്

**31**

**ബഹുഭാര്യാത്വം: സാർവത്രിക നിയമമോ സോപാധിക അനുവാദമോ?**
ഡോ. കൗസർ, എടപ്പകത്ത്

ഇന്ത്യൻ വ്യക്തിനിയമത്തിലെ വിവാഹ സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് അക്കാദമികമായ നിഷ്പക്ഷതയോടെ ലേഖകൻ എഴുതിയ ഗവേഷണ പ്രബന്ധം ബഹുഭാര്യാത്വത്തെ സംബന്ധിച്ച ഇന്ത്യൻ മുസ്‌ലിം വ്യക്തി നിയമത്തിലെ നാനവശങ്ങളിലേക്ക് വെളിച്ചം വീശുന്നു.

**35**

**മാതാ അമൃതാനന്ദമയിയുമായി ഒരു കൂടിക്കാഴ്ച്ച**
ആബിദാ ജലീൽ

ഒരുപാട് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽപോയി അവരെ സന്ദർശിക്കുകയും അവർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുകയും ചെയ്ത ലേഖിക ആ അനുഭവം വിവരിക്കുന്നു.

**37**

**മൗലാനാ അബുൽകലാം ആസാദ് വാഗ്ദത്ത മസീഹിനെക്കുറിച്ച്**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**38**

**സ്വവർഗരതിയും സുപ്രീംകോടതി വിധിയും**
മുസാഫിർ

**43**

**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അവർ (ഭാര്യമാർ) നിങ്ങൾക്ക് ഒരു വസ്ത്രമാണ്. നിങ്ങൾ അവർക്കും ഒരു വസ്ത്രമാണ്. നിങ്ങൾ നിങ്ങളുടെ സ്വന്തം ശരീരത്തോട് അനീതി പുലർത്തുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ നേരെ കനിവു കാണിക്കുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു **(2:188)**



## നബിവചനം

നിങ്ങളിൽ വെച്ച് ഏറ്റവും ഉത്തമൻ ഭാര്യയോട് ഏറ്റവും നന്നായിപെരുമാറുന്നവനാണ്.(തിർമിദി) വിവാഹം നമ്മുടെ മാർഗമാണ്. ആർ അതിൽ നിന്നും വിട്ടു നിൽക്കുന്നുവോ അവൻ നമ്മിൽ പെട്ടവനല്ല. **(മുസ്‌ലിം)**

## വാഗ്ദത്ത മസീഹിന്റെ വചനം

ഇഹ്‌സ്വാൻ എന്ന പദം ഹുസ്ന്‍ എന്ന പദത്തിൽ നിന്ന് നിഷ്പന്നമായതാണ്. കോട്ടക്കാണ് ***ഹുസ്ന്‍*** എന്ന് പറയുന്നത്. വിവാഹം ചെയ്യുന്നതിലൂടെ മനുഷ്യൻ പവിത്രതയുടെ കോട്ടയിൽ പ്രവേശിക്കുകയും ദുർവൃത്തിയിൽ നിന്നും ദുർനോട്ടത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുന്നതിനാലാണ് അതിന് ***ഇഹ്‌സ്വാൻ*** എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. സന്താനങ്ങൾ ഉണ്ടാവുമ്പോൾ കുടുംബം രൂപപ്പെടുന്നു. ശരീരവും അസന്തുലിതാവസ്ഥയിൽ നിന്ന് രക്ഷപ്പെടുന്നു. ചുരുക്കത്തിൽ വിവാഹം എല്ലാ പ്രകാരത്തിലും കോട്ട എന്ന നിലയിൽ പ്രയോജനപ്പെടുന്നു. **(റൂഹാനി ഖസായിൻ)**



എഡിറ്റോറിയൽ

# ദാമ്പത്യത്തിന്റെ ആത്മീയത

മനുഷ്യനെ ദൈവം ഇണയായിട്ടാണ് സൃഷ്ടിച്ചതെന്ന് ഖുർആൻ പറയുന്നു:

***'ഒരേയൊരു ജീവനിൽ (നഫ്സിൻ വാഹിദ) നിന്ന് നിങ്ങളെ സൃഷ്ടിച്ചവനത്രെ അവൻ. അതിൽ നിന്ന് അവൻ അതിന്റെ ഇണയെ ഉണ്ടാക്കി. അവൻ അവളോടൊപ്പം ആശ്വാസം കൊള്ളുന്നതിന് വേണ്ടി.' (7:190)***

***'അവർ(ഭാര്യമാർ) നിങ്ങൾക്ക് ഒരു വസ്ത്രമാണ്. നിങ്ങൾ അവർക്കും ഒരു വസ്ത്രമാണ്. നിങ്ങൾ നിങ്ങളുടെ സ്വന്തം ശരീരത്തോട് അനീതി പുലർത്തുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ നേരെ കനിവുകാണിക്കുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു' (2:188)***

സന്യാസവും ബ്രഹ്മചര്യവും അവിവാഹിത ജീവിതവും ആത്മീയോന്നതിക്കുള്ള ഉപാധിയായി ഇസ്‌ലാം കാണുന്നില്ലെന്ന് മാത്രമല്ല. അത് മനുഷ്യന്റെ ആത്മീയ ജീവിതത്തിന് വിഘാതമാണെന്ന് കൂടി പറയുന്നു. ലോകമതങ്ങളിലെ ആത്മീയാചാര്യന്മാരെല്ലാം വിവാഹിതരും കുടുംബ ജീവിതം പുലർത്തിയവരുമാണ്. ഇബ്റാഹിം (അ), മൂസ (അ), ശ്രീകൃഷ്ണൻ(അ), ശ്രീരാമൻ(അ), ശ്രീബുദ്ധൻ(അ), ഈസാ(അ), സോറോസ്റ്റർ(അ) മുതലായവരെല്ലാം വിവാഹിതരായിരുന്നു. ഖുർആനിൽ അല്ലാഹു മുഹമ്മദ് നബി(സ)യോട് ഇപ്രകാരം പറയുന്നു:

***'നിനക്ക് മുമ്പ് നാം ദൂതന്മാരെ അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരെയും സന്തതികളേയും നാം നൽകുകയും ചെയ്തു.' (13:39)***

കുടുബ ജീവിതം നിരാകരിച്ച് മത ജീവിതത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനത്തിലൂന്നിയ സന്യാസ ജീവിതസമ്പ്രദായത്തെ ഒരു വലിയ പ്രസ്ഥാനമാക്കി മാറ്റിയത് ക്രിസ്തീയരാണ്. അവരുടെ മനുഷ്യസമൂഹത്തോടുള്ള കൃപയും അവരുടെ സേവന പ്രവർത്തനത്തിന് നിദാനമായ കാരുണ്യത്തെയും എടുത്ത് പറഞ്ഞുകൊണ്ട് അവരുടെ സന്യാസ ജീവിതത്തോടും അതിന്റെ തത്ത്വശാസ്ത്രത്തോടും ഖുർആൻ വിയോജിക്കുന്നത് കാണുക.

***'മറിയമിന്റെ പുത്രൻ ഈസായേയും നാം തുടർന്ന് അയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയത്തിൽ കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസ സമ്പ്രദായത്തെ അവർ നൂതനമായികെട്ടിച്ചമച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത്(സന്യാസം) അവർക്ക് ശുപാർശ ചെയ്തിട്ടില്ല. എന്നിട്ട് അവരതിനെ വേണ്ടവിധം പാലിച്ചതുമില്ല.' (57:28)***

ബ്രഹ്മചര്യം എന്നത് മനുഷ്യന്റെ ജൈവ പ്രകൃതിക്ക് വിരുദ്ധവും പാലിക്കാൻ കഴിയാത്തതും കൃത്രിമമായ ഒരു തീവ്രവാദ നിലപാടുമാണ്. ആധുനിക ലോകത്ത് നാം കേൾക്കുകയും കാണുകയും ചെയ്യുന്ന വാർത്തകൾ ഖുർആന്റെ ഈ പ്രസ്താവനയെ ശരിവെക്കുന്നു. ദൈവം മനുഷ്യന് ലൈംഗിക ശേഷി നൽകിയിരിക്കേ അത് തീരെ ഉപയോഗിക്കാൻ പാടില്ല എന്ന് പറയുന്നത് യുക്തി വിരുദ്ധമാണ്. മറിച്ച് മനുഷ്യന്റെ സമ്പൂർണ വളർച്ചക്കായി എല്ലാ കഴിവുകളും പ്രാവർത്തികമാക്കാനാണ് ദൈവകൽപ്പന പക്ഷെ വിവേചന ബോധത്തിന്റെ അടിസ്ഥാനത്തിൽ ഉചിതജ്ഞതയോടെ അഥവാ ധർമസംഹിതകൾക്കനുസൃതമായിട്ടായിരിക്കണം. അവയവം നൽകിയ ദൈവത്തിൽ നിന്ന് അത് തീരെ ഉപയോഗിക്കാൻ പാടില്ല എന്ന കല്പന ഒരിക്കലുമുണ്ടാകില്ല.

വിവാഹ ബന്ധത്തിലൂടെ പൊട്ടിവിരിയുന്ന നാനാവിധത്തിലുള്ള മനുഷ്യബന്ധങ്ങളും ആ മനുഷ്യബന്ധങ്ങളുടെ വിവിധങ്ങളായ മനുഷ്യവ്യവഹാരങ്ങളും അതിലൂടെ ലഭിക്കുന്ന ധാർമികവും ആത്മീയവുമായ അനുഭവജ്ഞാനങ്ങളും മനുഷ്യന്റെ ആത്മീയ ജീവിതത്തിന്റെ അമൂല്യമായ മുതൽക്കൂട്ടാണ്. അത് അവനെ അറിവിന്റെ കലവറയാക്കിമാറ്റുന്നു. മാത്രമല്ല മനുഷ്യന്റെ വംശവർധനവിനുള്ള സംസ്ക്കാരസമ്പന്നമായ ഒരു ജൈവികോപാധികൂടിയാണ് വിവാഹം. അത് കൊണ്ടാണ് മുഹമ്മദ് നബി(സ) പറഞ്ഞത്

***'വിവാഹം നമ്മുടെ മാർഗമാണ് . ആർ അതിൽ നിന്ന് വിട്ടു നിൽക്കുന്നുവോ അവൻ നമ്മിൽ പെട്ടവനല്ല.' (മുസ്‌ലിം)***



ഹദ്റത്ത് അഹ്മദ് (അ)

# ദൈവ ബോധനം

ഇൽഹാം(ദൈവബോധനം) എന്നത് കൊണ്ടു വിവക്ഷിക്കപ്പെടുന്നതെന്താണെന്ന് വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇൽഹാം എന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്ന ഒരുവന്റെ ഹൃദയത്തിൽ നവ്യമായ ആശയം ഉദിച്ചു വരിക എന്നതല്ല. ഒരു കവി കവന നിർമാണത്തിനുദ്യുക്തനായി ചിന്തനം ചെയ്ത് കൊണ്ടിരിക്കുമ്പോൾ നവമായ ഒരാശയമോ പദ്യമോ വൃത്തമോ ഹൃദയത്തിലുദിച്ച് വരുന്നതിന് ദൈവ ഭാഷണമെന്നോ ദൈവബോധനമെന്നോ പറയാറില്ല. ഈ ആശയോദയം ദൈവിക പ്രകൃതി നിയമമനുസരിച്ച് മനുഷ്യന്റെ ആലോചനാ ഫലമായുണ്ടാകുന്നതത്രെ. ഒരുവൻ സദ്വിഷയത്തിലോ ദുർവിഷയത്തിലോ മനസ്സിരുത്തി ചിന്തിച്ചുകൊണ്ടിരിക്കുന്നതായാൽ അവന്റെ ആലോചനക്കനുസൃതമായ ആശയം മനസ്സിൽ ഉണ്ടായിവരുന്നതാണ്. ദൃഷ്ടാന്തമായി സത്യസന്ധനും സദ്വൃത്തനുമായ ഒരാൾ സത്യത്തെയും ധർമത്തെയും സഹായിക്കുന്നതിനും ദുർവൃത്തനായ മറ്റൊരുവൻ അധർമത്തെ അനുകൂലിക്കുന്നതിനും സജ്ജനത്തെ നിന്ദിക്കുന്നതിനും വേണ്ടി കവിത രചിക്കാൻ ഉദ്യമിക്കുന്ന പക്ഷം രണ്ടു പേരും അവനവന്റെ വാഗ്വിലാസമനുസരിച്ച് ഓരോ കവിത രചിക്കുന്നതായിരിക്കും. അസത്യത്തെ അനുകൂലിക്കുകയും സഹായിക്കുകയും സജ്ജനത്തെ നിന്ദിക്കുകയും ചെയ്യുന്നതിന് തുനിയുന്ന കവി, കവന സൃഷ്ടിയിൽ അഭ്യാസ പാടവമുള്ളവനായ കാരണത്താൽ അവന്റെ കവിത മറ്റയാളുടേതിനേക്കാൾ മെച്ചമേറിയതായിതീരുന്നുവെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ഇപ്രകാരം നവ്യമായ ആശയം ഉള്ളിൽ ഉദിച്ചുവരുന്നതിന് ഇൽഹാം എന്ന് പറയാമെങ്കിൽ സത്യത്തിനെതിരായി അനവരതം തൂലിക ചലിപ്പിച്ചുകൊണ്ടിരിക്കുകയും കറ്റുകെട്ടും ഭോഷ്ക്കും തൊഴിലാക്കി തീർക്കുകയും ചെയ്യുന്ന സത്യത്തിന്റേയും സജ്ജനത്തിന്റെയും ശത്രുവായ ഒരു ദുഷ്കവിയെ 'മുൽഹം' എന്ന് പറയേണ്ടിവരും . ആഖ്യായാദി കാവ്യ ഗ്രന്ഥങ്ങളിൽ ചമൽക്കാര പൂർണവും ഹൃദയാവർജകവുമായ വർണനകൾ നാം കാണുന്നുണ്ടല്ലോ, ഇങ്ങനെ വിഷയങ്ങൾ മിഥ്യകളാണെങ്കിലും തദ്വിഷയകമായി ചിന്തിച്ചു കൊണ്ടിരിക്കുന്ന ഹൃദയങ്ങളിൽ നവ്യമായ ആശയങ്ങൾ അടിച്ചു കയറുന്നതായി കാണാം. ഈദൃശമായ ആശയോദയത്തിന് 'ഇൽഹാം'(ദൈവ ബോധനം) എന്നു പറയാവുന്നതാണോ ? ഇൽഹാം എന്നാൽ നവമായ ആശയം ഹൃദയത്തിൽ ഉണ്ടായിവരുന്നതിനുള്ള പേരാണെങ്കിൽ, ഒരു തസ്ക്കരനെ തന്നെയും 'മുൽഹം' (ദൈവപ്രബുദ്ധൻ) എന്ന് പറഞ്ഞുകൊള്ളാമല്ലോ. എന്തെന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്നതിന്റെ ഫലമായി അവന് ഭവനഭേദനം ചെയ്യാനുള്ള നല്ല സൂത്രങ്ങളും കൊള്ളയും കൊലയും നടത്തുന്നതിനുള്ള ഒന്നാം തരം ഉപായങ്ങളും തോന്നി തുടങ്ങുന്നു. ഇങ്ങനെയുള്ള അശുദ്ധവും അധാർമികവുമായ വിചാരാവേശത്തിന് ഇൽഹാം എന്ന് ഒരിക്കലും പേർ പറയാവുന്നതല്ല. സ്വവചനം മുഖേന ഹൃദയങ്ങൾക്ക് ശാന്തി പ്രദാനം ചെയ്യുകയും അപരിചിതർക്ക് ആത്മീയജ്ഞാനം പകർന്നു കൊടുക്കുകയും ചെയ്യുന്നവരും അതേയവസരത്തിൽ സത്യദൈവത്തെ അറിയാത്തവരുമാണ് ദൈവബോധനത്തെക്കുറിച്ചുള്ള ഈ തെറ്റിദ്ധാരണക്ക് വശഗരായിരിക്കുന്നത്. എന്നാൽ പിന്നെ ഇൽഹാം എന്നു വെച്ചാൽ എന്താണ്? അത് സജീവനും സർവോത്തമ ശക്തിമാനുമായ ദൈവം തന്റെ വൃതദാസനോടോ താൻ തിരഞ്ഞെടുക്കാനിച്ഛിക്കുന്ന സത്യഭക്തനോടോ തന്റെ സചേതനവും സപ്രഭാവവുമായ വചനാമൃതം മുഖാന്തരം സംസാരിക്കുകയെന്നതാകുന്നു. ഈ ദിവ്യ ഭാഷണം തൃപ്തികരമായും ക്രമാനുഗതമായും തുടർന്നുപോകുകയും ഹീനാശയ മിശ്രമോ അപൂർണമോ അവ്യക്തമോ ആയിരിക്കാതെ പ്രസാദമധുരവും ചമൽക്കാര പൂർണവും ജ്ഞാനഗർഭവും ആശയ പുഷ്ടവും സജീവവുമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതാണ് ദൈവം തന്റെ ഭക്ത ദാസനെ സമാശ്വസിപ്പിക്കുകയും തന്റെ ദിവ്യസ്വരൂപം അവന് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്ന വിശുദ്ധവചനം

*.(ഇസ്‌ലാംമത തത്ത്വജ്ഞാനം)*



# പരിവർത്തനത്തിന് വിധേയരാവുക

**(22-11-2013 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം)**

**ഹ**ദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥങ്ങളിലും ലിഖിതങ്ങളിലും നിർദേശങ്ങളിലും തന്റെ നിയോഗോദ്ദേശ്യത്തെ സംബന്ധിച്ച് നമ്മോട് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് വാദിക്കുന്ന നാം ഈ ഉദ്ദേശ്യങ്ങളെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അപ്പോൾ മാത്രമേ നാം ആ മഹാത്മാവിന്റെ ജമാഅത്തിൽ അംഗങ്ങളായി എന്നതിന്റെ കടമ നിവർത്തിക്കപ്പെടുകയുള്ളൂ. പ്രസ്തുത ഉദ്ദേശ്യങ്ങളിൽ നിന്നുള്ള ചിലത് ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പാകെ പരാമർശിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: അല്ലാഹു എന്നെ ഈ കാലഘട്ടത്തിൽ വിശ്വാസത്തെ വീണ്ടും പുനർജീവിപ്പിക്കുന്നതിനു വേണ്ടിയാണ് നിയാഗിച്ചിട്ടുള്ളത്. ജനങ്ങൾ വിശ്വാസ ദൃഢതയിൽ അഭിവൃദ്ധി കൈവരിക്കുന്നതിനു വേണ്ടി. അല്ലാഹു ഉണ്ട്, അവൻ അർഥനകൾ കേൾക്കുന്നു, നന്മകൾക്ക് പ്രതിഫലം നൽകുന്നു, തിന്മകൾക്ക് ശിക്ഷയും നൽകുന്നു എന്ന ദൃഢ വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനായി.

ആ മഹാത്മാവ് അതിനെ കൂടുതൽ വിശദീകരിച്ചു കൊണ്ട് പറയുന്നു: വിശ്വാസം പരിപൂർണമാകാത്തതുവരെ മനുഷ്യന് പൂർണമായ നിലയിൽ സൽക്കർമങ്ങൾ അനുഷ്ഠിക്കാൻ സാധ്യമല്ല. ന്യൂനതയുള്ളതനുസരിച്ച് സൽക്കർമങ്ങളിലും കുറവുണ്ടാകുന്നു.

അതിനാൽ അല്ലാഹുവിൽ പരിപൂർണ വിശ്വാസവും ദൃഢജ്ഞാനവും ജനിപ്പിക്കുന്നതിനായിട്ടാണ് പ്രവാചകന്മാർ ആഗതരാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനത്തിന്റെ ഒരു സുപ്രധാന ഉദ്ദേശ്യം ന്യൂനതകൾ പരിഹരിക്കുകയും വിശ്വാസം പൂർണമാക്കുകയും ചെയ്യുക എന്നതാകുന്നു. ആ മഹാത്മാവിന്റെ ഏതാനും ഉദ്ധരണികളുടെ സംക്ഷിപ്തമാണ് ഞാൻ കേൾപ്പിച്ചത്. ഈ ന്യൂനതകൾ എങ്ങനെയാണ് ദൂരീകരിക്കപ്പെടുക, വിശ്വാസം എങ്ങനെയാണ് പരിപൂർണമാകുക എന്നതിനെ സംബന്ധിച്ച് ആ മഹാത്മാവ് വളരെ സ്പഷ്ടമായ നിലയിൽ പറഞ്ഞിട്ടുണ്ട്. എന്റെ ബയ്അത്തിൽ വന്നാൽ മാത്രമേ അത് സാധ്യമാകു എന്ന് അദ്ദേഹം തുറന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇതിനായി കഠിനമായി പരിശ്രമിക്കേണ്ടതുണ്ട്. *വല്ല*

*ദീന ജാഹദൂഫീനാ ലനഹ്ദിയന്നഹും സുബുലനാ* (വിശുദ്ധ ഖുർആൻ-29.70) എന്നതിൽ ഇതേ അടിസ്ഥാന തത്ത്വമാണ് അല്ലാഹു വിവരിച്ചിരിക്കുന്നത്. അതായത് നമ്മിലായിക്കൊണ്ട് പരിശ്രമിക്കുന്നവർക്ക് നാം മാർഗങ്ങൾ തുറന്നു കൊടുക്കുന്നു. ഇത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പരിഭാഷയാണ്. അതിനാൽ വിശ്വാസത്തിൽ പൂർണത പ്രാപിക്കുന്നതിനുള്ള അടിസ്ഥാനതത്ത്വമിതാണ്. കേവലം ബയ്അത്തിലൂടെ സമുദ്ധാരണം ഉണ്ടാകുന്നതല്ല. അതോടൊപ്പം തന്റെ അവസ്ഥയിൽ പരിവർത്തനം ഉണ്ടാക്കുന്നതിനായി അല്ലാഹുവിലായിക്കൊണ്ടുള്ള ഈ ആത്മാർഥ പരിശ്രമം ഉണ്ടാകുന്നില്ലായെങ്കിൽ, തന്റെ ഹൃദയത്തിൽ പരിവർത്തനം ഉണ്ടാക്കുകയും പിന്നീട് പ്രാവർത്തികമാക്കുകയും കഠിനപ്രയത്നം ചെയ്യുന്നതിനുള്ള ശ്രമവും ഉണ്ടാകുന്നില്ലായെങ്കിൽ അതു കൊണ്ട് യാതൊരു ഗുണവുമില്ല.

മറ്റൊരിടത്ത് ആ മഹാത്മാവ് പറയുന്നു, ലോകത്ത് എല്ലാത്തിന്റെയും ഉയർച്ച ഘട്ടംഘട്ടമായിട്ടാണ് ഉണ്ടാകുന്നത്. ആത്മീയ വളർച്ചയും അപ്രകാരം തന്നെയാണ്. കഠിനപ്രയത്നമില്ലാതെ ഒന്നും സാധ്യമാകുന്നതല്ല. ആ കഠിന പ്രയത്നം അല്ലാഹുവിലായിക്കൊണ്ടുള്ളതായിരിക്കണം. അതായത് ആത്മാർഥതയോടു കൂടി അവനെ അന്വേഷിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യണം. യോഗികളെ പോലെ വിശുദ്ധ ഖുർആന് വിരുദ്ധവും ഫലശൂന്യങ്ങളായ അഭ്യാസങ്ങളും കഠിന പ്രയത്നങ്ങളും സ്വയം മെനഞ്ഞെടുക്കുകയല്ല വേണ്ടത്. എപ്രകാരമാണ് മനുഷ്യന് അല്ലാഹുവിലേക്ക് എത്തിപ്പെടാൻസാധിക്കുക എന്ന് കാണിച്ചു കൊടുക്കുന്നതിനായിട്ടാണ് അല്ലാഹു എന്നെ അയച്ചിട്ടുള്ളത്.

ആ മഹാത്മാവ് നമുക്കെന്താണ് കാണിച്ചു തന്നത്? നമ്മിൽ നിന്ന് എന്താണ് പ്രതീക്ഷിച്ചത്? ആ മഹാത്മാവിന്റെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ആരാധനയിലും ഉന്നതധാർമിക ഗുണത്തിലും സ്ഥാപിച്ച മാതൃകകളെ സ്ഥാപിക്കുകയും ആ മാതൃകകളിലൂടെ മുന്നോട്ട്ഗമിക്കുന്നതിനുള്ള നിർദേശം നൽകുകയുമുണ്ടായി. ആ ഒരു മാതൃകയെ സ്ഥാപിക്കുന്നതിനായിട്ടാണ് സഹാബാക്കൾ (റ) കഠിനമായി പരിശ്രമിക്കുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയവർ എന്ന് പറയപ്പെടുകയും ചെയ്തത്. തൽഫലമായി ഒരു ലോകത്തെ തന്നെ പിന്നിലാക്കിയതരത്തിൽ അല്ലാഹുവിന്റെ കാരുണ്യങ്ങൾക്ക് അവകാശി കളായി.

അദ്ദേഹത്തിൽ വിശ്വസിക്കുന്നവർ എത്തരത്തിലുള്ളവരായി ത്തീരേണ്ടതുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു, ബയ്അത്തിന്റെ സമയത്ത് തത്തയെ പോലെ ഏതാനും വാക്കുകൾ ഉരുവിടുക എന്നതല്ല ഞാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ആത്മപരിശുദ്ധിയുടെ ജ്ഞാനം കരസ്ഥമാക്കുക; അതാണാവശ്യം. നിങ്ങളിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടാക്കുക എന്നതാണ് നമ്മുടെ ജോലിയും, നമ്മുടെ ഉദ്ദേശ്യവും. തങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കികൊണ്ട് തികച്ചും ഒരു പുതിയ മനുഷ്യനായി മാറുക. അതിനാൽ നിങ്ങളിൽ നിന്നോരോരുത്തരും ഈ രഹസ്യങ്ങൾ മനസ്സിലാക്കേണ്ടത് അനിവാര്യമാകുന്നു. ഞാൻ മറ്റൊരാളാണ് എന്ന് പറയാൻ സാധ്യമാകുന്ന മാറ്റം ഉണ്ടാക്കിയെടുക്കുക.

അതിനാൽ നാം നമ്മുടെ വ്യക്തിത്വത്തിൽ പരിവർത്തനം ഉണ്ടാക്കുന്നതിനായി ശ്രമിച്ചുകൊണ്ട് സ്വയം തന്നെ മറ്റൊരു വ്യക്തിത്വമാക്കി മാറ്റുന്നില്ലായെങ്കിൽ, സ്വയം തന്നെ ലോകത്ത് നിന്ന് വ്യത്യസ്തമായ ഒന്നാക്കിമാറ്റുന്നില്ലായെങ്കിൽ അദ്ദേഹത്തിന്റെ നിർദേശമനുസരിച്ച് നമ്മുടെ ബയ്അത്ത് നിഷ്ഫലമാകുന്നു.

മറ്റൊരു സ്ഥലത്ത് ആഗമനോദ്ദേശ്യത്തെ പരാമർശിച്ച് കൊണ്ട് പറയുന്നു, ഒരു സന്ദേശം മുഴുവൻ ദൈവ സൃഷ്ടികളിലേക്കും എത്തിക്കുന്നതിനായിട്ടാണ് വിനീതൻ അയക്കപ്പെട്ടിരിക്കുന്നത്. അതായത് ഇപ്പോൾ നിലവിലുള്ള എല്ലാ മതങ്ങളിലും സത്യത്തിലധിഷ്ഠിതവും, അല്ലാഹുവിന്റെ തൃപ്തിക്കനുഗുണവുമായത് വിശുദ്ധ ഖുർആൻ കൊണ്ടുവന്ന മതമാകുന്നു. മോക്ഷഗൃഹത്തിൽ പ്രവേശിക്കുന്നതിനായിട്ടുള്ള കവാടം *"ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹ്"* ആകുന്നു.

വീണ്ടും ആ മഹാത്മാവ് പറയുന്നു, നബി തിരുമേനി (സ) യുടെ തേജസ്സ് വെളിപ്പെടുത്തുകയും ശ്രേഷ്ഠത സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും. നമ്മെക്കുറിച്ചുള്ള പരാമർശം ഭാഗികമായിരിക്കണം. നമ്മെ പ്രശംസിക്കുന്നുവെങ്കിൽ അത് നബിതിരുമേനി (സ)യുടെ പ്രശംസയുടെ തണലിലായിരിക്കണം.

ഈ ഉദ്ദേശ്യത്തെ പൂർത്തീകരിക്കുന്നതിനായിട്ടാണ് നാം ബയ്അത്ത് ചെയ്തിരിക്കുന്നത്. അത് പൂർത്തിയാക്കുന്നതിനായി നമുക്ക് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ സ്വായത്തമാക്കേണ്ടതുണ്ട്. അത് പ്രാവർത്തികമാക്കുകയും ആ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. കാരണം ലോകത്തിന്റെ മോക്ഷം *"ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹ്"* യിലാകുന്നു. അതിനാൽ, ഈ *"ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹ്"* യുടെ പതാകക്ക് കീഴിൽ വന്നുകൊണ്ട് നിങ്ങളും മോക്ഷം കരസ്ഥമാക്കുക എന്ന് ലോകത്തോട് പറയുക.

മറ്റൊരിടത്ത് ആ മഹാത്മാവ് തന്റെ ആഗമനോദ്ദേശ്യത്തെ വിവരിച്ചു കൊണ്ട് പറയുന്നു, ഇസ്ലാമിനെ എല്ലാ മതങ്ങൾക്കുമേലും വിജയിപ്പിക്കുന്നതിനായി അല്ലാഹു ഇപ്പോൾ ആഗ്രഹിക്കുന്നു. അവൻ എന്നെ ഈ ലക്ഷ്യത്തിനാ

യിട്ടാണ് അയച്ചത്. മുൻപ് ദൈവ നിയോഗിതർ അയക്കപ്പെട്ടതു പോലെ തന്നെയാണ് എന്നെയും അയച്ചിട്ടുള്ളത്.

പിന്നീട് തന്റെ ലക്ഷ്യത്തെ സംബന്ധിച്ച് വിശദീകരണം നൽകിക്കൊണ്ട് അദ്ദേഹം ഒരു സ്ഥലത്ത് പറയുന്നു, ഇസ്‌ലാമിനെ തെളിവുകൾ കൊണ്ടും തേജസ്വിയായ പ്രമാണങ്ങൾ കൊണ്ടും എല്ലാ പ്രത്യയശാസ്ത്രങ്ങൾക്കും മേൽ വിജയിപ്പിക്കുന്നതിന് വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.

മറ്റൊരു സ്ഥലത്ത് തന്റെ ആഗമനോദ്ദേശ്യത്തെ സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു, ഞാൻ അല്ലാഹുവിൽ വിശ്വാസം സംജാതമാക്കുവാൻ ആഗ്രഹിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്നവർ പാപത്തിന്റെ വിഷത്തിൽ നിന്ന് രക്ഷപ്പെടുന്നതാണ്. അവരിൽ മരണം സംഭവിച്ചുകൊണ്ട് അവർക്ക് പുതിയൊരു ജീവിതം ലഭിക്കുന്നതാണ്. തിന്മകളിൽ നിന്ന് ആനന്ദം ലഭിക്കുന്നതിനു പകരമായി അതിനോട് വെറുപ്പ് ഉടലെടുക്കുന്നു. ഈയൊരവസ്ഥ കൈവരിക്കുന്നവർക്ക് ഞാൻ അല്ലാഹുവിനെ തിരിച്ചറിഞ്ഞു എന്ന് പറയാൻ കഴിയുന്നതാണ്. ഈ കാലഘട്ടത്തിൽ സംജാതമായിരിക്കുന്ന അവസ്ഥയെ സംബന്ധിച്ച് അല്ലാഹുവിന് നന്നായറിയാം. ദൈവികജ്ഞാനം അപ്രത്യക്ഷമായിരിക്കുന്നു. ഈയൊരു ലക്ഷ്യത്തിലേക്ക് മനുഷ്യനെ എത്തിക്കുകയും ആ ഒരു പ്രകൃതം മനുഷ്യനിൽ ഉണ്ടാക്കുകയും ചെയ്യുന്ന ഒരു മതവും ശേഷിക്കുന്നില്ല. നാം ഒരു പ്രത്യേക മതത്തെ സംബന്ധിച്ച് പരിതപിക്കുന്നില്ല. ഈ വിപത്ത് സർവ സാധാരണമായിക്കഴിഞ്ഞിരിക്കുന്നു. ഈ വിപത്ത് ഭയാനകമായ നിലയിൽ വ്യാപിച്ചിരിക്കുന്നു. ഞാൻ സത്യമായും പറയുന്നു, അല്ലാഹുവിൽ വിശ്വസിക്കുന്നതു മൂലം മനുഷ്യൻ മലക്കുകളായിത്തീരുന്നു. മറിച്ച് മലക്കുകൾ സുജൂദ് ചെയ്യുന്നവരായിത്തീരുന്നു. അതായത് മലക്കുകൾ അവരെ സുജൂദ് ചെയ്യുന്നു. പ്രകാശമയമായി മാറുന്നു.

> വികസിത രാഷ്ട്രങ്ങളിൽ സമ്പത്തുണ്ട്. സർവ വിധത്തിലുള്ള പുരോഗതിയുമുണ്ട്. മറ്റ് ഭൗതിക മാധ്യമങ്ങളുമുണ്ട്. ഇത് അവിടത്തെ നിവാസികളെ ദൈവത്തിൽ നിന്ന് അകറ്റിയിരിക്കുന്നു. അവർ പറയുന്നു, ദൈവാന്വേഷണത്തിൽ പാഴാക്കാനുള്ള സമയം ഞങ്ങളുടെ പക്കലില്ല.

ഇത്തരത്തിലുള്ള കാലഘട്ടം ലോകത്ത് സംജാതമാകുമ്പോൾ അതായത്, ദൈവിക ജ്ഞാനം അപ്രത്യക്ഷമായിക്കഴിയുമ്പോൾ, നാശകരവും നീചവുമായ ദുഷ്കർമങ്ങൾ എല്ലായിടത്തും വ്യാപിച്ചു കഴിയുമ്പോൾ, ദൈവഭയം ഇല്ലാതാകുമ്പോൾ, ദൈവത്തിന്റെ അവകാശം ദാസർക്ക് നൽകുമ്പോൾ അല്ലാഹു ഒരു മനുഷ്യനെ തന്റെ ജ്ഞാനത്തിന്റെ പ്രകാശം നൽകിക്കൊണ്ട് നിയോഗിക്കുന്നു. അദ്ദേഹത്തിന് മേൽ ശാപങ്ങളും ആക്ഷേപങ്ങളും ചൊരിയപ്പെടുന്നു. സർവ വിധേനയും അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയും വിഷമിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അവസാനം ദൈവനിയോഗിതർ വിജയിക്കുന്നു. ലോകത്ത് സത്യപ്രകാശം വ്യാപിപ്പിക്കുന്നു. അപ്രകാരം അല്ലാഹു എന്നെ ഈ കാലഘട്ടത്തിൽ നിയോഗിച്ചിരിക്കുന്നു. തന്റെ ജ്ഞാനത്തിന്റെ പ്രകാശം എനിക്ക് നൽകി അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു.

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു, ധാർമിക കഴിവുകൾക്ക് ശിക്ഷണം നൽകാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു.

ഒരു സന്ദർഭത്തിൽ അദ്ദേഹത്തോട് ചോദിച്ചു, താങ്കളുടെ വാദത്തിന്റെയും നിയോഗത്തിന്റെയും പരിണിതഫലം എന്തായിരിക്കും? അതായത് ഇതിൽ നിന്ന് താങ്കൾക്ക് എന്താണ് ലഭിക്കുക? അദ്ദേഹം പറഞ്ഞു, ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധം കുറഞ്ഞിരിക്കുന്നു. ഭൗതികതയോടുള്ള ആസക്തി അതിക്രമിച്ചിരിക്കുന്നു. പരിശുദ്ധി കുറഞ്ഞിരിക്കുന്നു. ദൈവവും ദാസനും തമ്മിലുള്ള ബന്ധത്തെ അല്ലാഹു വീണ്ടും സുദൃഢമാക്കുന്നതും അപ്രത്യക്ഷമായ പരിശുദ്ധിയെ വീണ്ടും കൊണ്ടുവരുന്നതുമാണ്. ഭൗതികതയോടുള്ള ആസക്തി തണുത്തു പോകുന്നതാണ്. ഇത് ഞാൻ മുഖേനയാണ് സംഭവിക്കുക. ഇത് വളരെ മഹത്തായൊരു പ്രഖ്യാപനമാകുന്നു.

ഇന്നത്തെ ഈ ഭൗതിക ലോകത്ത് ഭൗതികരായവർ ഭൗതികതയിൽ മുങ്ങിക്കൊണ്ട് തങ്ങളുടെ സ്രഷ്ടാവായ ദൈവത്തെ വിസ്മരിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽ മാത്രമാണ് ദൈവത്തെയും മതത്തെയും കുറിച്ചുള്ള വിശ്വാസമുള്ളത്. അവർക്ക് ദൈവാസ്തികൃത്തെ സംബന്ധിച്ചുള്ള യാതൊരു അറിവുമില്ല, വിശ്വാസവുമില്ല. മതത്തെ സംബന്ധിച്ചുള്ള അറിവുമില്ല. ഭൗതികതയും അതിന്റെ അന്തസും ആഢംബരവുമാണ് അവരുടെ ലക്ഷ്യം. കേവലം പേരിന് വേണ്ടി മാത്രം ഏതെങ്കിലും മതത്തിന്റെ അനുയായികളാണ്. അങ്ങനെയുള്ള അവസ്ഥയിൽ നിശ്ചയമായും ഇതൊരു ബൃഹത്തായ വാദം തന്നെയാണ്. എന്നാൽ അദ്ദേഹത്തിന് അല്ലാഹുവിന്റെ അസ്തിത്വത്തിലും തന്റെ ലക്ഷ്യപ്രാപ്തിയിലുമുള്ള ദൃഢവിശ്വാസം ഞാൻ വായിച്ച അദ്ദേഹത്തിന്റെ വാക്കുകളിലൂടെ പ്രകടമാണ്.

എന്നാൽ അദ്ദേഹത്തിന്റെ എല്ലാ വാക്കുകളും വാദങ്ങളും ഈ നിയോഗോദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും നമ്മെ ചില വസ്തുതകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അതെല്ലാം വായിച്ച് മനസ്സിലാക്കിയാണ് നാം ജമാഅത്തിലേക്ക് പ്രവേശിക്കുന്നത്, അല്ലെങ്കിൽ നമ്മുടെ പൂർവികർ അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിച്ചത്. നാം അവരുടെ ആ നന്മയുടെ ഫലമാണ് അനുഭവിക്കുന്നത്. ഇത് നമ്മോട് ചിലത് ആവശ്യപ്പെടുന്നു.

ഈ ലക്ഷ്യങ്ങൾ നമ്മോട് ചിലത് ആവശ്യപ്പെടുന്നുണ്ട്. ആ ലക്ഷ്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുക എന്നതാണത്. നമുക്ക് അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടതുണ്ട്. നാമും ഇതിന്റെ ഫലപ്രാപ്തിക്കായി ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏതെല്ലാം കാര്യങ്ങൾ സംജാതമാക്കുന്നതിനായിട്ടാണോ നിയോഗിതനായിരിക്കുന്നത് അതെല്ലാം തന്നെ കരസ്ഥമാക്കാൻ നാമും ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലക്ഷ്യത്തെ സാർഥമാക്കുന്നതിൽ നാമും സഹായികളാകേണ്ടതാണ്.

വിളിയാളുടെ ശബ്ദം ശ്രവിക്കുകയും പിന്നീട് വിശ്വസിക്കുകയും ചെയ്തതിനാൽ നാമും **നഹ്നു അൻസാറുല്ലാഹ്** എന്ന് വിളംബരപ്പെടുത്തേണ്ടതാണ്. നമ്മുടെ അവസ്ഥയിൽ നാം മാറ്റം ഉണ്ടാക്കുന്നതാണ്. ഈ സന്ദേശം പ്രചരിപ്പിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമന ലക്ഷ്യത്തെ പൂർത്തിയാക്കുന്നതിനായി ശ്രമിക്കുന്നതാണ്. എപ്പോഴും ആത്മപരിശോധന നടത്തേണ്ടിവരുന്നതാണ്. ചിന്തിക്കേണ്ടിവരും, ആസൂത്രണങ്ങൾ ചെയ്യേണ്ടിവരും, അല്ലാഹുവിൽ നിന്ന് സഹായം തേടേണ്ടിവരും, വിജയങ്ങളിൽ നിന്ന് ഒഴിഞ്ഞു നിന്നുകൊണ്ട് മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കേണ്ടിവരും.

ആ മഹാത്മാവിൽ വിശ്വസിച്ചതിന് ശേഷം നാം അടങ്ങി ഇരിക്കുകയാണെങ്കിൽ ഒരു പരിശ്രമവും നടത്തുന്നില്ലായെങ്കിൽ അത് ബയ്അത്തിന്റെ കടമകൾ നിറവേറ്റാതിരിക്കലാകുന്നു. ഈ വാദത്തെ സ്വീകരിച്ചു കൊണ്ട്അടങ്ങിയിരിക്കുകയും ഉറങ്ങിക്കിടക്കുകയും ചെയ്യുകയാണെങ്കിൽ അത് നിങ്ങളെ അപരാധികളാക്കി മാറ്റുന്നു..

എന്നാൽ അതോടൊപ്പം നാം നമ്മുടെ മാധ്യമങ്ങളിലേക്ക് നോക്കുകയാണെങ്കിൽ, സ്വന്തം അവസ്ഥകളെ വിശകലനം ചെയ്യുകയാണെങ്കിൽ ഇതെല്ലാം തന്നെ സംഭവ്യമാണോ, നമുക്കെന്ത് ചെയ്യാൻ കഴിയും എന്ന് ചിന്തിക്കും. ഒരു ഭാഗത്ത് നമ്മുടെ പരിമിതമായ മാധ്യമങ്ങൾ, മറുഭാഗത്ത് മതത്തോട് യാതൊരു താൽപര്യവുമില്ലാത്ത ഭൗതികതയ്ക്കു പിന്നാലെ നെട്ടോട്ടമോടുന്ന ലോകത്തെ 80% ത്തിലധികം ജനങ്ങളും.

വികസിത രാഷ്ട്രങ്ങളിൽ സമ്പത്തുണ്ട്. സർവ വിധത്തിലുള്ള പുരോഗതിയുമുണ്ട്. മറ്റ് ഭൗതിക മാധ്യമങ്ങളുമുണ്ട്. ഇത് അവിടത്തെ നിവാസികളെ ദൈവത്തിൽ നിന്ന് അകറ്റിയിരിക്കുന്നു. അവർ പറയുന്നു, ദൈവാന്വേഷണത്തിൽ പാഴാക്കാനുള്ള സമയം ഞങ്ങളുടെ പക്കലില്ല.

ഇന്നത്തെ തപാലിൽ ജപ്പാനിൽ നിന്നുള്ള ഒരഹ്മദിയുടെ കത്തുണ്ടായിരുന്നു. അതിൽ വളരെ ദുഃഖം പ്രകടിപ്പിച്ചുകൊണ്ട് എഴുതുന്നു. വളരെ ഉന്നത സ്വഭാവഗുണമുള്ള നല്ലബന്ധമുള്ള തന്റെ ജപ്പാനി സുഹൃത്തിനോട്, സൻമാർഗത്തിലേക്ക് വഴികാണിക്കപ്പെടുന്നതിനായി ദുആ ചെയ്യാൻ പറഞ്ഞപ്പോൾ അയാൾ പറഞ്ഞത്, നിങ്ങളുടെ ദൈവത്തെ അന്വേഷിച്ച് നടക്കാൻ എന്റെ പക്കൽ സമയമില്ല എന്നാണ്. നിങ്ങൾ ദൈവത്തോട് സൻമാർഗം ചോദിച്ചുകൊള്ളുക, എനിക്ക് വേറെ പണിയുണ്ട്. ഇതാണ് ലോകത്തിന്റെ അവസ്ഥ. സ്വയം തങ്ങളെ പുരോഗതി കൈവരിച്ചവർ എന്ന് വിശേഷിപ്പിക്കുന്ന സമുദായത്തിന്റെ അവസ്ഥയാണിത്. തങ്ങളുടെ പുരോഗതിയുടെയും വാദത്തിന്റെയും ബലത്തിൽ ദരിദ്ര സമുദായത്തെയും തങ്ങളുടെ വഴിയെ നടത്താൻ ഈ വൻശക്തികൾ, സമൂഹങ്ങൾ ശ്രമിക്കുന്നു.

ഈയൊരവസ്ഥയിൽ കേൾക്കുന്നതിലേക്ക് ശ്രദ്ധയില്ലാത്തപ്പോൾ, സമ്പത്തും ഭൗതീകതയും എല്ലാ നിലയിലും കൈവശപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, നമ്മുടെ മാധ്യമങ്ങൾ ഞാൻ പറഞ്ഞതു പോലെ പരിമിതമാകുമ്പോൾ എങ്ങനെയാണ് നമുക്ക് ദജ്ജാലിനെയും ഭൗതികതയെയും നേരിടാൻ സാധിക്കുക. ലോകത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും അല്ലാഹുവിന്റെ അസ്തിത്വത്തെ പരിചയപ്പെടുത്തി ക്കൊടുക്കുകയും നബി (സ) യുടെ ശ്രേഷ്ഠത സ്ഥാപിക്കുകയും ചെയ്യുക എന്നത് പ്രത്യക്ഷത്തിൽ അസാധ്യമായി തോന്നുന്നു.

എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ ലാഘവത്തോടെ പറയുന്നു, ഇതെല്ലാം തന്നെ നിറവേറ്റുന്നതിനായിട്ടാണ് എന്നെ അയച്ചിരിക്കുന്നത്. അത് സംഭവിക്കുക തന്നെ ചെയ്യുന്നതാണ്. *ഇൻശാ അല്ലാഹ്.*

അതിനാൽ നാമും ആ മഹാത്മാവിന്റെ ഈ പ്രഖ്യാപനത്താൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ ചേർന്നുകൊണ്ട് ഇങ്ങനെ വിളംബരപ്പെടുത്തുന്നു. വിളംബരപ്പെടുത്തിയാലും ഇല്ലെങ്കിലും, നാം ചെയ്ത ബൈഅത്ത് നമ്മെക്കൊണ്ട് ഇങ്ങനെ വിളംബരം ചെയ്യിക്കുന്നു, *നഹ്നു അൻസാറുല്ലാഹ്*. ഞങ്ങൾ അല്ലാഹുവിന്റെ ദീനിന്റെ സഹായികളാണ്. സഹായികളായി നിലകൊള്ളുന്നതാണ്. *ഇൻശാ അല്ലാഹ്*. ലോകത്തിന്റെ നിഷേധത്തിൽ നിരാശരാകില്ല. കാരണം ഭൗതിക ദൃഷ്ടിയോടു കൂടിയല്ല ഞങ്ങൾ ഇതിനെ മുന്നോട്ട് ചലിപ്പിക്കുന്നത് മറിച്ച്, അല്ലാഹുവിന്റെ സഹായം ഞങ്ങളുടെ ഓരോ ചുവടിലും ഞങ്ങൾക്ക് സാന്ത്വനമേകുന്നു. അതായത് നിങ്ങൾ അല്ലാഹുവിലായിക്കൊണ്ട് പരിശ്രമിക്കുകയാണെങ്കിൽ പുതിയ മാർഗങ്ങൾ തുറന്നു കൊണ്ടിരിക്കുന്നതാണ്. അതിനാൽ നാം ഭൗതിക കണ്ണുകൾ കൊണ്ട് നോക്കിയാൽ മാധ്യമങ്ങളെ ആശ്രയിച്ചാൽ നമ്മുടെ വിജയം ഒരു ഭ്രാന്തന്റെ ജൽപനമായി തോന്നാം.

ഭൗതിക ശക്തികളേയും മാധ്യമങ്ങളേയും വീക്ഷിക്കുകയാണെങ്കിൽ, ഒരു രാഷ്ട്രത്തിലേക്ക് തന്നെ നോക്കുമ്പോൾ നാം അസ്വസ്ഥരായിത്തീരുന്നതാണ്. ഉദാഹരണമായി റഷ്യയെയോ ചൈന

യെയോ ഏതെങ്കിലും യൂറോപ്യൻ രാജ്യത്തെയോ, ഏതെങ്കിലും അമേരിക്കൻ രാജ്യത്തെയോ, ദ്വീപ് സമൂഹങ്ങളെയോ, അതല്ലെങ്കിൽ ഏതെങ്കിലും ആഫ്രിക്കൻ രാജ്യത്തെയോ എടുക്കുക എല്ലായിടത്തും തന്നെ നമ്മുടെ മുന്നോട്ടുള്ള ഗമനത്തെ ഭീതിപ്പെടുത്തുന്ന ധാരാളം തടസ്സങ്ങൾ കാണാവുന്നതാണ്. രാഷ്ട്രങ്ങളുടെ അവസ്ഥയും ഭൗതിക സുഖാഢംബരങ്ങളും മുൻപും നമുക്കനുകൂലമായിരുന്നില്ല. ഇന്നും നമുക്കനുകൂലമല്ല. എന്നാൽ ഇത് അല്ലാഹുവിന്റെ ജോലിയാണ്. അത് നടക്കുന്നതാണ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടന്നുകൊണ്ടിരിക്കുന്നതുമാണ്.

ഉദാഹരണമായി ഒരുകാലത്ത് റഷ്യയിലും അതിനോടു ചേർന്നുള്ള എല്ലാ സംസ്ഥാനങ്ങളിലും കമ്മ്യൂണിസ്റ്റ് ഭരണത്താൽ തബ്ലീഗ് അസാധ്യമായിരുന്നു. ഇപ്പോൾ ഒരു ഭാഗം സ്വാതന്ത്ര്യം കരസ്ഥമാക്കിക്കൊണ്ട് മതത്തിൽ നിന്ന് ദൂരപ്പെട്ടിരിക്കുകയാണ്. ഭൗതികത അതിനെ അന്ധനാക്കിയിരിക്കുന്നു. മറുഭാഗത്ത് ഏഷ്യയിലെ മുസ്‌ലിം ഭരണകൂടങ്ങളിൽ മുഫ്തികളും സ്വാർഥരായ മതനേതാക്കന്മാരും ഭരണകൂടത്തെ ഭയപ്പെടുത്തിയതു കാരണത്താൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ ഓരോ ചുവടിലും തടസ്സങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ജമാഅത്തിന് മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. അവിടെയുള്ള അഹ്മദികളെ ഭീഷണിപ്പെടുത്തുകയും ഭയപ്പെടുത്തുകയും തടവിലാക്കുകയും ചെയ്യുന്നു. പാശ്ചാത്യ രാജ്യങ്ങളെ നോക്കുകയാണെങ്കിൽ അവ ഭൗതികതയിൽ അങ്ങേയറ്റത്താണ്. അശ്ലീലതക്കും നീചകർമങ്ങൾക്കും നിയമപരിരക്ഷ നൽകുന്നു. ഒരു സമുദായം തന്നെ അല്ലാഹുവിനാൽ നശിപ്പിക്കപ്പെടാൻ കാരണമായ ദുഷ്കർമത്തിന് ഇവർ സഹതാപത്തിന്റെ പേരിൽ നിയമപരിരക്ഷ നൽകികൊണ്ടിരിക്കുകയാണ്.

ചൈനയിൽ മതത്തോട് യാതൊരു താൽപര്യവും ഇല്ല. ഭൗതികതയിൽ മുന്നോട്ട് കുതിക്കുന്നതിനുള്ള നെട്ടോട്ടമാണ്. ജീവിത നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ വൻശക്തിയായിക്കൊണ്ടിരിക്കുകയാണ്. ജപ്പാനാണെങ്കിലും അത് വികസിത രാജ്യമാണ്. സാങ്കേതിക വിദ്യയിൽ അഭൂതപൂർവമായ പുരോഗതി കൈവരിച്ചിരിക്കുന്ന രാജ്യമാണ്. ഭൂരിഭാഗവും ഭൗതികത കരസ്ഥമാക്കുന്നതിന് പിന്നിൽ കൂടിയിരിക്കുകയാണ്. എന്നാൽ മതത്തിൽ നിന്ന് അകന്നിരിക്കുകയാണ്. ദൈവത്തിനായി *നഊദുബില്ലാഹ്* ഞങ്ങളുടെ പക്കൽ സമയമില്ല എന്ന് പറഞ്ഞ ഒരു ഉദാഹരണം ഞാൻ കേൾപ്പിച്ചിരുന്നു. ഭൂരിഭാഗവും അങ്ങനെ പറയുന്നവരാണ്. എന്ത് ദൈവം? എങ്ങനെയുള്ള ദൈവം? അധികമാളുകളുടേയും നിലപാടാണിത്.

ഭൗതിക നിലവാരത്തിൽ ഇവർ മുൻപന്തിയിലായിരിക്കാം. എന്നാൽ ഭൗതികത മതത്തിൽ നിന്നകറ്റിയിരിക്കുകയാണ്. പ്രത്യക്ഷത്തിൽ പറയുന്നതിനായി ജപ്പാനിൽ എല്ലാം ഉണ്ട്. അവരുടെ പാരമ്പര്യ മതം ഷിന്റോയിസമാണ്. യഥാർഥത്തിൽ ഷിന്റോയിസത്തിന്റെയും ക്രിസ്തുമതത്തിന്റെയും ബുദ്ധമതത്തിന്റെയും ഒരു വിചിത്രമായ സംഗമമായി മാറിയിരിക്കുകയാണ് ഇവർ. പ്രത്യക്ഷത്തിലുള്ള ആചാരങ്ങളുടെ അടിസ്ഥാനത്തിൽ ജനനത്തെയും ജീവിതത്തെയും മരണാന്തര അവസ്ഥയെയും സംബന്ധിച്ച് വ്യത്യസ്ത നിലപാടുകളാണ് ഇവർസമർപ്പിക്കുന്നത്.

ഏതായാലും മതവുമായി അവർക്ക് യാതൊരു ബന്ധവുമില്ല. പാശ്ചാത്യരിൽ അധികം പേരും ഞാൻ പറഞ്ഞതു പോലെ ദൈവത്തെ വിസ്മരിച്ചു കഴിഞ്ഞു. ദൈവത്തെ വിസ്മരിക്കുക മാത്രമല്ല മറിച്ച്, ദൈവത്തെ അധിക്ഷേപിക്കുകയും ചെയ്യുന്നു. മതത്തെ ഒരു ഭാരമായി കണക്കാക്കുന്നു. പള്ളികളിൽ പോകുന്നവരാരും ഇല്ല. ക്രിസ്തുമതം പറയുന്നത് ഞങ്ങൾ പരിശ്രമിക്കുന്നുവെന്നാണ്. എന്നാൽ പള്ളികൾ വിജനമായിക്കൊണ്ടിരിക്കുന്നു.

ഇതാണ് ഭൗതിക ലോകത്തിന്റെ അവസ്ഥ. ഞാൻ പറഞ്ഞതു പോലെ നമ്മുടെ മാധ്യമങ്ങൾ ഭൗതിക കാഴ്ച്ചപ്പാടിൽ ഇല്ലാത്തതിനു തുല്യമാണ്. ഭൗതികരുടെ മുന്നിൽ നമ്മുടെ മാധ്യമങ്ങൾക്ക് കടുക് മണിയോളം സ്ഥാനമില്ല. ഇതെല്ലാം ചിന്തയെ ഉണർത്തുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലക്ഷ്യത്തെ എങ്ങനെ മുന്നോട്ട് നയിക്കും എന്ന ചിന്ത ഉദിക്കേണ്ടതുമാണ്. എന്നാൽ നബി തിരുമേനി (സ) യെ മുഴുലോകത്തിനുമായി അയച്ച അല്ലാഹു, ഈ കാലഘട്ടത്തിൽ നബി (സ) യുടെ സത്യദാസനെ അയച്ചിരിക്കുന്നു. ആ വ്യക്തി നമ്മോട് പറഞ്ഞത്, എന്നിലായിക്കൊണ്ട് എന്റെ മാർഗത്തെ അന്വേഷിക്കുക എന്നാണ്. അല്ലാഹുവിലായിക്കൊണ്ട് അവന്റെ മാർഗങ്ങൾ അന്വേഷിക്കുന്നത് എങ്ങനെയാണ്? ഖുർആൻ പറയുന്നു, അല്ലയോ വിശ്വാസികളെ സഹനവും ദുആയും കൊണ്ട് അല്ലാഹുവിന്റെ സഹായം തേടുക. അല്ലാഹു നിശ്ചയമായും സഹനം കൈക്കൊള്ളുന്നവരോടൊപ്പമാകുന്നു. (വിശുദ്ധഖുർആൻ 2:154)

ഈ അല്ലാഹുവിൽ നിന്നാണ് സഹായം തേടേണ്ടത്. വലിയ തടസ്സങ്ങൾ ഉണ്ടായാലും അത് കാറ്റിൽ പറന്ന് പോകുന്നതാണ്. അല്ലാഹു സർവ ശക്തനാണ്. അല്ലാഹു തന്റെ പ്രതാപത്തോടു കൂടി എല്ലാ കഴിവുകളുടെയും ഉടമസ്ഥനാണ്. എല്ലാ അസാധ്യമായ കാര്യങ്ങളെയും സാധ്യമാക്കിത്തീർക്കാനുള്ള കഴിവ് അവനുണ്ട്. അല്ലാഹു നബി തിരുമേനി (സ) യെ ഖിയാമത്ത് നാൾ വരെയും എല്ലാ കാലഘട്ടത്തിനും എല്ലാ സമുദായത്തിനും എല്ലാ മനുഷ്യർക്കും വേണ്ടി മോക്ഷദായകനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. ആ പുണ്യാത്മാവിൽ വിശുദ്ധ ഖുർആൻ ഇറക്കിക്കൊണ്ട് അവൻ മുഴുവൻ മനുഷ്യർക്കുമായി മത നിയമങ്ങൾ പരിപൂർണമാക്കി. അവൻ എല്ലാ കാലഘട്ടത്തിലേക്കുമുള്ള ഭൗതിക

ദീനി പ്രശ്നങ്ങളുടെ പരിഹാരം നൽകി. അവൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനായി അയക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു, നിങ്ങൾ പരിഭ്രമിക്കേണ്ട. തടസ്സങ്ങൾ മുന്നിൽ കാണുന്ന അവസ്ഥ സംജാതമാകുമ്പോൾ, നിങ്ങളുടെ ബുദ്ധി തീരുമാനം കല്പിക്കുന്നതിൽ പരാജയപ്പെടുന്ന അവസ്ഥ വരുമ്പോൾ നിങ്ങൾ സഹനവും ദുആയും മുഖേന അല്ലാഹുവിനോട് സഹായം അർഥിക്കുക. ആത്മാർഥരായിക്കൊണ്ട് അല്ലാഹുവിനോട് സഹായം അർഥിക്കുകയാണെങ്കിൽ പ്രത്യക്ഷത്തിൽ അസാധ്യമായതും എളുപ്പമായി മാറി ക്കൊണ്ടിരിക്കുന്നതാണ്. അവന്റെ ദീൻ തന്നെയാണ് വിജയിക്കുക എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. എങ്ങനെയുള്ള സഹനവും ദുഃആയുമാണ് വേണ്ടത്? അതിനായുള്ള അടിസ്ഥാനതത്ത്വം മുമ്പ് പരാമർശിച്ചു കഴിഞ്ഞു. അല്ലാഹുവിലായിക്കൊണ്ട് പരിശ്രമിക്കുക.

നിഘണ്ഡുവിൽ സ്വബറിന്റെ വ്യത്യസ്ത അർഥങ്ങളുണ്ട്. ഉദാഹരണമായി സഹനമെന്നാൽ സ്ഥിരതയോടും പരിശ്രമത്തോടും കൂടി തിന്മയിൽ നിന്ന് രക്ഷപ്പെടുക. നാനാഭാഗത്തുനിന്നും പൈശാചിക ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന, തിന്മകൾ എല്ലാ സമുദായത്തിലും വാതുറന്നു നിൽക്കുന്ന ഈ ഭൗതിക കാലഘട്ടത്തിൽ ഈ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിനായി പരിശ്രമിക്കുക എന്നതാണ് ഒരു വിശ്വാസിയുടെയും ഒരഹ്മദിയുടെയും വലിയ ഉത്തരവാദിത്വം. തന്റെ ശാരീരികേച്ഛയെ നിയന്ത്രണത്തിൽ ആക്കുക.

സ്വബറിന്റെ മറ്റൊരർഥം നന്മയിൽ ചുവടുറപ്പിക്കുക എന്നതാണ്. താൽകാലിക നന്മയാകരുത്. ഭൗതിക പ്രലോഭനവും തിന്മയുടെ പ്രേരണയും കാണുമ്പോൾ നന്മയെ മറക്കുന്നതാകരുത്. സൽക്കർമങ്ങളിലേക്ക് എപ്പോഴും ശ്രദ്ധയുണ്ടായിരിക്കണം. വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള സൽക്കർമങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കണം.

സ്വബറിന്റെ മറ്റൊരർഥം, തങ്ങളുടെ കാര്യങ്ങൾ എല്ലാ അവസ്ഥയിലും അല്ലാഹുവിനു മുന്നിൽ സമർപ്പിക്കുക. ഒരു കാര്യത്തിലും യാതൊരു കരച്ചിലും അലർച്ചയുമില്ല. എല്ലാ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും വിപത്തുകളിലും അല്ലാഹുവിന് മുന്നിൽ കാര്യങ്ങൾ അവതരിപ്പിക്കുക. സഹനം ഇത്തരത്തിലുള്ളതാകുമ്പോൾ അല്ലാഹുവിന്റെ സഹായവും കൂടെയുണ്ടാകുന്നു. ആത്മീയ നിലവാരം ഉന്നതി പ്രാപിക്കുന്നു. ഭൗതിക ലോകത്തെ കോടിക്കണക്കിന് രൂപയുടെ സമ്പത്തിന് മുന്നിൽ ഒരു വിശ്വാസിയുടെ ഒരു പൗണ്ട്, ഒരു ഡോളർ, ഒരു രൂപ ലോകത്തെ ആശ്ചര്യപ്പെടുത്തുന്ന കാര്യം സാധ്യമാക്കുന്നതാണ്.

പിന്നീട് സഹനത്തോടൊപ്പം തിന്മയിൽ നിന്ന് രക്ഷപ്പെടുകയും നന്മയിൽ ഉറച്ചു നിൽക്കുകയും അല്ലാഹുവിന്റെ മുന്നിൽ തന്റെ അവസ്ഥകൾ സമർപ്പിക്കുകയും ചെയ്യുന്നതോടൊപ്പം സ്വലാത്തും അനിവാര്യമാണെന്ന് അല്ലാഹു പറയുന്നു.

സ്വലാത്തിനും വിവിധ അർഥങ്ങളുണ്ട്. സ്വലാത്തിന്റെ ഒരർഥം നമസ്കാരമാണ്. അതായത് വിശ്വാസികൾ നമസ്കാരത്തിലൂടെ അല്ലാഹുവിന്റെ സഹായം തേടേണ്ടതാണ് എന്ന ഉപദേശമാണിവിടെ നൽകിയിരിക്കുന്നത്. നമസ്കാരത്തിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. സഹനത്തിന്റെ ഉത്തമ ഫലങ്ങൾ വെളിപ്പെടുന്നത് നമസ്കാരത്തിലേക്കും ശ്രദ്ധ ഉണ്ടാകുമ്പോഴാണ്.

അതിന്റെ മറ്റൊരർഥം അല്ലാഹുവിന്റെ കാരുണ്യത്തെ കരസ്ഥമാക്കുക എന്നുമാണ്. പാപമോചനത്തിനായി അർഥിക്കുക. ഇതെല്ലാം സ്വലാത്തിന്റെ അർഥങ്ങളാണ്. പ്രത്യക്ഷ നമസ്കാരങ്ങളിലേക്ക് മാത്രമല്ല മറിച്ച്, ദുആയിലേക്കും അതിന്റെ കടമകൾ നിറവേറ്റിക്കൊണ്ട് ശ്രദ്ധിക്കുക. അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതിനായി അവന്റെ സൃഷ്ടികൾക്ക് മേൽ കരുണ ചെയ്യുക, അവരുടെ കടമകളും നിറവേറ്റുക. അല്ലാഹുവിന്റെ സഹായം കരസ്ഥമാകുന്നതിനായി നബി (സ) യ്ക്ക് മേൽ സ്വലാത്ത് ചൊല്ലുക. ചുരുക്കത്തിൽ സഹനവും ദുഃആയും ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയും എല്ലാം എളുപ്പമായിത്തീർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും കവാടങ്ങൾ തുറക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹ്.

ചുരുക്കത്തിൽ തന്റെ പരിശ്രമത്തേയും ആരാധനയേയും ദുആയെയും സ്വഭാവത്തെയും അത്യുന്നതങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഒരു വിശ്വാസിയുടെ കടമ. നിങ്ങളെ കൊണ്ട് കഴിയുന്നത് ചെയ്യുക. പിന്നീട് കാര്യങ്ങൾ അല്ലാഹുവിന് വിട്ടേക്കുക. എന്നാൽ സഹനത്തിന്റെ കടമകൾ നിറവേറ്റുന്നില്ലായെങ്കിൽ സ്വലാത്തിന്റെ കടമകൾ നിറവേറ്റുന്നില്ലായെങ്കിൽ നിശ്ചയമായും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ഭാഗാഭാക്കാകുന്നതല്ല.

സഹനത്തിന്റെ ഒരർഥം തിന്മയിൽ നിന്ന് രക്ഷപ്പെടുക എന്നാണെന്ന് ഞാൻ പറഞ്ഞിരുന്നു. അതിനായി അനുതാപവും പാപമോചന അർഥനയും അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു, മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കുമ്പോഴാണ് യഥാർഥ പശ്ചാത്താപം ആകുന്നത്. ഒന്നാമത്തേത് മനസ്സിലെ കുഴപ്പങ്ങൾക്ക് ഹേതുവായിട്ടുള്ള, തിന്മയിലേക്ക് പ്രേരിപ്പിക്കുന്ന സകല ചിന്തകളെയും ഭാവനകളെയും ഹൃദയത്തിൽ നിന്ന് പുറം തള്ളുക. അതായത് ഹൃദയത്തിലുള്ള എല്ലാ തിന്മകളെയും മോശമായ ചിന്തകളെയും വെറുക്കുക. രണ്ടാമത്തേത് തിന്മയിൽ ലജ്ജയും സങ്കോചവും പ്രകടിപ്പിക്കുക. ലജ്ജ

യുണ്ടാകുകയും അത് പ്രകടിപ്പി ക്കുകയും ചെയ്യുന്നത് വരെ ഹൃദ യത്തിൽ അത് തിന്മയാണെന്ന് ആവർത്തിച്ചു കൊണ്ടിരിക്കുക. മൂന്നാമത്തേത്, ഈ തിന്മ വീണ്ടും ചെയ്യുന്നതല്ലെന്നുള്ള ദൃഢമായ തീരുമാനം എടുക്കുക. സഹന ത്തിലും ഈയൊരവസ്ഥ സംജാ തമാക്കപ്പെടുമ്പോഴാണ് യഥാർഥ സഹനം എന്ന് പറയപ്പെടുക.

നാം ഈയൊരവസ്ഥ കൈ വരിക്കുകയും സഹനത്തിന്റെയും ദുആയുടെയും നിലവാരം കര സ്ഥമാക്കാൻ ശ്രമിക്കുകയും ചെ യ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അസാധാരണമായ സഹായ അട യാളങ്ങൾ വെളിപ്പെടുന്നതാണ്. *ഇൻശാ അല്ലാഹ്.* അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് വാഗ്ദാനം ചെയ്ത അടയാളങ്ങൾ നാമും ദർശിക്കുന്നതാണ്. തിന്മയിൽ നിന്ന് രക്ഷനേടാൻ ശ്രമിക്കാതിരിക്കു കയും, നന്മയിൽ പദമൂന്നാൻ ശ്രമിക്കാതിരിക്കുകയും, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലക്ഷ്യ ത്തിന്റെ ആത്മാവിനെ മനസ്സി ലാക്കാതിരിക്കുകയും, നമ്മുടെ എല്ലാ കാര്യങ്ങളിലും അല്ലാഹുവി ലേക്ക് മടങ്ങാതിരിക്കുകയും, സൃഷ് ടികളുടെ കടമകൾ നിറവേറ്റാതിരി ക്കുകയും, നബി (സ) ക്ക് മേൽ സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധി ക്കാതിരിക്കുകയും - അതിന്റെ അനുഗ്രഹത്താലാണ് നാം ദൈ വസാമീപ്യം കരസ്ഥമാക്കുന്നത്- നമസ്കാരത്തിന്റെ കടമകൾ പൂർ ത്തിയാക്കാതിരിക്കുകയും ചെയ്തിട്ട് ലോകത്തെ നമുക്ക് ഇസ്ലാമിന്റെ പതാകക്ക് കീഴിൽ കൊണ്ടുവരേണ്ട താണെന്ന് പ്രതീക്ഷിച്ചാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നിയോ ഗോദ്ദേശ്യത്തെ കരസ്ഥമാക്കുന്ന താണെന്ന് കരുതിയാൽ, അതെ ങ്ങനെ സാധ്യമാകും? ലോകം ഇസ്ലാമിന്റെ പതാകക്ക് കീഴിൽ തീർച്ചയായും വരുന്നതാണ്. *ഇൻ ശാ അല്ലാഹ്.* എന്നാൽ നാം നമ്മുടെ കടമകൾ നിറവേറ്റുന്നില്ലായെങ്കിൽ, സ്വന്തം സഹനത്തേയും ദുആയെ യും ഔന്നിത്യങ്ങളിലേക്കെത്തിക്കു ന്നില്ലായെങ്കിൽ നാം ആ വിജയ ത്തിൽ പങ്കാളികളാകുന്നതല്ല. അതി നാൽ ആ കടമകൾ നിറവേറ്റുന്നതി നായി നാം ശ്രമിക്കേണ്ടതാണ്. ഒരി ക്കൽ നാം ലോകത്ത് വിജയി ക്കുന്ന താണെന്നാണ് നാം ലോകത്തോട് പറയുന്നത്.

കഴിഞ്ഞ സന്ദർശനവേളയിൽ ന്യൂസിലാന്റിലെ ഒരു ജേർണലിസ്റ്റ് എന്നോട് ചോദിച്ചു, നിങ്ങൾ കുറച്ചു പേരല്ലേയുള്ളൂ. ഇവിടെ പള്ളിയുടെ ആവശ്യമെന്താണ്? മുൻപേ തന്നെ ഒരു ഹാളുണ്ടല്ലോ. ഞാനയാളോട് പറഞ്ഞു, ഇന്ന് ഞങ്ങൾ കുറച്ചു പേരേയുള്ളൂ. എന്നാൽ വിശുദ്ധ ഖുർആനിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ച അധ്യാപനങ്ങളിലൂടെ ഒരു ദിവസം *ഇൻശാ അല്ലാഹ്* ഞങ്ങൾ ഭൂരിപക്ഷമായിത്തീരുന്നതാണ്. ഒന്നല്ല നിരവധി പള്ളികളുടെ ആവശ്യം ഞങ്ങൾക്കിവിടെ ഉണ്ടാ കുന്നതുമാണ്. അതിനായി ലോക ത്തെല്ലായിടത്തും പരിശ്രമവും സ്വന്തം അവസ്ഥയിലേക്കുള്ള ശ്രദ്ധ യും അനിവാര്യമാകുന്നു.

എന്നാൽ നമസ്കാരത്തിലേക്കും ആരാധനകളിലേക്കും അല്ലാഹു വുമായി ബന്ധം സ്ഥാപിക്കുന്നതി ലേക്കും ഉണ്ടാകേണ്ട ശ്രദ്ധ നമ്മിൽ ഇല്ല എന്ന വസ്തുത ഞാനിവിടെ വ്യസനത്തോടെ പറയുകയാണ്. ഉദാഹരണമായി ഒരു സ്ത്രീ കൂടി ക്കാഴ്ച്ചക്കിടയിൽ കരഞ്ഞു കൊണ്ട് എന്റെടുത്ത് വന്ന് പറഞ്ഞു, താങ്കൾ പറയുന്നു, പള്ളികൾ ഉണ്ടാക്കുക, പള്ളികൾ ജനനിബിഢമാക്കുക. പള്ളിയുടെ അലങ്കാരം വർദ്ധിപ്പി ക്കുക, നമസ്കാരത്തിന്റെ കടമനിറ വേറ്റുക. എന്നാൽ താങ്കൾ പോയി ക്കഴിഞ്ഞാൽ പള്ളികളിൽ വരുന്ന വരുടെ എണ്ണം കുറയുന്നു. നാം അതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ആസ്ത്രേലിയൻ പര്യടനത്തിന് ശേഷം അവിടുത്തെ ഒരാൾ എനിക്ക് കത്തെഴുതി. പള്ളിയിൽ വരുന്നവരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നു.

അതിനാൽ ആസ്ത്രേലിയയോ, യു.കെയോ ലോകത്തിലെമറ്റേ തൊരു രാഷ്ട്രവുമായി ക്കൊള്ളട്ടെ, അവർ ഓർത്തുകൊള്ളുക, അഥവാ വിപ്ലവം സംജാതമാക്കണമെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലക്ഷ്യം പൂർത്തിയാക്കുന്നതിനായി നമ്മിലുള്ള ഉത്തരവാദിത്വം പൂർ ത്തിയാക്കണമെങ്കിൽ, ബയ്അത്തി ന്റെ കടമകൾ പൂർത്തിയാക്കണ മെങ്കിൽ, പള്ളികളുടെ ഈ അല ങ്കാരത്തെ താൽകാലികമായിട്ടല്ല സ്ഥിരമായിട്ട് തന്നെ നിലനിർത്തേ ണ്ടിവരുന്നതാണ്. നമ്മുടെ എല്ലാ അവസ്ഥകളിലും ഒരു പരിശുദ്ധ മാറ്റം ഉണ്ടാക്കേണ്ടി വരും. നമ്മുടെ ആരാധനകളുടെ നിലവാരം ഉയർ ത്തേണ്ടി വരും.

സഹനത്തിന്റെയും ദുആയുടെ യും കടമകൾ നിറവേറ്റപ്പെടുമ്പോ ഴാണ്, നമ്മുടെ ആത്മാവിനെ പരി പൂർണമായും അല്ലാഹുവിന്റെ മാർഗ ത്തിൽ സമർപ്പിതമാക്കുമ്പോഴാണ്, തൗഹീദിൽ നിലയുറപ്പിക്കേണ്ട കടമ കൾ പൂർത്തിയാക്കുമ്പോഴാണ് അട യാളങ്ങൾ വെളിപ്പെടുന്നത്. അങ്ങ നെയുണ്ടാകുമ്പോൾ *ഇന്നല്ലാഹ മഅസ്സാബിരീൻ* എന്നതിന്റെ ദൃശ്യ വും നാം ദർശിക്കുന്നതാണ്. അല്ലാ ഹു സ്വയം സഹായത്തിനായി വരു ന്നതാണ്. അല്ലാഹു തന്റെ സർവ കഴിവുകളോടും തേജസോടും കൂടി നമ്മുടെ സഹായത്തിനായി വരുന്ന താണ്. ഭൗതിക രാഷ്ട്രങ്ങളെയും ഭൗതിക ശക്തികളുടെ ഹൃദയങ്ങ ളെയും അല്ലാഹു ഇതിലേക്ക് തിരി ക്കുന്നതാണ്. നമ്മുടെ പ്രവർത്ത നങ്ങളിൽ അനുഗ്രഹങ്ങൾ വർഷി ക്കപ്പെടുന്നതാണ്. ലോകം നബി തിരുമേനി (സ) യുടെ സ്ഥാനത്തെ തിരിച്ചറിഞ്ഞു കൊണ്ട് ആ പുണ്യാ ത്മാവിന്റെ പതാകക്ക് കീഴിൽ വരുന്നതാണ്. തൗഹീദ് സ്ഥാപി തമാകുന്നതാണ്. അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവർ ദൈവാരാധനയിലേക്ക് ശ്രദ്ധി ക്കുന്ന താണ്. നമ്മുടെ കടമകൾ നിറവേറ്റി ക്കൊണ്ട് അല്ലാഹു നമ്മെ ഈ ദൃശ്യം കാണുന്നവരാക്കി മാറ്റട്ടെ.

**(വിവ: ടി. എം. അബ്ദുൽ മുജീബ്, തമ്മനം)**

# സ്ത്രീയും ഇസ്‌ലാമും

സ്ത്രീകൾക്ക് ഇസ്‌ലാമിലുള്ള സ്ഥാനം അത്യുന്നതമാണ്. അവരുടെ പ്രകൃതിക്കനുയോജ്യമായ സമ്പൂർണ സുരക്ഷയും സ്വാതന്ത്ര്യവുമാണ് ഇസ്‌ലാം നൽകുന്നത്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് റാബിഅ്

സ്ത്രീകളോടുള്ള സമീപനത്തിൽ തുടക്കത്തിൽ തന്നെ ഇസ്‌ലാം ഒരു രൂപരേഖ സമർപ്പിക്കുന്നു. ചാരിത്രം, വിശ്വസ്തത, സംയമനം, വിശുദ്ധ ജീവിതം എന്നീ മൂല്യങ്ങൾക്കായി ഇസ്‌ലാം ചില നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ചാരിത്രത്തിലൂന്നിക്കൊണ്ടുള്ള സ്ത്രീ പുരുഷ ബന്ധങ്ങൾക്ക് പരസ്പരം ഊന്നൽ നൽകിയും പരസ്പരം കൂടിക്കലർന്ന് ലൈംഗികപരമായ സംഗമങ്ങളിലേക്ക് നയിക്കാതിരിക്കാനും ഇസ്‌ലാമിക സമൂഹം വളരെ പ്രധാനപ്പെട്ട ചില നിരോധനോപാധികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബ വ്യവസ്ഥയുടെ നിലനിൽപ്പിനും അതിജീവനത്തിനും ഇസ്‌ലാമിലെ സാമൂഹികപാഠങ്ങൾ അതീവ പ്രാധാന്യം നൽകുന്നു. ഇക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമിതാണ്.

കുടുംബം എന്ന ഘടകത്തെ ചുരുക്കി ചെറുതാക്കുന്നതിനേക്കാൾ അതിനെ വിപുലീകരിക്കാനാണ് ഇസ്‌ലാം ശ്രമിക്കുന്നത്. ഒരു കുടുംബം എന്നത് അതിലെ അംഗങ്ങൾ തമ്മിൽ മനുഷ്യസാധ്യമായ നിലയിൽ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്ന ഒന്നാണ്. ഇത് വെറും കാമപൂരണത്തിലധിഷ്ഠിതമായ ഒന്നല്ല. കൂടുതൽ സഭ്യവും സംസ്കൃതവുമായ സൗഹൃദവും കൂടിക്കലരലുമാണ്. അടുത്തതും അകന്നതുമായ രക്തബന്ധുക്കൾ തമ്മിൽ സ്വാഭാവികമായും അത്തരത്തിലുള്ള ബന്ധമാണ് നിലനിൽക്കുന്നത്.സമൂഹത്തിൽ ലൈംഗികതയുമായി ബന്ധപ്പെട്ട സുഖാനുഭൂതികൾ കടിഞ്ഞാണില്ലാത്ത നിലയിൽ അനുവദിക്കപ്പെട്ടിരിക്കുന്നത് എങ്ങനെയാണ് ആധുനിക സമൂഹത്തിലെ ജ്ഞാനികൾ കാണാതെ പോകുന്നത്?. മറ്റു പരിഷ്കൃത മൂല്യങ്ങളുടെ ചെലവിൽ ലൈംഗികത തഴച്ച് വളരുകയും അവരുടെ ജീവരക്തം അത് ഊറ്റിക്കളയുകയും ചെയ്യുന്നു.

സിഗ്മണ്ട് ഫ്രോയിഡ് അത്തരം ഒരു സമൂഹത്തിന്റെ സൃഷ്ടിയായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. എല്ലാ മനുഷ്യ പ്രവർത്തനങ്ങളെയും സെക്സിന്റെ വർണക്കണ്ണാടിയിലൂടെയാണ് അദ്ദേഹം നോക്കിക്കാണുന്നത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉദാത്തമായ മാതൃശിശുബന്ധം ലൈംഗികതയുമായി ബന്ധപ്പെട്ടതായിരുന്നു. പിതാവും മകളും തമ്മിലുള്ള ബന്ധം പോലും ലൈംഗിക ആഭിമുഖ്യമുള്ളതും ലൈംഗിക പ്രചോദനപരവുമാണ്. അല്ലാതെ അതിന് യാതൊരു പവിത്രതയുമില്ല. മനുഷ്യന്റെ കർമങ്ങളെല്ലാം ബോധപൂർവമാകട്ടെ അല്ലാതാവട്ടെ ഉപബോധ മനസ്സിന്റെ അഗാധമായ ലൈംഗികാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടിയുള്ളതാണ്. ഇന്നത്തെ രീതിയിലുള്ള സ്ത്രീ പുരുഷ മിശ്രണം ഫ്രോയിഡിന്റെ കാലത്ത് ഉണ്ടായിരുന്നുവെങ്കിൽ മനുഷ്യ മനഃശാസ്ത്രം പൂർണമായും ലൈംഗികോന്മുഖമായി മനസ്സിലാക്കപ്പെടുമായിരുന്നു. എന്നാൽ ഫ്രോയിഡിന്റെ വാദം ശരിയായിരുന്നുവെങ്കിൽ തന്നെ അഗമ്യഗമനങ്ങൾക്ക് കാരണമാകുന്ന അത്തരം അപകടകരമായ ശക്തികളെ യാതൊരു കരുതലുമില്ലാതെ സമൂഹത്തിൽ സ്വതന്ത്രമായി വിഹരിക്കാൻ അനുവദിക്കാതിരിക്കുക എന്നത് അനിവാര്യമായിത്തീരുമായിരുന്നു.

**സ്ത്രീ പുരുഷ വേർതിരിവ്**

സ്ത്രീ പുരുഷന്മാരെ പരസ്പരം വിഭജിക്കുന്ന ഒന്നാണ് ഇസ്‌ലാമിലെ പർദാ സമ്പ്രദായം എന്ന് പശ്ചാത്യ ജനത വ്യാപകമായി തെറ്റിധരിച്ചിരിക്കുന്നു. മുസ്‌ലിം ലോകത്തിലെ പല ഭാഗങ്ങളിലും ഇസ്‌ലാമിന്റെ യഥാർഥത്തിലുള്ള അധ്യാപനങ്ങളുടെ തെറ്റായ പ്രയോഗമാണ് ഈ തെറ്റിധാരണക്ക് ഭാഗികമായ ഒരു കാരണം. മറ്റൊന്ന്, പാശ്ചാത്യ മാധ്യമങ്ങളുടെ നിഷേധാത്മകമായ പ്രചാരണമാണ്. എവിടെയെല്ലാം സ്വഭാവ ദൂഷ്യങ്ങൾ കാണുന്നുവോ അവിടെയെല്ലാം ഇസ്‌ലാമുമായി ബന്ധപ്പെടുത്തിപ്പറയുക എന്നത് പാശ്ചാത്യ മാധ്യമങ്ങളുടെ പതിവ് രീതിയാണ്. അതേ സ്വഭാവ ദൂഷ്യങ്ങൾ യഹൂദ മതമായോ ക്രിസ്തുമതമായോ, ബുദ്ധമതമായോ, ഹിന്ദു മതമായോ ചേർത്തുപറയാറില്ല.

ഇസ്‌ലാമിലെ സ്ത്രീ പുരുഷ വിഭജന വ്യവസ്ഥ ഒരിക്കലും തന്നെ

ഇരുണ്ട കാലഘട്ടത്തിലെ സങ്കുചിത മനസ്സുകളുടെ സൃഷ്ടിയല്ല. വാസ്തവത്തിൽ സമൂഹത്തിന്റെ മുന്നാക്കാവസ്ഥയും പിന്നാക്കാവസ്ഥയും സ്ത്രീ പുരുഷ മിശ്രണവുമായി യാതൊരു ബന്ധവുമില്ല. ചരിത്രത്തിലുടനീളം സാമൂഹ്യപരമായും മതപരമായുള്ള തരംഗങ്ങളുടെ ഉച്ചിയിലും താഴ്ചയിലും ഇത്തരം മിശ്രിത സമൂഹങ്ങളെ കാണാം.

മനുഷ്യ സമൂഹത്തിൽ സ്ത്രീ വിമോചന സങ്കൽപം ഒരു പുരോഗമനാത്മക പ്രവണതയൊന്നുമായിരുന്നില്ല. അതിപുരാതന ഭൂതകാലത്താകട്ടെ സമീപകാലത്താകട്ടെ, ലോകത്തിലെ വിവിധ ഭാഗങ്ങളിലായി മനുഷ്യസമൂഹത്തിൽ സ്ത്രീകൾ വളരെ ശക്തിയും പ്രമുഖവുമായ സ്ഥാനങ്ങൾ വഹിച്ചിരുന്നു എന്നതിന് ചരിത്രത്തിൽ വ്യക്തമായ തെളിവുകളുണ്ട്.

സ്ത്രീപുരുഷൻമാർ തമ്മിൽ യാതൊരു നിരോധനങ്ങളൊന്നുമില്ലാത്ത സ്വതന്ത്രമായ ലൈംഗിക വേഴ്ചയിൽ നൂതനമായി ഒന്നുമില്ല. നാഗരികതകൾ വന്നും പോയുമിരിക്കും. പെരുമാറ്റ സമ്പ്രദായങ്ങളുടെ ശൈലികൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറിക്കൊണ്ടിരിക്കും. അറ്റമില്ലാത്ത സാമൂഹിക പ്രവണതകളുടെ വിവിധ മാതൃകകൾ പുതിയ പരീക്ഷണമായും രൂപവത്കരണമായും ഉണ്ടാവുന്നതും അവ സ്ഥിരപ്പെടുത്തുന്നതും കാലത്തിന്റെ കണ്ണാടിക്കുഴലിലൂടെ നോക്കിയാൽ ഓരോ വഴിത്തിരിവിലും നമുക്ക് കാണാം. എന്നാൽ ചരിത്രത്തിലുടനീളം തന്നെ ഒരു സമൂഹവും സ്ത്രീ പുരുഷ വേർതിരിവിൽ നിന്ന് മിശ്രണത്തിലേക്കും സ്ത്രീകളുടെ അന്തസ്സാർന്ന അടക്കങ്ങളിൽ നിന്നും സ്ത്രീ വിമോചനത്തിലേക്കും സ്ത്രീ സ്വാതന്ത്ര്യത്തിലേക്കും പ്രയാണം ചെയ്യുന്ന പ്രവണതയിൽ മാത്രം ഉറച്ചുനിന്നിരുന്നില്ല എന്ന് നമുക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും.

**സ്ത്രീകളുടെ അവകാശം: നവയുഗത്തിന്റെ ഉദയം**

അറേബ്യൻ ചരിത്രത്തിലെ ആ ഇരുണ്ട കാലഘട്ടത്തിൽ ദൈവിക നിയോഗത്തിലൂടെ ഇസ്‌ലാം അവതരിച്ചുവെന്ന് മുസ്‌ലിംകളും അല്ലെങ്കിൽ മുഹമ്മദിന്റെ വ്യക്തിപരമായ ഉൽബോധനങ്ങളിലൂടെ ഇസ്‌ലാം സ്ഥാപിക്കപ്പെട്ടുവെന്ന് അമുസ്‌ലിംകളും കരുതുന്നു. ഈ കാലഘട്ടത്തിലേക്ക് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഇവിടെ ഉചിതമായിരിക്കുമെന്ന് കരുതുന്നു. ചില ദൈവശാസ്ത്രികളുടെ അഭിപ്രായങ്ങൾ എന്തുതന്നെയായാലും ശരി സ്ത്രീ പുരുഷൻമാരുടെ വേർതിരിവ് സംബന്ധിച്ച ഇസ്‌ലാമികാധ്യാപനങ്ങൾ ഒരിക്കലും അറബികളുടെ പെരുമാറ്റത്തെ പ്രതിനിധാനം ചെയ്യുന്നില്ല.

സ്ത്രീകളോടുള്ള സമീപനത്തിൽ അക്കാലത്തെ അറേബ്യൻ സമൂഹം അത്യന്തം പരസ്പര വിരുദ്ധമായ നിലപാടുകളായിരുന്നു വെച്ച് പുലർത്തിയിരുന്നത്. ഒരു വശത്ത് ലൈംഗികമായി അനിയന്ത്രിതമായ സ്വാധീനവും വിലക്കുകളില്ലാത്ത പരസ്പരം കൂടിക്കലരലും മദ്യം വിളമ്പിക്കൊണ്ടുള്ള ഭ്രാന്തമായ മദിരോത്സവങ്ങളും അരങ്ങേറിയിരുന്നു. സ്ത്രീയും സംഗീതവുമായിരുന്നു അറേബ്യൻ സമൂഹത്തിന്റെ ഉജ്ജ്വലമായ പ്രകടിത ചിഹ്നങ്ങൾ. മറുവശത്താകട്ടെ പെൺകുഞ്ഞിന്റെ ജനനം അവമതിപ്പും അപമാനവുമായി അവർ കരുതി. പെൺകുഞ്ഞിന്റെ ജനനം എന്ന ഈ അപഖ്യാതിയിൽ നിന്ന് മോചനം നേടാൻ അവരിൽ ചിലർ തങ്ങളുടെ സ്വന്തം കരങ്ങൾ കൊണ്ടു തന്നെ തങ്ങളുടെ പെൺകുഞ്ഞുങ്ങളെ കുഴിച്ചുമൂടിയിരുന്നു.

സ്ത്രീകളെ ഒരു ജംഗമ സ്വത്തായിട്ടായിരുന്നു അവർ കരുതിയിരുന്നത്. അവർക്ക് ഭർത്താക്കൻമാരെയോ പിതാക്കൻമാരെയോ മറ്റു കുടുംബത്തിലെ പുരുഷ അംഗങ്ങളെയോ എതിർക്കാനുള്ള യാതൊരു അവകാശവും ഇല്ലായിരുന്നു. എങ്കിലും ഈ നിയമത്തിന് ചില അപവാദങ്ങൾ ഉണ്ടായിരുന്നു. ചിലപ്പോൾ അസാമാന്യ നേതൃഗുണമുള്ള സ്ത്രീകൾ അവരുടെ ഗോത്ര കാര്യങ്ങളിൽ സുപ്രധാന പങ്ക് വഹിച്ചിരുന്നു.

ഇസ്‌ലാം അതെല്ലാം മാറ്റിയെടുത്തു. സാമൂഹിക സംഘർഷങ്ങളിൽ നിന്നുണ്ടാവുന്ന പുരോഗമനപരമായ സ്വാഭാവിക പരിണിതി എന്ന നിലക്കല്ലായിരുന്നു അത്. മറിച്ച് മൂല്യങ്ങളുടെ വിധാതാവായിക്കൊണ്ടായിരുന്നു ഇസ്‌ലാം ഈ പരിവർത്തനം സാധിച്ചത്. സമൂഹത്തെ രൂപപ്പെടുത്തുന്ന സാധാരണ ശക്തികളുമായി ബന്ധമില്ലാത്തതും അത്യുന്നതങ്ങളിൽ നിന്ന് നിയന്ത്രിക്കപ്പെടുന്നതുമായ ഒരു സാമൂഹിക വ്യവസ്ഥയായിരുന്നു അത്.

ആൺ, പെൺവിഭജനത്തിന്റെ അദ്ധ്യാപനത്തിലൂടെ ലൈംഗികഅരാജകത്വം പെട്ടെന്ന് നിലച്ചു. സ്ത്രീ പുരുഷ ബന്ധം അഗാധമായ ധാർമിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായി. അതുവരെ നിസ്സഹായയായ ഒരു വിൽപ്പനചരക്കിനെപോലെ ഗണിച്ചിരുന്ന സ്ത്രീയുടെ സ്ഥാനം ശ്രേഷ്ഠമായ ഒരു നിലയിലേക്ക് ഉയർത്തപ്പെട്ടു. ജീവിത വ്യവഹാരങ്ങളിൽ അവർക്ക് തുല്യപാതി എന്ന അവസ്ഥയുണ്ടായി. അതിന് മുമ്പ് സ്ത്രീകൾ, അനന്തരാവകാശമായി ലഭിക്കുന്ന കേവലം ജംഗമ സ്വത്ത് മാത്രമായിരുന്നു. അവരുടെ പിതാക്കളുടെ അനന്തര സ്വത്തിൽ മാത്രമല്ല ഭർത്താക്കൻമാരുടെയും സന്താനങ്ങളുടെയും അടുത്ത ബന്ധുക്കളുടെയും അനന്തര സ്വത്തിൽ അവകാശം ലഭിച്ചു. അവർക്ക് തങ്ങളുടെ ഭർത്താക്കൻമാർക്ക് മുമ്പിൽ നിവർന്ന് നിൽക്കാനും ഉരുളക്കുപ്പേരി എന്നതു പോലെ മറുപടി നൽകാനും കഴിഞ്ഞു. യുക്തിപരമായ രീതിയിൽ ഭർത്താവിനോട് വിയോജിക്കാനും അവർക്ക് പൂർണ അവകാശം ലഭിച്ചു. സ്ത്രീകൾ വിവാഹമോചനം ചെയ്യപ്പെടുക മാത്രമല്ല അവർ ആഗ്രഹിക്കുകയാണെങ്കിൽ ഭർത്താക്കൻമാരെ ഉപേക്ഷിക്കാനുള്ള തുല്യാവകാശവും ലഭിച്ചു.

മാതാവ് എന്ന നിലക്ക് സ്ത്രീക്ക് ഇസ്‌ലാം കൽപ്പിക്കുന്നയത്ര ആദരം

ലോകത്തിലെ മറ്റൊരു സമൂഹത്തിലും കാണാൻ പ്രയാസകരമാണ്. ദൈവികമായ നിർദേശമനുസരിച്ച് ഇസ്‌ലാംമത സ്ഥാപകനായ റസൂൽ തിരുമേനി(സ) സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രഖ്യാപനങ്ങൾ നടത്തുകയായിരുന്നു. അവിടുന്ന് അരുൾ ചെയ്തു.

**സ്വർഗംമാതാവിന്റെ കാലിൻചുവട്ടിലാണ്**

മരണാനന്തരം സാക്ഷാത്കരിക്കുന്ന ഒരു വാഗ്ദാനത്തെക്കുറിച്ച് മാത്രമായിരുന്നില്ല റസൂൽ തിരുമേനി (സ) ഇവിടെ പ്രതിപാദിച്ചത്. മാതാക്കളോട് അഗാധമായ ബഹുമാനവും ആദരവും കാണിക്കുന്നവർക്കും അവരെ പ്രീതിപ്പെടുത്താൻ ജീവിതം ഉഴിഞ്ഞുവെച്ച് സാധ്യമായ എല്ലാ സുഖസൗകര്യങ്ങളും അവർക്ക് നൽകുന്ന സന്താനങ്ങൾക്ക് ഇവിടെ സാമൂഹിക സ്വർഗം ലഭിക്കുമെന്ന് കൂടി അവിടുന്ന് അരുൾ ചെയ്തു.

സ്ത്രീപുരുഷൻമാരെ പരസ്പരം വേർതിരിക്കുന്നതിന്റെ അദ്ധ്യാപനം ഈ പശ്ചാത്തലത്തിലാണ് നാം മനസ്സിലാക്കേണ്ടത്. അത് ഏതെങ്കിലും പുരുഷാധിപത്യ പ്രവണതയിൽ നിന്നും ഉണ്ടായതല്ല. വീടിന്റെ പരിശുദ്ധി സ്ഥാപിക്കാൻ ഒരുക്കിയ സംവിധാനമാണത്. പുരുഷനും അവന്റെ ഭാര്യയും തമ്മിൽ മഹിതമായ വിശ്വസ്തത സൃഷ്ടിക്കാനും മനുഷ്യന്റെ അടിസ്ഥാന ചോദനകളെ മിതപ്പെടുത്തി കടിഞ്ഞാണിടാനും ആത്മനിയന്ത്രണമുണ്ടാക്കാനും വേണ്ടിയാണത്. ശക്തനായ ഒരു ദുർഭൂതം കണക്കെ അടിസ്ഥാന ചോദനകളെ തുറന്ന് വിടുന്നതിന് പകരം മെരുക്കപ്പെട്ട ഊർജ ശക്തികൾ പ്രകൃതിയിൽ നിർവഹിക്കുന്ന ക്രിയാത്മകമായ പ്രവർത്തനംപോലെ രചനാത്മകമായ ഒരു ശക്തിയായി അത് ഇവിടെ പ്രവർത്തിക്കുന്നു.

മുസ്‌ലിം സമൂഹത്തിലെ എല്ലാവിധ മാനുഷിക വ്യവഹാര മേഖലകളിലും പങ്കെടുക്കുന്നതിൽ നിന്നും സ്ത്രീകളെ വിലക്കുന്ന ഒന്നായി സ്ത്രീ പുരുഷ വേർതിരിവിനെ മനസ്സിലാക്കുമ്പോൾ മൊത്തത്തിൽ അതിനെ തെറ്റിധരിച്ചിരിക്കുകയാണ്. ഇതൊരിക്കലും ശരിയല്ല.

ഇസ്‌ലാമിക സങ്കൽപത്തിലെ സ്ത്രീ പുരുഷ വേർതിരിവ് സ്ത്രീകളുടെ ചാരിത്രവും സമൂഹത്തിൽ അവരുടെ ബഹുമാന്യതയും സംരക്ഷിക്കാനുള്ള ഒരു ഉപാധിയായി മാത്രമേ കാണേണ്ടതുള്ളൂ. അതുകൊണ്ട് ഈ ലക്ഷ്യത്തിലേക്കുള്ള പാതകൾ ലംഘിക്കപ്പെടുക എന്ന അപകടങ്ങൾ പരമാവധി കുറക്കാൻ ഈ വേർതിരിവ് മുഖേന സാധിക്കുന്നു.

സ്ത്രീ പുരുഷൻമാർ തമ്മിലുള്ള സ്വച്ഛന്ദമായ കൂടിക്കലരലും അവർ തമ്മിലുള്ള രഹസ്യമായ ബന്ധങ്ങളും ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു. സ്ത്രീ പുരുഷൻമാർ തമ്മിൽ പരസ്പരമുള്ള കടക്കണ്ണെറിയൽ പാടില്ല എന്ന് നിഷ്കർഷിക്കുക മാത്രമല്ല അത്തരത്തിൽ അനിയന്ത്രിതമായ പ്രലോഭനങ്ങളിലേക്ക് നയിക്കുന്ന കാഴ്ചയിലൂടെയും ശാരീരിക ബന്ധങ്ങളിൽ നിന്നുമെല്ലാം വിട്ടുനിൽക്കണമെന്ന് ഇസ്‌ലാം ഉപദേശിക്കുന്നു. സ്ത്രീകൾ മാന്യമായ വസ്ത്രം കൊണ്ട് മൂടിമറക്കണമെന്ന് ഇസ്‌ലാം പ്രതീക്ഷിക്കുന്നു. ദുഷിച്ച ചിന്തയുള്ള പുരുഷനെ ആകർഷിക്കും വിധം അനഭിലഷണീയമായ രീതിയിൽ പെരുമാററുതെന്നും ഇസ്‌ലാം ഉപദേശിക്കുന്നു. സൗന്ദര്യ വർധക വസ്തുക്കളുടെയും ആഭരണങ്ങളുടെയും ഉപയോഗം ഇസ്‌ലാം നിരോധിക്കുന്നില്ല. പൊതുജന മധ്യത്തിൽ ആകർഷണമെല്ലാം തന്റെ നേരെയാകാൻ വേണ്ടി ഒരിക്കലും അണിഞ്ഞൊരുങ്ങരുതെന്നാണ് ഇസ്‌ലാം കൽപ്പിക്കുന്നത്.

ഇത്തരം അദ്ധ്യാപനങ്ങൾ ഇന്നത്തെ ലോകസമൂഹങ്ങളിൽ അരോചകവും കർക്കശവും വർണരഹിതവുമായിരിക്കുമെന്ന കാര്യം നമുക്ക് പൂർണമായും അറിയാം. എന്നിരുന്നാലും ഇസ്‌ലാമിലെ സാമൂഹിക വ്യവസ്ഥ സമഗ്രമായും ആഴത്തിലും പഠിക്കുന്ന ഒരാൾക്ക് ഇത്തരം വിധി പ്രസ്താവങ്ങൾ ധൃതി പിടിച്ചുള്ളതും ബഹിർഭാഗസ്ഥവുമാണെന്ന വിശ്വാസത്തിലേക്ക് നയിക്കുന്നതാണ്. അതുകൊണ്ട് ഈ അദ്ധ്യാപനങ്ങൾ മൊത്തം ഇസ്‌ലാമിക കാലാവസ്ഥയുടെ ഭാഗമായി മനസ്സിലാക്കേണ്ടതുണ്ട്.

ഇസ്‌ലാമിക സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം അന്തഃപുരങ്ങളിലെ വെപ്പാട്ടികളുടെയോ സ്വന്തം വീടുകളിലെ നാലുചുമരുകൾക്കുള്ളിൽ ബന്ധനസ്ഥയായവരുടെയോ പുരോഗതി തടയപ്പെട്ടവരുടെയോ വിജ്ഞാനത്തിന്റെ പ്രകാശം നിഷേധിക്കപ്പെട്ടവരുടെയോ അല്ല. സ്ത്രീകളെ സംബന്ധിച്ച ജുഗുപ്സയുളവാക്കുന്ന ഈ ചിത്രം ഇസ്‌ലാമിന് അകത്തും പുറത്തുമുള്ള ശത്രുക്കൾ വരച്ചു കാട്ടുന്നതാണ്. അല്ലെങ്കിൽ ഇസ്‌ലാമിക ജീവിതശൈലിയെപ്പറ്റി ആസകലം തെറ്റിധരിച്ച പണ്ഡിതൻമാരുടെ സൃഷ്ടിയാണ്.

സ്ത്രീ, പുരുഷന്റെ കൈയിലെ കളിപ്പാട്ടമായി മാറാനോ, അവളെ ചൂഷണം ചെയ്യാനോ പുരുഷന്റെ ഹീനത്വത്തിന് ഓച്ചാനിച്ചു നിൽക്കുന്നവളായി മാറാനോ ഇസ്‌ലാം അനുവദിക്കുന്നില്ല എന്നു മാത്രം. അത്തരം സമീപനങ്ങൾ സ്ത്രീകളോടു അനുവർത്തിക്കുന്നത് ഇസ്‌ലാം സമ്മതിക്കില്ല.

സമൂഹത്തിന് ഒന്നടങ്കം ആവശ്യമായി വരുന്നു എന്ന കാരണത്താൽ മാത്രം സ്ത്രീകൾ തങ്ങളുടെ ആകാരഭംഗിയെയും വേഷഭൂഷാദികളെയും ചമയങ്ങളെയും സംബന്ധിച്ച് എപ്പോഴും ബോധവതികളായിരിക്കണമെന്ന് നിർബന്ധിക്കുന്നത് അവരോടു കാണിക്കുന്ന ക്രൂരത മാത്രമാണ്. സ്ത്രീ സൗന്ദര്യം എപ്പോഴും പ്രദർശിപ്പിക്കപ്പെടുന്നു. ദൈനംദിന ജീവിതത്തിനാവശ്യമായ ഒരു ഭക്ഷ്യവസ്തുവോ അതുപോലെ അലക്കുപൊടിയോ വിൽക്കണമെങ്കിൽ സ്ത്രീ മോഡലുകളുടെ പരസ്യത്തിന്റെ പിൻബലം വേണം. സ്ത്രീകൾക്ക് അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കൃത്രിമവും സ്റ്റൈലിനനുസരിച്ചുള്ള

ചെലവേറിയതുമായ ജീവിത രീതികൾ അനിവാര്യമാണെന്ന വിധം അവതരിപ്പിക്കപ്പെടുന്നു. അത്തരം സമൂഹങ്ങൾക്ക് സന്തുലിതമായോ, സമചിത്തതയോടെയോ ആരോഗ്യത്തോടെയോ ദീർഘകാലം നിൽക്കാനാവില്ല.

ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ ചൂഷണത്തിൽ നിന്നും ആസ്വാദനത്തിനുള്ള കേവലം ഒരുപകരണം എന്ന നിലയിൽ നിന്നും മോചിതയാവണം. അവർക്ക് തങ്ങളുടെ ഗൃഹപരമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനും വരാനിരിക്കുന്ന തലമുറകളുടെ ഭാവിക്കു വേണ്ടിയും കൂടുതൽ സമയം ആവശ്യമുണ്ട്.

**സ്ത്രീകൾക്ക് തുല്യാവകാശം**

സ്ത്രീ വിമോചനത്തെക്കുറിച്ചും സ്ത്രീകളുടെ അവകാശത്തെക്കുറിച്ചും നിങ്ങൾ ധാരാളം കേട്ടിരിക്കും. ഇസ്‌ലാം എല്ലാ സാഹചര്യങ്ങളെയും കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രവും അടിസ്ഥാനപരവുമായ തത്ത്വങ്ങളെപ്പറ്റിയാണ് സംസാരിക്കുന്നത്.

**അവർക്ക് (സ്ത്രീകൾക്ക്) തുല്യമായതും സാമ്യമുള്ളതുമായ തത്തുല്യാവകാശങ്ങൾ (പുരുഷന്മാരുടെ മേലുണ്ട്) (അതായത് പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ അവകാശമുള്ളത്പോലെ സ്ത്രീകൾക്ക് പുരുഷന്മാരുടെ മേൽ പൂർണമായും തുല്യാവകാശങ്ങളാണുള്ളത്. ആയതിനാൽ മൗലികാവകാശങ്ങളിൽ സ്ത്രീ പുരുഷൻമാർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല.) എന്നാൽ പുരുഷൻമാർക്ക് അവരുടെ മേൽ ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു. (അദ്ധ്യാ.2, അൽ ബഖറ: 229)**

ഖുർആനിലെ മറ്റൊരു സൂക്തം ഇപ്രകാരമാണ്.

**പുരുഷൻമാർ സ്ത്രീകളുടെ മേൽ രക്ഷാധികാരമുള്ളവരാണ്. (എന്തെന്നാൽ വസ്തുത ഇതാണ്) അല്ലാഹു അവരിൽ ചിലർക്ക് മറ്റവരെക്കാൾ ചില മേന്മകൾ നൽകിയതു കൊണ്ടും അവർ തങ്ങളുടെ ധനത്തിൽ നിന്ന് ചെലവ് ചെയ്യുന്നുവെന്നുള്ളതു കൊണ്ടുമാണിത്. (അദ്ധ്യാ.4, നിസാഅ്: 35)**

അറബി ഭാഷയിൽ 'ഖവ്വാമുൻ' (രക്ഷാധികാരികൾ, കീഴിലുള്ളവരെ ഉത്തരവാദിത്വത്തോടെ നേർവഴിയിൽ സംരക്ഷിക്കാൻ ഏൽപിക്കപ്പെട്ടവർ) എന്നതിന് ചില മദ്ധ്യകാല മനസ്ഥിതിക്കാരായ ഉലമാക്കൻമാർ (മതപണ്ഡിതൻമാർ) സ്ത്രീകളുടെ മേൽ പുരുൻമാർക്ക് മേൽക്കോയ്മയുണ്ടെന്ന് വാദിക്കുന്നു. എന്നാൽ ഇവിടെ ഖുർആൻ വചനത്തിൽ തന്റെ ആശ്രിതർക്ക് ഉപജീവനത്തിന് വഴി കണ്ടെത്തുന്നയാൾ എന്ന നിലക്ക് പുരുഷന് ചില മേന്മകൾ കൽപിക്കുന്നു എന്ന് മാത്രമേയുള്ളൂ. അതുപോലെ രക്ഷാധികാരി ശരിയായ പാതയിൽ വർത്തിക്കാൻ തന്റെ കീഴിലുള്ളവർ അവരുടെ മേൽ ധാർമികമായ ബലം ചുമത്തുന്നയാൾ എന്നാണ് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ മൗലികാവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഒരിക്കലും തന്നെ സ്ത്രീയെ പുരുഷനേക്കാൾ സമത്വത്തിൽ കുറഞ്ഞവളാണെന്നോ പുരുഷന് സ്ത്രീയുടെ മേൽ അവകാശകോയ്മയുണ്ടെന്നോ പറയുന്നില്ല. ഈ വചനത്തിൽ അവസാന ഭാഗം മേൽപറഞ്ഞ മേന്മയെക്കുറിച്ചാണ് പറയുന്നത്. ഇവിടെ വളരെ വ്യക്തമായി വെളിപ്പെടുത്തുന്ന കാര്യം. ഈ മേന്മ വകവെച്ചുകൊടുക്കുന്നതോടൊപ്പം സ്ത്രീകളുടെ മൗലികാവകാശങ്ങൾ വളരെ കണിശമായും പുരുഷന്റേതിനോട് തുല്യമാണ് എന്നാണ്. അറബിയിലെ 'വ' എന്ന അക്ഷരം, 'എന്നാലും വസ്തുത ഇതാണ്, 'എന്നോ', 'എന്നിരിക്കെ' എന്നൊക്കെ വിവർത്തനം ചെയ്യാം. ഈ പശ്ചാത്തലത്തിൽ ഇതൊന്ന് മാത്രമാണ് ശരിയായ വിവർത്തനം.

**ബഹുഭാര്യാത്വം**

പാശ്ചാത്യ നാടുകളിൽ ഇസ്‌ലാമിക വിഷയങ്ങൾ സംസാരിക്കുന്ന ഒരു പ്രഭാഷകന് നേരിടേണ്ടിവരുന്ന പൊതുവായ ഒരു ചോദ്യമുണ്ട്. ഇസ്‌ലാം ഒരേ സമയം നാലുപേരെ വിവാഹം ചെയ്യാനും നാലു പേരെ ഒരേ സമയം വെച്ചുപുലർത്താനും അനുവദിക്കുന്നുണ്ടോ എന്നതാണ് ആ ചോദ്യം. എനിക്ക് പാശ്ചാത്യ ലോകത്ത് ബുദ്ധിജീവികളെയും പൊതുസദസ്സുകളെയും ക്ഷണിക്കപ്പെട്ടവരുടെ സദസ്സുകളെയും അഭിമുഖീകരിച്ച് സംസാരിക്കേണ്ടി വന്നപ്പോഴെല്ലാം ഇത്തരം ഒരുപാട് അനുഭവങ്ങളുണ്ടായിട്ടുണ്ട്. അപൂർവമായി മാത്രമേ ഈ ചോദ്യം ഉയർത്തപ്പെടാത്ത സന്ദർഭമുണ്ടായിട്ടുള്ളൂ എന്ന് ഞാനോർക്കുന്നു.

മിക്കപ്പോഴും ഒരു സ്ത്രീ എഴുന്നേറ്റ് നിന്ന് ഇസ്‌ലാം നാലു വിവാഹം അനുവദിക്കുന്നുണ്ടോ എന്ന് ക്ഷമാപൂർവം നിഷ്കളങ്കമായി ചോദിക്കാറുണ്ട്. തീർച്ചയായും ഉത്തരം എല്ലാവർക്കുമറിയാം. ഒരു പക്ഷേ പാശ്ചാത്യനാടുകളിൽ ഇസ്‌ലാമിനെപ്പറ്റി വിപുലമായി അറിയുന്ന ഒരു വശം ഇതായിരിക്കാം. വ്യാപകമായി അറിയുന്ന മറ്റൊരു വശം ഭീകരവാദമാണ്. പക്ഷേ ഭീകരവാദത്തിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല (പ്രഭാഷകന്റെ 'Murder in the name of Allah' എന്ന കൃതി നോക്കുക. 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന പേരിൽ മലയാളത്തിലും ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് – വിവ: )

പുരുഷന് നാല് ഭാര്യമാരും സ്ത്രീക്ക് ഒരു ഭർത്താവും മാത്രം അനുവദിക്കുന്ന ഇസ്‌ലാം സ്ത്രീ പുരുഷൻമാർ തമ്മിൽ എന്ത് തരത്തിലുള്ള തുല്യതയാണ് മുന്നോട്ടു വെക്കുന്നത്?. മുമ്പ് പറഞ്ഞ അതേ ചോദ്യത്തിന്റെ മറ്റൊരു രൂപമാണിത്. ഇസ്‌ലാമിനെക്കുറിച്ച് പ്രഭാഷകൻ ഉണ്ടാക്കിയേക്കാവുന്ന മതിപ്പ് ഇല്ലാതാക്കാൻ ഉപയോഗിക്കുന്ന തന്ത്രപരമായ അടവാണ് ഇത്തരം ചോദ്യങ്ങളെന്ന് ഞാൻ വിശ്വസിക്കുന്നു. ഉപചാരങ്ങളും ശിഷ്ടാചാരങ്ങളും സൂക്ഷ്മതയോടെ പാലിക്കുന്ന സദസ്സുകളിൽ ഇതേ ചോദ്യം തന്നെ, ലളിതമായ ഒരു ചോദ്യം എന്നതിൽ കവിഞ്ഞ് പരിഹാസ രൂപത്തിൽ ചോദിക്കപ്പെടാറുണ്ട്. ചില ദശാബ്ദ

ങ്ങൾക്കു മുമ്പ് ഞാൻ ലണ്ടൻ യൂണിവേഴ്സിറ്റിയിലെ SOAS(School of Oriental and African Studies)ൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഇതേ ചോദ്യം ആവർത്തിച്ചുകൊണ്ട് ഇംഗ്ലീഷുകാരനായ വിദ്യാർഥി ഒരു പാകിസ്താനിക്ക് പിന്നാലെ കൂടി. ഈ ചോദ്യം ചിരി പരത്തുകയും ചെയ്തു. ഒരിക്കലുണ്ടായ സംഭവം ഞാനോർക്കുന്നു. ഇംഗ്ലീഷുകാരനായ ആ വിദ്യാർഥി ഈ ചോദ്യം ചോദിച്ചുകൊണ്ട് പാകിസ്താൻ വിദ്യാർഥിയെ ശല്യം ചെയ്തുകൊണ്ടിരുന്നു. ഇംഗ്ലീഷുകാരനായ ആ ചെറുപ്പക്കാരനോട് പാകിസ്താനി വിദ്യാർഥി ചോദിച്ചു. 'നീ എന്തിനാണ് ഞങ്ങൾക്ക് നാല് മാതാക്കൻമാരുണ്ടാകുന്നതിനെ എതിർക്കുന്നത്. നിനക്ക് Forefathers ഉണ്ടാവുന്നതിൽ യാതൊരു വിരോധവുമില്ലേ?' Forefather പൂർവപിതാവ് എന്നാണ് ഇവിടെ പറഞ്ഞതെങ്കിലും Four fathers നാല് പിതാക്കൻമാർ എന്നാണ് പാകിസ്താൻ വിദ്യാർഥി ഉദ്ദേശിച്ചത്. 'ഫോർ' എന്ന വാക്കിലെ ദ്വയാർഥ പ്രയോഗം പിന്നാലെ കൂടിയ ഇംഗ്ലീഷുകാരൻ വിദ്യാർഥിയുടെ ശല്യപ്പെടുത്തലിന് നല്ല പരിഹാരമായി.

പ്രത്യക്ഷത്തിൽ അതൊരു തമാശയായിരുന്നു. പക്ഷേ കൂടുതൽ അടുത്തു ചെന്ന് ആ പ്രയോഗത്തിലടങ്ങിയ അർഥം പരിശോധിക്കുകയാണെങ്കിൽ തമാശയേക്കാൾ കവിഞ്ഞ ഒരർഥം നിങ്ങൾക്ക് അതിൽ കണ്ടെത്താൻ കഴിയും. അത് പാശ്ചാത്യ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു ദുരന്ത ചിത്രത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആധുനിക സമൂഹത്തിന് ഇസ്‌ലാമിനോടുള്ള സമീപനം താരതമ്യം ചെയ്യാൻ ഉചിതമായ ഒരു സംഭവമായി ഇതിനെയെടുക്കാം. ഇത് ലക്കുംലഗാനുമില്ലാത്ത വിദ്യാർഥികളിൽ നിന്നുണ്ടാവുന്ന ഒരു ചോദ്യത്തിന്റെ മാത്രം പ്രശ്നമല്ല. സമൂഹത്തിലെ ഗൗരവ ബുദ്ധികളും ബഹുമാന്യരുമായ ആളുകൾ ഇത്തരം കാര്യങ്ങൾ പരിഹാസം കലർത്തിപ്രകടിപ്പിക്കുന്നത്, നിർദയത്വവും മര്യാദകേടുമാണെന്ന് മനസ്സിലാക്കുന്നില്ല.

കുറച്ചുനാൾ മുമ്പ് ഫ്രാങ്ക്ഫർട്ടിലെ ഒരു സീനിയർ ജഡ്ജിയിൽ നിന്ന് എനിക്ക് ഒരു എഴുത്തു കിട്ടി. അദ്ദേഹത്തെ എനിക്ക് വ്യക്തിപരമായി അറിയാമായിരുന്നു. തുറന്ന ഹൃദയമുള്ള ഔചിത്യബോധവും സോദ്ദേശ്യവുമുള്ള ഒരു മാന്യനായിരുന്നു അദ്ദേഹം. അദ്ദേഹം ഇസ്‌ലാമിലെ നിയന്ത്രിത ബഹുഭാര്യാത്വത്തെ എതിർത്തിരുന്നു. അദ്ദേഹത്തിന് തന്റെ പ്രലോഭനത്തെ തടഞ്ഞു നിർത്താനായില്ല എന്ന് ഞാൻ കരുതുന്നു. ക്രൂരമായ ഒരു പരിഹാസത്തോടെ അദ്ദേഹം അത് പ്രകടിപ്പിക്കുകയുണ്ടായി. ക്ഷണനേരത്തേക്ക് അദ്ദേഹത്തിന്റെ തമാശക്ക് ഉരുളക്കുപ്പേരി കണക്കെ 'ഫോർ ഫാദേഴ്സിന്റെ' തമാശ തിരിച്ചുകൊടുക്കാൻ ഞാൻ ചിന്തിച്ചുപോയി. പക്ഷേ, എന്റെ വിവേകം അതിന് സമ്മതിച്ചില്ല.

ഞാൻ അദ്ദേഹത്തിനയച്ച ഹ്രസ്വമായ ഉത്തരത്തിൽ പറഞ്ഞത് ഒന്നാമതായി ഒന്നിലധികം വിവാഹം കഴിക്കാമെന്നത് പൊതുവായ ഒരു കല്പനയല്ല അതു ചില സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നാണ്. ആവശ്യമായി വരുന്ന ഘട്ടത്തിൽ സമൂഹത്തിന്റെ ആരോഗ്യം നിലനിർത്താനും സ്ത്രീയുടെ അവകാശ സംരക്ഷണത്തിനുമായി ബഹുഭാര്യത്വം എന്ന ഉപാധി ഇവിടെ ലഭ്യമാണ്.

വിശുദ്ധ ഖുർആൻ ഒരു തർക്കശാസ്ത്ര ഗ്രന്ഥം കൂടിയാണ്. അസാദ്ധ്യമായത് കൈക്കൊള്ളാൻ അതിന്റെ അധ്യാപനങ്ങൾ മുസ്‌ലിമിനോട് ഒരിക്കലും പറയുകയില്ല. ദൈവം ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചത് ഏറെക്കുറേ ഒരേ എണ്ണത്തിലാണ്. അവിടെയും ഇവിടെയും ചില ഏറ്റക്കുറച്ചിലുകൾ കാണാമായിരിക്കാം. ദൈവത്തിന്റെ വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരുവിധ പൊരുത്തക്കേടുമില്ല എന്ന് ആവർത്തിച്ചു പറയുന്ന ഇസ്‌ലാമിനെപ്പോലെ യുക്തിപൂർണമായ ഒരു മതത്തിന് പ്രകൃതിക്ക് വിരുദ്ധവും അയഥാർഥവുമായ കാര്യങ്ങൾ പ്രബോധിക്കാൻ എങ്ങനെ സാധിക്കും? പ്രായോഗികമാക്കിയാൽ ഗുരുതരമായ പ്രശ്നങ്ങളും അസന്തുലിതാവസ്ഥയും അപരിഹാര്യമായ പ്രയാസങ്ങളും ഇച്ഛാഭംഗങ്ങളും ഉണ്ടാക്കുന്ന കാര്യം പ്രചരിപ്പിക്കാൻ എങ്ങനെ കഴിയും?

വിവാഹ പ്രായമെത്തിയ 10 ലക്ഷം ആളുകളുള്ള ഒരു രാജ്യത്ത് അത്ര എണ്ണം തന്നെ സ്ത്രീകളും ഉണ്ടെന്ന് കരുതുക. ഒരു പുരുഷന് നാല് സ്ത്രീകളെ വിവാഹം കഴിക്കാമെന്ന ആജ്ഞ നടപ്പാക്കുകയാണെങ്കിൽ 2,50,000 പുരുഷൻമാർക്ക് മാത്രമേ വിവാഹം ചെയ്യാൻ സാധിക്കൂ. ബാക്കി 7,50,000 പുരുഷൻമാർ അവിവാഹിതരായി തുടരേണ്ടി വരും.

എന്നിട്ടും ലോകത്തിലെ എല്ലാ മതങ്ങളിൽ വെച്ച് എല്ലാ സ്ത്രീപുരുഷൻമാരും വിവാഹിതരമായിരിക്കണമെന്ന് ഊന്നിപ്പറയുന്ന മതം ഇസ്‌ലാമാണ്. ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള ബന്ധം സ്വാഭാവികമായ സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണെന്നും അത് ഇരുവർക്കും പരസ്പരം ശാന്തിയുടെ ഉറവിടമാണെന്നും ഖുർആൻ വിവരിക്കുന്നു.

**സത്യവിശ്വാസികളിൽ നിന്നുള്ള ചാരിത്ര വതികളും നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്രവതികളും അവരുടെ വിവാഹ മൂല്യങ്ങൾ നിങ്ങൾ അവർക്ക് നൽകുന്നതായാൽ (വിവാഹം ചെയ്യുന്നതിന് നിങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നു) ചാരിത്രം സംരക്ഷിക്കുന്നവരുമായിട്ട്, വ്യഭിചാരികളോ രഹസ്യ കാമുകന്മാരെ വെക്കുന്നവരോ ആയിട്ട് (വിവാഹം) അരുത്. (അദ്ധ്യാ. 5, അൽ-മാഇദ: 6)**

അതേ സമയം വിശുദ്ധ ഖുർആൻ ബ്രഹ്മചര്യത്തെ മനുഷ്യനിർമിതമായ ഒരു ആചാരമാണെന്ന് പറഞ്ഞു കൊണ്ട് അതിനെ നിഷേധിക്കുന്നു (അദ്ധ്യ. 57, അൽഹദീദ്: 28 കാണുക). ഒരാൾ ബാഹ്യലോകത്ത് നിന്ന് ഉൾവലിഞ്ഞ് പരിവ്രാ

ചകത്വം സ്വീകരിച്ചതു കൊണ്ടോ പ്രകൃതിസഹജമായ വികാരങ്ങളെ നിഷേധിച്ചതു കൊണ്ടോ യാതൊന്നും നേടാനില്ല. വിവാഹം ഇസ്‌ലാമിൽ സുശക്തമായി സ്ഥാപിക്കപ്പെട്ട ഒരു സംവിധാനമാണ്. ഒരു വിവാഹ പങ്കാളിയെ തെരഞ്ഞെടുക്കുന്ന വിവിധങ്ങളായ മാനദണ്ഡങ്ങളെക്കുറിച്ചും വിവാഹമോചനത്തെ നിയന്ത്രിക്കുന്നതിനെ പറ്റിയും അതിനുള്ള പരിഹാര മാർഗങ്ങളെപ്പറ്റിയും ചർച്ച ചെയ്ത് വിഷയത്തിൽ നിന്ന് വ്യതിചലിക്കാൻ സമയം എന്നെ അനുവദിക്കുന്നില്ല.

ബഹുഭാര്യാത്വത്തിലേക്ക് തന്നെ തിരിച്ചുവരാം. യുദ്ധാനന്തരമുള്ള ഒരു പ്രത്യേകാവസ്ഥയെക്കുറിച്ചാണ് വിശുദ്ധ ഖുർആൻ ഇവിടെ സംസാരിക്കുന്നതെന്ന് വ്യക്തം. ആ സന്ദർഭത്തിൽ സമൂഹത്തിൽ ധാരാളം അനാഥകളും യുവവിധവകളും അവശേഷിക്കുന്നു. അവശേഷിക്കുന്ന ആൺ പെൺ സമൂഹം ഗുരുതരമായ പ്രയാസങ്ങളിലകപ്പെടുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജർമനിയിൽ ഇത്തരമൊരവസ്ഥ സംജാതമായിരുന്നു. ഇസ്‌ലാം ജർമനിയിൽ പ്രമുഖമായ ഒരു മതമായിരുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ജർമനിയിൽ ഒരു മാർഗവുമുണ്ടായിരുന്നില്ല. കർശനമായ ഏകപത്നീ വ്രതം പാലിക്കാൻ നിർദേശിക്കുന്ന ക്രിസ്തുമതത്തിന് ഈ അവസ്ഥക്ക് ഒരു പരിഹാരവും മുന്നോട്ടു വെക്കാനില്ലായിരുന്നു. ഈ അസന്തുലിതാവസ്ഥയുടെ പരിണതഫലം ജർമൻ ജനത അനുഭവിക്കേണ്ടി വന്നു. വിവാഹം കഴിക്കാനാവാതെ വളരെയധികം കന്യകകളും വിഷാദവതികളായ വൃദ്ധകന്യകമാരും യുവ വിധവകളും അവിടെയുണ്ടായിരുന്നു.

വിശാലമായ യൂറോപ്യൻ ഭൂഖണ്ഡത്തിൽ ഇത്തരത്തിൽ അത്യന്തം അപകടകരവും അമ്പരപ്പിക്കുന്നതുമായ അനുപാതത്തിൽ സാമൂഹിക പ്രശ്നങ്ങൾ അനുഭവപ്പെട്ടത് ജർമനി എന്ന ഒരു രാജ്യത്ത് മാത്രമായിരുന്നില്ല. യുദ്ധാനന്തരമുള്ള ജർമനിയിൽ ധാർമികാപചയത്തിന്റെയും അരാജകത്വത്തിന്റെയും വൻ സുനാമിയെ തടഞ്ഞു നിർത്തുക എന്നത് വമ്പിച്ച ഒരു വെല്ലുവിളിയായിരുന്നു. അത് സ്വാഭാവികമായുള്ളതും നിലവിലുള്ള അസന്തുലിതത്വത്തെ എല്ലാ അതിരുകളെയും ഭേദിച്ചു വലുതാക്കുന്നതുമായിരുന്നു.

സങ്കീർണമായ ഇത്തരം എല്ലാ പ്രശ്നങ്ങൾക്കും ഒരേയൊരു ഉത്തരം ഒരു പുരുഷനെ ഒന്നിലധികം സ്ത്രീകൾ വിവാഹം ചെയ്യാനനുവദിക്കുക എന്നതാണെന്ന് നിഷ്പക്ഷബുദ്ധിയുള്ള ഏതൊരാൾക്കും കാണാൻ സാധിക്കും. ഈ നിർദേശം അവരുടെ കാമാസക്തിയെ ശമിപ്പിക്കാനുള്ളതായിരുന്നില്ല. വലിയ തോതിൽ സ്ത്രീകളുടെ യാഥാർഥ്യ പ്രശ്നങ്ങളുടെ പരിഹാരമായിരുന്നു. യുക്തിപരവും യാഥാർഥ്യബോധത്തോടെയുള്ളതുമായ പരിഹാരം നിരാകരിക്കപ്പെടുമ്പോൾ സമൂഹത്തിന് പിന്നെ ബദലായി അവശേഷിക്കുന്നത് അപഭ്രംശത്തിലേക്കും ലൈംഗിക അരാജകത്വത്തിലേക്കും ദ്രുതഗതിയിൽ ശോഷിക്കുന്ന ഒരു സമൂഹമായിരിക്കും.

കഷ്ടമമെന്ന് പറയട്ടെ!. ഈയൊരുമാർഗമാണ്പാശ്ചാത്യ ലോകം സ്വീകരിച്ചത്.

നിങ്ങൾ വികാരങ്ങൾക്ക് അടിമപ്പെടാതെ കൂടുതൽ യാഥാർഥ്യബോധത്തോടെ ഈ രണ്ട് സമീപനങ്ങളും പുനഃപരിശോധിക്കുകയാണെങ്കിൽ ഇതു സ്ത്രീ പുരുഷ സമത്വത്തിന്റെ പ്രശ്നമല്ലെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. മറിച്ച് അത് ഉത്തരവാദിത്വവും നിരുത്തരവാദിത്വവും തമ്മിലുള്ള പ്രശ്നമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പൂർണമായ ഉത്തരവാദിത്വത്തോടെ മനുഷ്യൻ ചില പ്രയാസങ്ങളും പ്രത്യേക സാഹചര്യങ്ങളും ഏറ്റെടുക്കേണ്ടി വരുമ്പോൾ മാത്രമേ ഇസ്‌ലാം ഒന്നിലധികം വിവാഹം അനുവദിക്കുകയുള്ളൂ. മാത്രമല്ല രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും ഭാര്യമാരായാലും ശരി പൂർണമായ നീതിയും തുല്യതയും ഉറപ്പ് വരുത്തുകയും വേണം. വിശുദ്ധ ഖുർആൻ പറയുന്നു.

**'അനാഥരുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന(മറ്റു) സ്ത്രീകളിൽ നിന്ന് രണ്ട് വീതമോ, മൂന്നു വീതമോ, നാലു വീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ(മാത്രം വിവാഹം ചെയ്യുക) അല്ലെങ്കിൽ നിങ്ങളുടെ അധീനതയിലുള്ള സ്ത്രീകളിൽ നിന്ന്(വിവാഹം ചെയ്തുകൊള്ളുക) നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത(മാർഗം) അതാണ്.'(അദ്ധ്യാ.4, അന്നിസാഅ്:4)**

ബഹുഭാര്യാത്വത്തിന് ബദലായി നിർദേശിക്കപ്പെടുന്ന മാർഗങ്ങൾ വളരെ വൃത്തികെട്ടതാണ്. വിവാഹം കഴിക്കാതെ ധാരാളം സ്ത്രീകൾ അവശേഷിക്കുമ്പോൾ അവർ സമൂഹത്തിലെ വളരെയൊന്നും മതബോധമില്ലാത്ത വിവാഹിതരായ പുരുഷൻമാരെ വശീകരിക്കാനോ ആകർഷിക്കാനോ ശ്രമിച്ചാൽ, അവരെ കുറ്റപ്പെടുത്താനാവില്ല. സ്ത്രീകളും മനുഷ്യരാണ്. അവർക്ക് അവരുടേതായ വികാരങ്ങളും പൂർത്തീകരിക്കാനാവാത്ത അഭിലാഷങ്ങളുമുണ്ടാകും. വീടും ഭർത്താവുമില്ലാത്ത അരക്ഷിതരായ സ്ത്രീകളും ജീവിത പങ്കാളിയില്ലാത്ത സ്ത്രീകളും, സന്താനങ്ങളുണ്ടാവുമെന്ന് പ്രതീക്ഷയില്ലാത്തവരും ജീവിതം ശൂന്യമായിതീർന്നവരാണ്. അവർക്ക് പുതിയൊരു ജീവിതം തുടങ്ങുവാനുള്ള സാഹചര്യമൊരുക്കുക എന്ന ആവശ്യം യുദ്ധത്തിന്റെ മാനസികാഘാതത്തിൽ വലയുന്ന ഒരു സമൂഹത്തെ കൂടുതൽ വേദനാജനകമാക്കിത്തീർക്കുന്നു. അവരുടെ ഭാവി, വർത്തമാനകാലം പോലെ ശൂന്യവും വിരസവുമായിരിക്കും.

അത്തരം അവിവാഹിതകളായ സ്ത്രീകളെ നിയമപ്രകാരം സ്വീക

രിക്കാതെയും ഉത്തരവാദിത്വത്തോടു കൂടിയുള്ള പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ അവരെ ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അത് സമൂഹത്തിന്റെ സമാധാനത്തിന് സംഹാരാത്മകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. അവർ എങ്ങനെയെങ്കിലും നിയമവിരുദ്ധമായി ഒരു വിവാഹിതയുടെ ഭർത്താവിനെ പ്രാപിക്കുന്നതായിരിക്കും. അതിൽ നിന്നുണ്ടാകുന്ന ഫലവും നിയമവിരുദ്ധമായിരിക്കും. പരസ്പര വിശ്വാസം തകരും. വിവാഹിതകളായ ഭർതൃമതികൾക്ക് അവരുടെ ഭർത്താവിലുള്ള വിശ്വാസം നഷ്ടപ്പെടും. സംശയം വളരും. ഭാര്യയും ഭർത്താവും തമ്മിലുള്ള പര്സപര വിശ്വാസത്തിന്റെ കാര്യത്തിൽ വർധിച്ചു വരുന്ന അവിശ്വാസം പല ഗൃഹങ്ങളുടെയും അടിത്തറ തകർക്കും. അവിശ്വസ്തനായ ഒരു പുരുഷൻ കുറ്റബോധത്തോടെയും അപരാധിയായും കൊണ്ട് ജീവിക്കുമ്പോൾ അത് കൂടുതൽ മാനസിക സങ്കീർണതകൾ സൃഷ്ടിക്കുകയും കൂടുതൽ കുറ്റം ചെയ്യാനുള്ള വാസനയുണ്ടാക്കുകയും ചെയ്യും. സ്നേഹത്തെ സംബന്ധിച്ച ഉദാത്ത സങ്കൽപവും വിശ്വസ്തയുമായിരിക്കും ഇത്തരം പ്രവണതയുടെ ആദ്യത്തെ ഇര. വിശുദ്ധ പ്രണയത്തിന് അതിന്റെ പാവനത്വം നഷ്ടപ്പെടും. പൊതുസ്ഥലങ്ങളിലേക്ക് അവ തരം താഴ്ത്തപ്പെടുകയും ക്ഷണികമായ മോഹകാമനയായി പ്രണയം മാറുകയും ചെയ്യും.

എല്ലായിടത്തും സമത്വത്തെക്കുറിച്ച് പറയുന്നവർ ഒരു കാര്യം മറക്കുന്നു. അതായത് സ്ത്രീയും പുരുഷനും വ്യത്യസ്തരായിക്കൊണ്ടാണ് ജന്മനാ തന്നെ സൃഷ്ടിക്കപ്പെട്ടത്. ജന്മസിദ്ധമായ ഈ മേഖലയിൽ സമത്വം അപ്രസക്തമാണ് എന്ന കാര്യം അവർ മറന്നു പോകുന്നു.

സ്ത്രീക്ക് മാത്രമാണ് കുഞ്ഞുങ്ങളെ പ്രസവിക്കാൻ കഴിയുക. ഭാവിയിലെ മനുഷ്യതലമുറയുടെ ഭ്രൂണത്തെ ഒമ്പത് മാസത്തിലധികം ഗർഭപാത്രത്തിൽ ചുമക്കുവാൻ സ്ത്രീക്ക് മാത്രമേ കഴിയൂ. മനുഷ്യശിശുവിന്റെ പ്രാഥമിക ഘട്ടത്തിലും അതിന്റെ ബാല്യകാലത്തും സ്ത്രീയാണ് പോറ്റി വളർത്തുന്നത്. കുഞ്ഞുമായി സുദീർഘവും തീവ്രവും സമീപസ്ഥവുമായ രക്തബന്ധം കാരണം സ്ത്രീക്കാണ് പുരുഷനെ അപേക്ഷിച്ച് കുഞ്ഞുമായി ഏറ്റവും ശക്തവും മനഃശാസ്ത്രപരവുമായ ബന്ധമുള്ളത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള ഈ ജന്മജാത വ്യത്യാസവും അതോടനുബന്ധിച്ചുള്ള സ്ത്രീയുടെയും പുരുഷന്റെയും സമൂഹത്തിലുള്ള വ്യത്യസ്തമായ പങ്കും അവഗണിക്കുകയാണെങ്കിൽ അത്തരത്തിലുള്ള സാമൂഹിക സാമ്പത്തിക സംവിധാനം, ആരോഗ്യകരമായ സമതുലനാവസ്ഥയുടെ നിർമിതിയിൽ പരാജയപ്പെടും. ഇത്തരത്തിൽ സ്ത്രീക്കും പുരുഷനും ഉള്ള ജന്മജാത വ്യത്യാസങ്ങൾ കണക്കിലെടുത്തു കൊണ്ടാണ് ഇസ്‌ലാം സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ ധർമങ്ങൾ നിർദേശിച്ചത്.

(Islam's Response to Contemporary Issues എന്ന പുസ്തകത്തിൽ നിന്ന്)

## യഥാർഥ സുന്നത്ത്

ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: നബി (സ) യുടെ ചില സ്വഹാബാക്കൾ ഈ ലോകത്തോട് വിരക്തരായി ജീവിക്കാൻ തീരുമാനമെടുത്തു. ഒരാൾ പറഞ്ഞു, ഞാൻ വിവാഹാം കഴിക്കുന്നതല്ല. മറ്റൊരാൾ പറഞ്ഞു, ഞാൻ നമസ്കരിച്ചു കൊണ്ടേയിരിക്കും. ഉറക്കവും ഉപേക്ഷിക്കും. വേറൊരാൾ പറഞ്ഞു, ഞാൻ തുടർച്ചയായി നോമ്പെടുക്കുന്നതാണ്. നോമ്പ് നിറുത്തുന്നതേ ഇല്ല. ഇതേക്കുറിച്ച് നബി (സ) അറിഞ്ഞപ്പോൾ പറഞ്ഞു. ഇങ്ങനെ പറയുന്ന ഈ ആളുകൾ എത്തരക്കാരാണ്? ഞാൻ നോമ്പെടുക്കുകയും നോമ്പ് തുറക്കുകയും ചെയ്യുന്നു. നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. വിവാഹവും കഴിക്കുന്നു. ആരാണോ എന്റെ സുന്നത്തിൽ നിന്ന് മുഖം തിരിക്കുന്നത് അവൻ എന്നിൽ പെട്ടവനല്ല.

(ബുഖാരി)

# ബൈബിളിലില്ലാത്ത ത്രിത്വ വാദം

ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസമായ ത്രിത്വം യേശു പ്രബോധിച്ചതായി ബൈബിളിൽ യാതൊരു തെളിവുമില്ല എന്നത് ക്രിസ്തു മതം മറുപടി പറയേണ്ട ഒരു വെല്ലുവിളി തന്നെയാണ്.


അതാഉൽ മുജീബ് റാശിദ്

ക്രിസ്തുമതത്തിന്റെ അടിസ്ഥാ ന വിശ്വാസ പ്രമാണം ത്രിത്വമാണ്. അത് കൊണ്ട് ത്രിത്വ സിദ്ധാന്തത്തെ പറ്റി ബൈബിൾ പ്രാമാണികമായി തന്നെ വ്യാപകമായും ആവർത്തിച്ചും വിശദീകരിക്കേണ്ടതുണ്ടെന്ന് നമ്മുടെ യുക്തി ആവശ്യപ്പെടുന്നു. ത്രിത്വത്തിന്റെ അസ്തിത്വം ചരിത്ര പരമായും തെളിയിക്കേണ്ടതുണ്ട്. അതായത് പൗരാണിക കാലം മുതൽ തന്നെ ഈ സിദ്ധാന്തത്തിന്റെ സാന്നിദ്ധ്യം തെളിയിക്കണം. അദ്ഭുതകരമെന്ന് പറയട്ടെ ക്രിസ്ത്യാനികൾ അഭിമാനപൂർവം വിശ്വസിക്കുന്ന ത്രിത്വ സിദ്ധാന്തം രണ്ട് വീക്ഷണ കോണിലും തെറ്റാണെന്ന് തെളിയുന്നു. യേശു ഒരിക്കലും ത്രിത്വം പ്രബോധിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്ത്യാനികൾ ത്രിത്വത്തെ പറ്റി ബൈബിളിൽ സൂചനയുണ്ടെന്ന് പറഞ്ഞ് ഈ വാദത്തെ എതിരിടാറുണ്ട്. ഉദാഹരണത്തിന് മത്തായി 28: 19* ലെ പരാമർശം. ഈ വചനത്തിൽ മൂന്ന് അസ്തിത്വങ്ങളെക്കുറിച്ച് കേവലം പരാമർശിച്ചത് കൊണ്ട് മാത്രം ത്രിത്വത്തെ സ്ഥാപിക്കലാവുന്നില്ല. ഈ പരാമർശം ശരിയാവണമെന്നില്ല. അതിനെപറ്റി യേശു പരാമർശിക്കേണ്ടതുണ്ട്. എന്നാൽത്രിത്വത്തെപറ്റി പരാമർശിക്കേണ്ടതിന് പകരം യേശു എപ്പോഴും ദൈവത്തിന്റെ ഏകത്വത്തെപറ്റിയും അവനെ ആരാധിക്കേണ്ടതിനെപ്പറ്റിയുമാണ് പറഞ്ഞത്. ഈ വസ്തുത തെളിയിക്കുന്നതിന്റെ ചില ഉദാഹര ണങ്ങൾ.

***'ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശു ക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ' (യോഹ:17:3)***

***'നീ എന്തിന് എന്നെ നല്ലവൻ എന്നു വിളിക്കുന്നു. ദൈവം അല്ലാതെ മറ്റൊരു നല്ലവൻ ഇല്ല.' (ലൂക്ക: 18:19)***

***യേശു പറഞ്ഞു : 'പരമ പ്രധാനമായത് ഇതാണ്, അല്ലയോ ഈസ്റായേൽ കേൾക്കൂ ,നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ് '(മാർക്ക് 12:29)***



യേശുവിന്റെ ജീവചരിത്രം ആകമാനം നാം പരിശോധിക്കുക യാണെങ്കിൽ അദ്ദേഹം എപ്പോഴും ദൈവത്തിന്റെ ഏകത്വം മാത്രമാണ് പ്രേഷണം ചെയ്തതായി മനസ്സി ലാക്കാൻ സാധിക്കുക. ത്രിത്വത്തെ പറ്റി അദ്ദേഹം പ്രബോധനം ചെയ്ത ഏതെങ്കിലുമൊരു സംഭവം ചൂണ്ടി ക്കാട്ടുവാൻ സാദ്ധ്യമല്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിന്റെ ഏക ത്വത്തിൽ വിശ്വസിക്കുക മാത്രമല്ല അത് മറ്റുള്ളവരിൽ പ്രചരിപ്പിച്ചതാ യി നിരവധി സംഭവങ്ങൾ ബൈബി ളിൽ വ്യക്തമായി രേഖപ്പെടുത്തി യിരിക്കുന്നു. യേശുവിന്റെ കുരിശ് സംഭവത്തിന് മുമ്പായി നടന്ന ബൈബിൾ വിവരണങ്ങൾ ഈ വസ്തുത വ്യക്തമായി തെളിയി ക്കുന്നു.

യേശുവിനെ ക്രൂശിക്കാൻ വേണ്ടി കുറ്റമാരോപിച്ച് യഹൂദികൾ പിടിച്ചപ്പോൾ എന്തായിരുന്നു വാസ് തവത്തിൽ അദ്ദേഹത്തിന്റെ മേൽ ചാർത്തപ്പെട്ട കുറ്റം? അദ്ദേഹം ദൈവത്തിൽ പങ്കുകാരനാണെന്ന് സ്വയം വാദം ഉന്നയിച്ചു എന്നതാ യിരിക്കണമല്ലോ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുറ്റം. അതായത് ദൈവത്തിന്റെ അസ്തിത്വസങ്കൽ പ്പത്തിലെ ഒരംശം താനാണെന്ന് യേശു വാദിച്ചു എന്ന്!! എന്നാൽ യോഹന്നാന്റെ സുവിശേഷ പ്രകാരം വിചാരണ വേളയിൽ ചോദ്യം ചെയ്തപ്പോൾ യേശു പറഞ്ഞ കാര്യം ബൈബിൾ വിവരിക്കുന്നു:

***'മഹാപുരോഹിതന്മാർ യേശു വിനോട് അവന്റെ ശിഷ്യന്മാരേയും അവന്റെ പ്രബോധനത്തെയും കുറിച്ച് ചോദിച്ചു. യേശു പറഞ്ഞു: ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു. എല്ലാ യഹൂദരും ഒന്നിച്ചു കൂടുന്ന സിനഗോഗുകളി ലും ദേവാലയത്തിലും വച്ചാണ് ഞാൻ എപ്പോഴും സംസാരിച്ചത്. ഞാൻ ഒന്നും രഹസ്യമായി പറ ഞ്ഞിട്ടില്ല. പിന്നെയെന്തിന് എന്നോട് ചോദിക്കണം? ഞാൻ എന്താണ് പറഞ്ഞതെന്ന് കേട്ടവരോട് ചോദി ക്കുക. ഞാൻ പറഞ്ഞത് അവർ ക്കറിയാം'(യോഹ: 18:10)***

യേശു തന്റെ പ്രബോധനം പരസ്യമായിട്ടാണ് നടത്തിയതെന്ന് ഈ വചനം തെളിയിക്കുന്നു. അദ്ദേഹം പ്രവാചകന്മാരുടെ പാര മ്പര്യം പിന്തുടർന്ന് കൊണ്ട് സത്യം യാതൊന്നും മറച്ചുവെക്കാതെ എല്ലാം പരസ്യമായി പറയുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ അദ്ദേഹം യഹൂദന്മാർക്ക് അഹിത കരമായ ദൈവദൂഷണം (ത്രിത്വ വാദം) പറയുകയാണെങ്കിൽ പരസ്യമായി പറഞ്ഞ അക്കാര്യം കേട്ട ആയിരക്കണക്കിന് ശ്രോ താക്കളുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന് വിരുദ്ധമായി യേശുവിന്റെ വിശ്വാസമില്ലായ്മ തെളിയിക്കാൻ നിരവധി സാക്ഷികളുണ്ടാകുമായി രുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. യേശുവിന്റെ വിശ്വാ സമില്ലായ്മ തെളിയിക്കാൻ ഒരു സാക്ഷിയെ പോലും ഹാജരാക്കാൻ അവർക്ക് സാധിച്ചിട്ടില്ല. യഹൂദ പുരോഹിതമുഖ്യൻ കള്ള സാക്ഷി കളെ പോലും ഹാജരാക്കി നോക്കി. പക്ഷേ അവർക്ക് കെട്ടി ചമച്ച ആരോപണം തെളിയിക്കാൻ സാധി ച്ചില്ല. അത് ഇപ്രകാരം ബൈബിളിൽ രേഖപ്പെട്ടുകിടക്കുന്നു:

***കാര്യം എങ്ങനെ കലാശിക്കാം എന്നു കാണാൻ അയാൾ അക ത്തുകടന്നു പരിചാരകരുടെ കൂടെ ഇരുന്നു. മുഖ്യ പുരോഹിതരും സംഘം മുഴുവനും യേശുവിന് മരണശിക്ഷ വിധിക്കാൻ അവന് എതിരെ കള്ളതെളിവുകൾ കിട്ടു മോ എന്ന് നോക്കി. പല കള്ള സാക്ഷികളും മുന്നോട്ടുവന്നെ ങ്കിലും തെളിവൊന്നും അവർക്ക് കിട്ടിയില്ല. '(മത്തായി. 26:59-60)***

***'മുഖ്യപുരോഹിതരും സംഘം മുഴുവനും യേശുവിന് മരണ ശിക്ഷവിധിക്കാൻ അവന്ന് എതിരെ തെളിവുകൾ കിട്ടുമോ എന്നു നോക്കി. എന്നാൽ തെളിവൊന്നും അവർക്ക് കിട്ടിയില്ല. പലരും യേശു വിന്നെതിരെ കള്ളസാക്ഷ്യങ്ങൾ പറഞ്ഞെങ്കിലും അവരുടെ മൊഴി കൾക്ക് പൊരുത്തം ഇല്ലായിരുന്നു. ചിലർ എഴുന്നേറ്റു അവനെതിരെ കള്ളസാക്ഷ്യം പറഞ്ഞു. 'മനുഷ്യ കരങ്ങൾകൊണ്ട് നിർമിച്ച ദേവാ ലയം ഞാൻ നശിപ്പിക്കും. മനുഷ്യ കരങ്ങൾകൊണ്ട് നിർമിക്കാത്ത മറ്റൊന്ന് മൂന്ന് ദിവസം കൊണ്ട് ഞാൻ പണിയുകയും ചെയ്യും' എന്ന് ഇവൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നിട്ടും അവരുടെ മൊഴികൾ പൊരുത്തപ്പെട്ടിട്ടില്ല.' (മാർക്ക് 14:55-59)***

യേശുവിനെതിരെ യഹൂദികൾ നടത്തിയ ദുരാരോപണങ്ങൾ തെളിയിക്കാൻ സത്യ സാക്ഷികളെ ഹാജരാക്കുവാൻ അവർക്ക് സാധി ച്ചിരുന്നില്ല. അത് ഈ ബൈബിൾ പരാമർശങ്ങളിൽ നിന്ന് വളരെ വ്യക്തമാണ്. അവരുടെ ആരോ പണങ്ങളിൽ നീതിമാനായ ന്യായാ ധിപൻ അതൃപ്തി രേഖപ്പെടുത്തി.

***'പീലാത്തോസ് മുഖ്യ പുരോ ഹിതനോടും ജനത്തോടും പറ ഞ്ഞു: ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.'(ലൂക്ക് 23:4)***

***'അപ്പോൾ പീലാത്തോസ് മുഖ്യ പുരോഹിതരേയും പ്രമാണികളെ യും ജനങ്ങളെയും വിളിച്ചു കൂട്ടി പ്പറഞ്ഞു: ജനങ്ങളെ വഴിപിഴപ്പി ക്കുന്നു എന്ന കുറ്റം ആരോപിച്ച് ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവന്നു. ഇതാ നിങ്ങളുടെ മുമ്പേ വെച്ച് പരിശോധി ച്ചിട്ടും നിങ്ങൾ ആരോപിക്കുന്ന കുറ്റമൊന്നും ഈ മനുഷ്യനിൽ ഞാൻ കണ്ടില്ല. ഹെറോദോസും കണ്ടില്ല. കാരണം അയാൾ ഇവനെ മടക്കി അയച്ചിരിക്കുന്നു. ഇതാ മരണ ശിക്ഷ അർഹിക്കുന്നതൊ ന്നും ഇവൻ ചെയ്തിട്ടില്ല.' (25:15-15)***

***'പിലാത്തോസ് ചോദിച്ചു : എന്താണ് സത്യം? ഇത് ചോദിച്ച ശേഷം അയാൾ വീണ്ടും യഹൂ ദരുടെ അടുക്കൽ ചെന്ന് പറഞ്ഞു: ഞാൻ ഇവനിൽ കുറ്റമൊന്നും കാണുന്നില്ല.' (യോഹ: 18:, 38) 'താൻ വിചാരിച്ചാൽ നടക്കാൻ പോകില്ലെന്നും മറിച്ച് ഒരു ലഹള ഉണ്ടായേക്കാമെന്നും തോന്നിയിട്ട് പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിന് മുമ്പാകെ***

*കൈകഴുകി പറഞ്ഞു: ഈ മനുഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക'(മത്തായി 27:24)*

ത്രിത്വത്തിനെതിരെ ഞങ്ങളുടെ വാദമിതാണ്. കോടതിയിൽ ഏക ദൈവത്തിൽ വിശ്വസിക്കുന്ന യഹൂദരുണ്ടായിരുന്നുവല്ലോ. ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഇന്ന് വിശ്വസിക്കുന്നത് പോലെ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിരുന്നുവെങ്കിൽ യഹൂദന്മാർ അക്കാര്യം കോടതിയിൽ സ്ഥാപിക്കുമായിരുന്നു. തീർച്ചയായും യഹൂദികളുടെ മതവിശ്വാസത്തിനെതിരെ ദൈവദൂഷണം പറഞ്ഞതായും അതു വഴി യേശു കുറ്റവാളിയാണെന്ന് എളുപ്പത്തിൽ സ്ഥാപിക്കാനും സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മേലുള്ള ദൈവദൂഷണ കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിനെതിരെ കോടതിയിൽ ഹാജരാക്കിയ സാക്ഷികളെല്ലാം കള്ളസാക്ഷികളാണെന്ന് തെളിയുകയുമാണുണ്ടായത്.

യോഹന്നാൻ രേഖപ്പെടുത്തുന്നു: ***'ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു'** ( യോഹ: 18:20)*

വാസ്തവത്തിൽ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആയിരക്കണക്കിനാളുകൾ സാക്ഷികളായി എളുപ്പത്തിൽ ലഭിക്കുമായിരുന്നു. അദ്ദേഹമാകട്ടെ പരസ്യമായിട്ടാണ് തന്റെ വിശ്വാസ പ്രഖ്യാപനം നടത്തിയത്. ഒന്നും രഹസ്യമായിരുന്നില്ല. യേശു ത്രിത്വം പറഞ്ഞിരുന്നുവെങ്കിൽ അവർക്ക് കള്ളസാക്ഷികളെ ഹാജരാക്കേണ്ടി വരുമായിരുന്നില്ല. യേശു പറഞ്ഞ കാര്യങ്ങൾ യഹൂദ മതത്തിന്റെ അംഗീകൃത വിശ്വാസമായ ഏക ദൈവ വിശ്വത്തിനെതിരായ, ദൈവ ദൂഷണമാണെന്ന് തെളിയിക്കാൻ ഒരു യഥാർഥ സാക്ഷിയേയും അവർക്ക് ഹാജരാക്കാൻ സാധിച്ചില്ല. ഇതിൽ നിന്ന് ഒരാൾക്ക് ന്യായമായും എത്തിച്ചേരാവുന്ന നിഗമനം, യേശു ഒരിക്കലും ത്രിത്വ സിദ്ധാന്തം പറഞ്ഞിട്ടില്ല എന്നാണ്. പകരം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്നു കൊണ്ട് ദൈവത്തിന്റെ ഏകത്വത്തെ പ്രബോധിക്കുകയാണ് അദ്ദേഹം ചെയ്തത്. അതിലുപരിയായി യേശുവിന്റെ കാലത്ത് ത്രിത്വം എന്ന വിശ്വാസം നിലവിലില്ലായിരുന്നു എന്നും തെളിയുന്നു. അതിന് ശേഷമാണ് അത് കണ്ടെത്തിയത്. ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനും വാഗ്ദത്ത മഹ്ദിയുമായ ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു:

*'ത്രിത്വം എന്ന സിദ്ധാന്തം ഖുആൻ മാത്രമല്ല തൗറാത്തും ബൈബിളും-പഞ്ചഗ്രന്ഥി)ഖണ്ഡിച്ചിരിക്കുന്നു. മോസസിന് നൽകപ്പെട്ട തോറയിൽ ത്രിത്വത്തെ സംബന്ധിച്ച് യാതൊരു സൂചന പോലുമില്ല. സത്യമിതാണ്. ത്രിത്വത്തിന്റെ അദ്ധ്യാപനങ്ങൾ ഇരു ബൈബിളിലുമില്ല. ഏതെങ്കിലും ഒരു അദ്ധ്യാപനം ബൈബിളിലുണ്ടെങ്കിൽ അത് ത്രിത്വത്തെ പറ്റിയുമല്ല. അത് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ പറ്റി മാത്രമാണ്. അതുകൊണ്ട് എല്ലാ കഠിനമായ എതിരാളികളായ പാതിരിമാരും ബൈബിളിൽ ത്രിത്വം കാണാത്തതിന്റെ പേരിൽ കുമ്പസാരിക്കട്ടെ. യേശു തന്റെ ജീവിതത്തിലൊരിക്കലും ത്രിത്വം പ്രബോധിച്ചിട്ടില്ല. മറിച്ച് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ കുറിച്ച് മാത്രമാണ് പറഞ്ഞത്' (ചശ്മെ മസീഹ്)*


**ഇതിഹാസവത്കരിക്കപ്പെട്ട യേശുവിന്റെ ജീവിതം നിഗൂഢതകൾ നിറഞ്ഞതാണ്. കുരിശു സംഭവത്തിൽ നിന്ന് രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെതേടി ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. അനിഷേധ്യവും വിസ്മയകരവുമായ ഈ സത്യം വാഗ്ദത്ത മസീഹിന്റെ ദിവ്യതൂലികയാൽ വിവരിക്കപ്പെടുന്നു.**

# യേശു മിശിഹാ ഇന്ത്യയിൽ

**ഹദ്റസ്ഥ് മിയ്യസാ ഗുലാം അഹ്മദ് (അ)**

**ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**




# ഖുർആന്റെയും ഗീതയുടെയും സന്ദേശങ്ങൾ

നവാബ് അക്തർ യാർ ജംഗ്

ദൈവത്തിൽ നിന്നും വെളിപ്പെട്ട നിരവധി വിശുദ്ധ വചനങ്ങൾ കൊണ്ട് അനുഗ്രഹീതമായ മതഗ്രന്ഥമാണ് ശ്രമദ് ഭഗവത് ഗീത.

മനുഷ്യൻ, അവന്റെ സൃഷ്ടിപ്പ്, സൃഷ്ടിയുടെ ഉദ്ദേശ്യം എന്നീ സുപ്രധാന വിഷയങ്ങളെക്കുറിച്ച് എല്ലാ ദേശങ്ങളിലുമുള്ള സകല ജനവിഭാഗങ്ങളും ചിന്തിക്കുകയും സംവാദത്തിലേർപ്പെടുകയും ചെയ്തു പോരുന്നു. ഇത്തരം വിഷയങ്ങൾക്ക് ഉത്തരം കാണാൻ ഭൂമിയിൽ നിന്ന് മാത്രമല്ല ഉപരി ലോകത്ത്നിന്നും മനുഷ്യന് മാർഗദർശനം ലഭിച്ചു പോന്നിട്ടുണ്ട്. ഭൗമികമായ സഹായം എന്നത് കൊണ്ട് തത്ത്വശാസ്ത്രങ്ങളും ദൈവികമായ സഹായം എന്നത് കൊണ്ട് മതങ്ങളും എന്നതുമാണ് ഞാൻ ഉദ്ദേശിച്ചത്. അതായത് ഇത്തരം വിഷയങ്ങളിൽ മനുഷ്യന്റെ അജ്ഞതയെ അകറ്റുവാൻ മനുഷ്യന്റെ ശ്രമങ്ങളെ ദൈവം സർവദാ സഹായിച്ചുപോന്നിരുന്നു. ഇത്തരം വിഷയങ്ങളോടുള്ള മനുഷ്യന്റെ തത്ത്വചിന്താപരമായ സമീപനത്തെ ദൈവം മതോദ്ബോധനങ്ങളിലൂടെ സഹായിക്കുന്നു. എങ്കിലും തത്ത്വചിന്തകന്മാരുടെയും മതാചാര്യന്മാരുടെയും സമീപനത്തിലുള്ള ചില വൈജാത്യങ്ങൾ ഇത്തരം വിഷയങ്ങളെ കൂടുതൽ സങ്കീർണമാക്കുകയും ചെയ്തിട്ടുണ്ട്.

**രണ്ട് അടിസ്ഥാന തത്ത്വങ്ങൾ**

ആശയങ്ങളിലുള്ള വൈജാത്യങ്ങൾ കാരണം മതപരവും തത്ത്വജ്ഞാന പരവുമായ ചിന്താപദ്ധതികൾ രൂപപ്പെട്ട്വരികയും അവയുടെ വൈരുദ്ധ്യാത്മക സമീപനം ഏതെങ്കിലും രീതിയിലുള്ള സമന്വയം ഏറെക്കുറെ അസാദ്ധ്യമാക്കുകയും ചെയ്തു. എന്നിരിക്കിലും ശ്രേഷ്ഠമായ മതങ്ങളിലെല്ലാം തന്നെ അടിസ്ഥാനപരമായ ഒന്നോ രണ്ടോ പൊതു തത്ത്വങ്ങൾ നിലനിന്നിരുന്നതായി കാണാം. ഇവയിൽ ഒന്ന് മനുഷ്യന് ഒരു സ്രഷ്ടാവ് ഉണ്ടെന്നതും അവന്റെ സൃഷ്ടിക്ക് നിദാനം അപാരമായ ഒരു ശക്തിയുടെ പ്രവർത്തനമാണെന്നതുമാണ്. മനുഷ്യന്റെ ശരീരവും ആത്മാവും ദൈവത്തിൽ നിന്ന് വ്യതിരിക്തമായി സൃഷ്ടിക്കപ്പെട്ടതാണോ അതോ ദൈവത്തിൽ നിലനിൽക്കുന്നതാണോ തുടങ്ങിയ ചില കാര്യങ്ങൾ ആശയപരമായ വിയോജിപ്പുകൾ കണ്ടേക്കാമെങ്കിലും ഖുദാ, പരമേശ്വരൻ, ദൈവം തുടങ്ങിയ വ്യത്യസ്ത നാമങ്ങളിൽ വിളിക്കപ്പെടുന്ന ഒരു മഹദ്ശക്തി വിശേഷണമാണ് സർവസൃഷ്ടികൾക്കും നാഥൻ എന്ന വസ്തുത എല്ലാ മതങ്ങളും അംഗീകരിക്കുന്നു. മേൽ പറഞ്ഞ വ്യത്യസ്ത നാമങ്ങളാകട്ടെ ഈ ശക്തി വിശേഷത്തെ പ്രതിപാദിക്കുവാനായി വ്യത്യസ്ത കാലദേശങ്ങളിൽ മനുഷ്യ സമൂഹങ്ങൾ ഉപയോഗിച്ചുവന്ന വ്യത്യസ്ത നാമരൂപങ്ങളാണെന്ന് മാത്രം. വിശുദ്ധ ഖുർആൻ പറയുന്നു:

'***വിശിഷ്ട നാമങ്ങളൊക്കെയും അവന് മാത്രം അർഹതപ്പെട്ടത തത്രെ.***'

സർവ മതങ്ങളും അംഗീകരിക്കുന്ന മറ്റൊരു കാര്യം മനുഷ്യൻ

ആവിർഭൂതനായാൽ ഒരിക്കലും അവൻ നശിക്കുകയില്ലെന്നും അവന് അനന്തമായ ജീവിതമുണ്ടെന്നതുമാണ്. ഇതിന്നർത്ഥം ഭൗതിക ശരീരം നശിക്കില്ലെന്നല്ല. മറിച്ച് ആത്മാവ് പലതരം അവസ്ഥാന്തരങ്ങളിലൂടെ അനശ്വരമായി തുടരുന്നു എന്നാണ്. നമ്മുടെ കോശങ്ങൾ നിമിഷന്തോറും നശിക്കുകയും പുതിയകോശങ്ങൾ നിർമിക്കപ്പെട്ടുകൊണ്ട് നമ്മുടെ ശരീരം നവീകരിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഏത് കോശത്തിന്റെയും ആയുസ്സ് 7 വർഷമാണെന്നിരിക്കെ മനുഷ്യ ശരീരത്തിന്റെ കൂടിയ ആയുസ്സ് 7 വർഷമാണെന്നതാണ് ഒരു തത്ത്വ ചിന്താ മതം.

**അനശ്വരമായ ആത്മാവ്**

എനിക്ക് 60 വയസ്സായി. എന്റെ ശരീരം ഇതിനകം എട്ട് തവണ നവീകരിക്കപ്പെടുകയുണ്ടായി. ഇപ്പോഴത് ഒമ്പതാമത്തെ നവീകരണത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. ഞാൻ ജനിച്ചപ്പോൾ എന്റെ മാതാപിതാക്കന്മാർ എന്നെ ഗുലാം നവാബ് അക്തർ എന്ന് വിളിച്ചു. എന്റെ ശൈശവവും ബാല്യവും കൗമാരവും പിന്നിട്ട് ഞാൻ വാർധക്യത്തിലേക്ക് പ്രവേശിച്ചിട്ടും ഞാൻ ബാഹ്യമായ ശൈശവത്തിൽ മാത്രം കണ്ട ശേഷം പിന്നീട് ഇപ്പോൾ കാണുന്ന ഒരാൾ എന്നെ തിരിച്ചറിയുകയേയില്ല. എന്തിന് ശൈശവത്തിലെ എന്റെ ഒരു ഫോട്ടോ കണ്ടാൽ ഞാൻ പോലും എന്നെ തിരിച്ചറിയണമെന്നില്ല. എന്നാൽ ഞാൻ എന്റെ മാതാവിൽ നിന്നും സ്തന്യപാനം ചെയ്ത അതേ ഗുലാം അക്തർ തന്നെ! എന്റെ സ്വന്തം അസ്തിത്വത്തെക്കുറിച്ച് എനിക്കുള്ള ബോധ്യത്തിന്റെ അത്ര തന്നെ ഈശ്വരൻ ഉണ്ട് എന്ന് എനിക്ക് ദൃഢ ബോധ്യമുണ്ട്. ശൈശവത്തിൽ നിന്ന് വളർന്ന് ഇപ്പോഴത്തെ അവസ്ഥയിൽ എത്തി നിൽക്കുന്ന എന്റെ വ്യക്തിത്വത്തിന്റെ ആ തുടർച്ചയെക്കുറിച്ച് എന്റെ വിശ്വാസത്തെ ചോദ്യം ചെയ്യാൻ എത്ര പ്രഗല്ഭനായ യുക്തി ചിന്തകനും സാധ്യമല്ല തന്നെ. ഈ കാര്യത്തിൽ എന്തെങ്കിലും ന്യായീകരണത്തിന്റെ പ്രസക്തിപോലുമില്ല. കാരണം ഈ വസ്തുത അത്രമാത്രം സുദൃഢമാണ്.

ഇത് പോലെ എന്റെ ജന്മസമയത്ത് എനിക്ക് പ്രദാനം ചെയ്യപ്പെട്ട എന്റെ ആത്മാവ്, അത്പോലെ തന്നെ തുടർന്നും നിലനിൽക്കും. നാളെ എന്റെ ഈ ശരീരം നശിക്കുമ്പോഴും അന്തര്യാമിയായ ആത്മാവ് ഒന്നല്ലെങ്കിൽ മറ്റൊരു രൂപത്തിലോ അവസ്ഥയിലോ നിരന്തമായി തുടരും. ഈ വിധത്തിൽ നോക്കുമ്പോൾ എല്ലാ മതങ്ങൾക്കും ഏകാഭിപ്രായമുള്ള വിഷയമാണ് ആത്മാവിന്റെ നൈരന്തര്യം എന്ന് കാണാം. ഇതേ തത്ത്വത്തെ ആധാരമാക്കി തന്നെയാണ് മനുഷ്യന്റെ രക്ഷാശിക്ഷാദികളെ പ്രതിപാദിക്കുന്ന നിയമവും അവതീർണമായത്. അതുകൊണ്ട് തന്നെ ആത്മാവിന്റെ ശാശ്വത സ്വഭാവത്തിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ വരും ജീവിതത്തിന്റെ പ്രകൃതം എന്തായിരിക്കുമെന്നും അതിന് വേണ്ടി മനുഷ്യന് എന്തു ചെയ്യാൻ സാധിക്കുമെന്നുമുള്ളതിനെ പറ്റിയും മറ്റും പ്രസക്തമായ ചിന്താവിഷയങ്ങളായി മാറുന്നു.

എനിക്ക് തികച്ചും അപരിചിതമായ സ്ഥലത്തേക്ക് യാത്ര ചെയ്യേണ്ടതുണ്ടെന്നിരിക്കട്ടെ. അവിടം സന്ദർശിച്ചിട്ടുള്ളവരിൽ നിന്ന് യാത്രാ മാർഗത്തെക്കുറിച്ചും യാത്രയിൽ നേരിട്ടേക്കാവുന്ന പ്രതിസന്ധിയെക്കുറിച്ചും അവിടത്തെ വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളെക്കുറിച്ചും അതുമായി പൊരുത്തപ്പെടാൻ എടുക്കേണ്ട മുൻ കരുതലുകളെ ക്കുറിച്ചും ഞാൻ അറിയുവാൻ ശ്രമിക്കുന്നു. എന്നാൽ മരണാനന്തര ജീവിതത്തെക്കുറിച്ചാകട്ടെ അവിടുത്തെ അവസ്ഥാ വിശേഷങ്ങളെക്കുറിച്ചാകട്ടെ നമുക്കാർക്കും അനുഭവ ജ്ഞാനമില്ല. അതുള്ളവരാകട്ടെ അത് പകർന്ന് തരാൻ തിരികെ വരുന്നുമില്ല. പിന്നെയെങ്ങനെയാണ് വരാനുള്ള ആ ജീവിതത്തിനായി ഞാൻ തയ്യാറെടുക്കേണ്ടത്? ആ ജീവിതത്തിലെ സുഖാനുഭവങ്ങളെ പറ്റിയും യാതനകളെക്കുറിച്ചും പറഞ്ഞ് തരാൻ അറിവുള്ള ആരെയും ഞാൻ കാണുന്നില്ല.

ഇന്നല്ലെങ്കിൽ നാളെ ഈ ലോകം ഉപേക്ഷിച്ച് അജ്ഞാതമായ മറ്റൊരു ജീവിതത്തിലേക്ക് പ്രവേശിക്കേണ്ട നമ്മൾ അത്തരമൊരവസ്ഥയെക്കുറിച്ച് പൂർണമായ അന്ധകാരത്തിൽ കഴിയേണ്ടി വരുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇഹലോക ജീവിതാനന്തരമുള്ള ജീവന്റെ തുടർച്ചയിൽ വിശ്വസിക്കുന്ന നമ്മൾക്ക് അവസ്ഥയെക്കുറിച്ചുള്ള അറിവിന് ഉപാധികളില്ലാതെ വരുമോ? നമ്മുടെ ജനനത്തിന് മുമ്പേ തന്നെ നമുക്കായി ജീവിത സാഹചര്യങ്ങളൊരുക്കിവെക്കുകയും ഭൂചന്ദ്ര വായു ജലാഹാരാദികളെ നമ്മുടെ സേവനത്തിനായി സൃഷ്ടിക്കുകയും ചെയ്ത വിധാതാവ് പാരത്രിക ലോകത്തെ ക്കുറിച്ചുള്ള അറിവ് നമ്മിൽ നിന്ന് മറച്ചു പിടിക്കുമോ?

ലോകത്തിലുള്ള എല്ലാ തത്ത്വ ചിന്താപദ്ധതികളും പഠിച്ച ശേഷം നിങ്ങൾക്ക് അവയിൽ നിന്ന് വല്ല മാർഗ നിർദേശങ്ങളും ലഭിക്കുന്നുണ്ടോയെന്ന് നോക്കുക. ആധുനിക ശാസ്ത്രങ്ങളിലുള്ള എന്റെ അറിവില്ലായ്മ ഞാൻ മറച്ചു വെക്കുന്നില്ല. എന്നാൽ ദൈവാനുഗ്രഹത്താൽ നിങ്ങളേവരും അഭ്യസ്തവിദ്യരും വിജ്ഞാനികളുമാണല്ലോ. ആധുനിക ശാസ്ത്രം നിങ്ങൾക്ക് ഇക്കാര്യത്തിൽ എന്ത് നവവിജ്ഞാനമാണ് പ്രദാനം ചെയ്തിട്ടുള്ളത്? അവ പുതിയതായൊന്നും തന്നെ പ്രദാനം ചെയ്യുന്നില്ല എന്നതാണ് വാസ്തവം. വ്യതിയാനങ്ങൾക്കുപരിയായി ഞാൻ ഗുലാം നവാബ് അക്തർ ആയി തുടർന്നു. ഇനി അന്വേഷണ തലമൊന്ന് മാറ്റി ലോകത്തിലെ വ്യത്യസ്ത ധർമങ്ങളും ധർമാനുശാസനങ്ങളും ഗുരുപദേശങ്ങളും പരതി നോക്കിയാൽ മരണാനന്തര ജീവിതത്തെ കുറിച്ചുള്ള കൃത്യവും സ്പഷ്ടവുമായ അധ്യാ

പനങ്ങൾ നമുക്കവിടെ ലഭ്യമാണെന്ന് കാണാം. അത്തരം ഗുരുക്കന്മാർ മുനി, ഋഷി, നബി, പ്രവാചകൻ എന്നീ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു. അവരിൽ ഒരാളാണ് കൃഷ്ണൻ അലൈഹിസ്സലാം (സമാധാനം അദ്ദേഹത്തിന്റെ മേൽ വർഷിക്കട്ടെ). ഹിന്ദു ജനത ഈശ്വരാവതാരമായിക്കരുതുന്ന ഈ പുണ്യപുരുഷനെ ആദരിക്കുന്നതിൽ ഞാൻ മുൻപന്തിയിലാണ്. അതുകൊണ്ട് പ്രവാചകന്മാർക്കെല്ലാം അർഹമായ അഭിവാദനം ഈ പുണ്യത്മാവിനായും സമർപ്പിക്കട്ടെ.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ)യുടെ ആഗമനത്തിന് മുമ്പും പരമകാരുണികനായ ദൈവം തന്റെ പ്രവാചകരെ വ്യത്യസ്ത ദേശങ്ങളിലേക്കും വ്യത്യസ്ത ജനപഥങ്ങളിലേക്കും അയച്ചുകൊണ്ടിരുന്നതായി അഹ്മദികൾ വിശ്വസിക്കുന്നു. ഭാരതവും ഈ വിധം ദൈവാനുഗ്രഹത്തിന് പാത്രമായിരുന്നിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

പരമ കാരുണികനായ ദൈവം തന്റെ സന്ദേശവാഹകരെ എല്ലാ ദേശത്തിലേക്കും നിയോഗിച്ചതായി വിശുദ്ധ ഖുർആൻ പറയുന്നു. ഭാരതത്തിലേക്കും ദൈവ സമ്പർക്കത്താൽ അനുഗൃഹീതരായ പ്രവാചകന്മാർ വന്നിട്ടുണ്ട്. ദൈവം ഒരു ദേശത്തിന്റേതല്ല മറിച്ച് സർവലോകങ്ങൾക്കും അധിപനാണെന്നിരിക്കെ അത് തികച്ചും സ്വഭാവികമാണല്ലോ (റൂഹാനി ഖസായിൻ, വാള്യം 20, പേജ്-131)

ശ്രീരാമചന്ദ്രനും ശ്രീകൃഷ്ണനും യഥാർഥ പരമേശ്വരനല്ലെന്നത് ശരിതന്നെ. പക്ഷേ അവർ പരമാത്മാവായ ദൈവത്തിൽ നിന്ന് നിയുക്തരായ അവതാര പുരുഷന്മാരായിരുന്നു. ദൈവിക ചൈതന്യം അവരിൽ അവതീർണമായിരുന്നു. അതുകൊണ്ടാണ് അവർ 'അവതാരങ്ങൾ 'എന്ന് വിളിക്കപ്പെട്ടത്. (*സനാതന ധർമം- ഹാശിയ, പേ. 11*)

ദൈവിക വെളിപാടനുസരിച്ച് താൻ ശ്രീകൃഷ്ണ സമാനനാണെന്ന് പ്രഖ്യാപിച്ച്കൊണ്ട് ഹദ്റത്ത് അഹ്മദ് (അ)പറയുന്നു:

'സർവശക്തനായ ദൈവത്തിൽ നിന്ന് ഞാൻ ഈ കാലഘട്ടത്തിലേക്ക് നിയോഗിതനായത് കേവലം മുസ്‌ലിം ജനതയുടെ മാത്രം ഉദ്ധാരണത്തിനായല്ല. മറിച്ച് ഹൈന്ദവ ക്രൈസ്തവ മുസ്‌ലിം ജനങ്ങളുടെ ഒന്നിച്ചുള്ള ഉദ്ധാരണത്തിനാണ്. ഏപ്രകാരം ഞാൻ ക്രൈസ്തവ മുസ്‌ലിം സമൂഹത്തിന് വാഗ്ദത്ത മസീഹാണോ അപ്രകാരം തന്നെ ഞാൻ ഹിന്ദുക്കൾക്ക് അവതാരവുമാണ്. ലോകത്തെ അതിന്റെ വർധിതമായ പാപങ്ങളിൽ നിന്നും തിന്മകളിൽ നിന്നും മോചിപ്പിക്കാനായി വന്ന മറിയമിന്റെ പുത്രൻ മസീഹിനെ പോലെയും ഹൈന്ദവാവതാരങ്ങളിൽ സർവ ശ്രേഷ്ഠനായ ശ്രീകൃഷ്ണനെ പോലെയും ആണ് ഞാനും ഈ ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആത്മീയ വീക്ഷണത്തിൽ ഞാൻ അവർ തന്നെയാണ്. ഇത് കേവലം മസ്തിഷ്ക്കകൽപ്പിതമായ ഒരു ആശയമോ ഒരു സങ്കൽപ്പമോ അല്ല. മറിച്ച് സർവലോക സ്രഷ്ടാവായ ദൈവം ആവർത്തിച്ച് എന്നെ ഉദ്ബോധിപ്പിച്ച വസ്തുതയാണ്.' (റൂഹാനി ഖസായിൻ വാ. 30, പേജ്. 228-29)

ഖുർആനിക ദർശനമനുസരിച്ച് മുസ്‌ലിംകൾ പ്രവാചകന്മാർക്കിടയിൽ വ്യത്യാസം കൽപ്പിക്കരുത്. നോഹ, മോസസ്, അബ്രഹാം, യേശു എന്നിവരെ പോലെ എല്ലാ ദേശത്തും ആഗതരായ പ്രവാചകന്മാരെ മുസ്‌ലിംകൾ ആദരിക്കുന്നു. അവർ നമുക്ക് അറിയുന്നവരോ അറിയാത്തവരോ എന്ന വിഷയം ഇക്കാര്യത്തിൽ പ്രസക്തമല്ല. മനുഷ്യൻ സ്വന്തം കർമങ്ങൾക്ക് കണക്ക് പറയണമെന്നിരിക്കെ അവനെ നയിക്കാൻ ഗുരുക്കന്മാരും മാർഗദർശകന്മാരും ഉണ്ടായിരിക്കണമല്ലോ

*'എല്ലാ ഓരോ സമുദായത്തിനും ഒരു മാർഗ ദർശകൻ വന്നു കഴിഞ്ഞിട്ടുണ്ട്.' (13:8)*

*'ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല.' (35:25) 'തീർച്ചയായും നിനക്ക് മുമ്പേ പല ദൂതന്മാരെയും ഞാൻ അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം ഞാൻ നിനക്ക് നൽകിയിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം ഞാൻ നിനക്ക് നൽകിയിട്ടില്ല.' (40:76)*

അറേബ്യൻ ജനതക്ക് നേരിട്ട് അറിയുന്നതോ ചരിത്രത്തിലൂടെ പരിചിതമായതോ അല്ലെങ്കിൽ അവരുടെ സമീപദേശങ്ങളിൽ വന്നിട്ടുള്ളതോ ആയ പ്രവാചകന്മാരെ പറ്റി മാത്രമേ വിശുദ്ധ ഖുർആനിൽ പരാമർശമുള്ളൂ. അത്തരം ദേശങ്ങളുടെ ചരിത്രം പറയപ്പെടുമ്പോഴെല്ലാം അവിടങ്ങളിലുണ്ടായിരുന്ന പ്രവാചകന്മാരെ പറ്റിയുള്ള ധാരാളം പരാമർശങ്ങൾ ഖുർആനിൽ കാണാം. എന്നാൽ പ്രവാചകന്മാർ അയക്കപ്പെടാത്ത ഒരു സമൂഹവും കഴിഞ്ഞുപോയിട്ടില്ലെന്നും അത് ഉദ്ഘോഷിക്കുന്നു. ഈ കാരണത്താൽ ശ്രീകൃഷ്ണ നാമം വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടില്ല എന്നത് അദ്ദേഹത്തിന്റെ പ്രവാചകത്വം നിഷേധിക്കപ്പെടാനുള്ള കാരണമല്ല. ഏഷ്യാഭൂഖണ്ഡത്തിൽ സാംസ്ക്കാരികമായി ഇത്ര മാത്രം പ്രചാരം സിദ്ധിക്കുകയും ഈജിപ്ത്, ഗ്രീസ് മുതലായ രാഷ്ട്രങ്ങളിൽ പോലും പ്രഭാവം ചെലുത്തുകയും ചെയ്ത തത്ത്വചിന്തകളും ജ്ഞാന പദ്ധതികളും സ്വായത്തമായ ഒരു രാജ്യം ഗുരുപരമ്പരകളാലും പ്രവാചകന്മാരാലും അനുഗൃഹീതമല്ലെന്ന് വരുമോ? ആകയാൽ ഭാരതീയരായ ഗുരുക്കന്മാരെയും സന്യാസിമാരെയും ആദരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഹിന്ദുക്കൾ അവരുടെ ഗുരുക്കന്മാരെയും പ്രവാചകന്മാരെയും അവതാരങ്ങളായികണക്കാക്കുന്നതിൽ പ്രതിഷേധിക്കാനൊന്നുമില്ല. അവതാരം എന്ന പദം മുസ്‌ലിംകൾക്ക് എത്ര അപരിചിതമാണോ അത്ര കണ്ട് റസൂൽ, നബി,

പൈഗമ്പർ എന്നീ പദങ്ങൾ ഹിന്ദുക്കൾക്കും അപരിചിതമാണ്. ഇത്തരം വൈജാത്യങ്ങളാണ് പല വർഗീയമായ അസ്വസ്ഥതകൾക്കും അസ്വാരസ്യങ്ങൾക്കും കാരണമാകുന്നത്. അതുകൊണ്ട് ഇത്തരം പദവ്യത്യാസങ്ങൾക്ക് അമിത പ്രാധാന്യം നൽക്കേണ്ടതില്ല. മൗലാനാ റൂമി അദ്ദേഹത്തിന്റെ 'മസ്നവി 'യിൽ ഒരു കഥ വിവരിക്കുന്നുണ്ട്. ഉദാര മനസ്ക്കനായ ഒരാൾ ഒരിക്കൽ വ്യത്യസ്ത ദേശക്കാരായ നാലു പേരെ ഒരുമിച്ച് വിളിച്ച് എന്തെങ്കിലും വാങ്ങിച്ചു കൊണ്ടുവരുവാനായി ഒരു ചെറിയ തുകഏൽപ്പിച്ചു. അതിൽ അറബി 'ഇനബ്' വാങ്ങാമെന്നും പേർഷ്യക്കാരൻ 'അങ്കൂർ' വാങ്ങാമെന്നും തുർക്കി 'ഓസാം' വാങ്ങാമെന്നും റോമക്കാരൻ 'ഇസ്തഫിൽ' വാങ്ങാമെന്നും പറഞ്ഞു. ഇതിൽ ഏത് വാങ്ങണമെന്നതിനെക്കുറിച്ച് തർക്കമായി. ഈ നാലു ഭാഷകളും അറിയുന്ന ഒരാൾ അത് വഴി വരികയും അവർ നാലു പേരും ആഗ്രഹിക്കുന്ന വസ്തു ഒന്നു തന്നെ (മുന്തിരി)യെന്നു പറഞ്ഞ് അവരെ ബോദ്ധ്യപ്പെടുത്തുകയും അങ്ങനെ അവരുടെ കലഹം തീരുകയും ചെയ്തു. ആ വഴി വന്ന യാത്രക്കാരന്റെ അറിവിൽ നാലു പേരും സന്തുഷ്ടരായി. പ്രശ്ന രഹിതരും സമാധാന ചിത്തരുമായി. ഋഷിമാർക്കും മുനിമാർക്കും പരമേശ്വരനും അവതാരങ്ങൾക്കും വേണ്ടി വാദിക്കുന്നവരും റസൂലിനും നബിക്കും പൈഗമ്പറിനും ഖുദാക്കും വേണ്ടി വാദിക്കുന്നവരും തമ്മിലുള്ള തർക്കവും ഈ കഥയിൽ പറഞ്ഞതിൽ നിന്നും ഭിന്നമല്ല.

**ഹദ്റത്ത് ശ്രീകൃഷ്ണൻ**

സുപ്രസിദ്ധ മുഹദ്ദിസ് ആയ ദൈലമി തന്റെ ഫിർദൗസിൽ അക്ബർ എന്ന ഗ്രന്ഥത്തിൽ നബി (സ) പ്രസ്താവിച്ചതായി ഇപ്രകാരം രേഖപ്പെടുത്തുന്നു

'**ഇന്ത്യയിൽ കാർവർണനായ ഒരു പ്രവാചകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം 'കാഹിന' എന്നായിരുന്നു.**'

ഉലമാക്കൾ ഇത്തരം ഹദീസുകളെ വിമർശിക്കാറുണ്ട്. ഇപ്പോൾ അതൊരു വിഷയമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഇനി ശ്രീകൃഷ്ണനെക്കുറിച്ചുള്ള പ്രസ്തുത ഹദീസ് അടിസ്ഥാന രഹിതമാണെങ്കിൽ കൂടി അഞ്ചാം ശതകത്തിലും ആറാം ശതകത്തിലും മുസ്ലിംകൾക്കിടയിൽ ശ്രീ കൃഷ്ണൻ എന്ന പേരിൽ ഒരു പ്രവാചകൻ ഭാരതത്തിൽ ജീവിച്ചിരുന്നു എന്ന ഒരാശയം നിലനിന്നിരുന്നു എന്ന് മനസ്സിലാവുന്നു. അദ്ദേഹത്തിനുണ്ടായിരുന്ന പ്രശസ്തി നിമിത്തമായിരിക്കണം ദൈലമി അദ്ദേഹത്തെക്കുറിച്ചുള്ള ഈ ഹദീസ് തന്റെ ഗ്രന്ഥത്തിൽ ചേർത്തത്. ഇത് എന്റെ വ്യക്തി പരമായ കാഴ്ച്ചപ്പാടല്ല. മറിച്ച് എഴുനൂറ് എണ്ണൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ ഭാരതീയ മുസ്ലിം കളുടെയിടയിൽ നിലനിന്ന ഒരു കാഴ്ച്ചപ്പാടായിരുന്നു. ഹിന്ദുക്കൾ ശ്രീരാമ ചന്ദ്രനേയും ശ്രീകൃഷ്ണ നേയും അവരുടെ ആത്മീയ ഗുരുക്കന്മായി കാണുന്നു. ആക യാൽ നാമും ഇവരെ പ്രവാചകന്മാരായി അംഗീകരിക്കണം

എന്നാൽ ഹിന്ദുക്കൾ ഇവരിൽ ദിവ്യത്വം (ദൈവികത്വം) കൽപ്പിക്കുന്നത് തീർച്ചയായും തെറ്റാണ്. ഈ തെറ്റിദ്ധാരണക്ക് നിദാനം മറ്റു പല മത ഗ്രന്ഥങ്ങളിലെന്നപോലെ ഭഗവത് ഗീതയിലൂടെ ഉപയോഗിച്ച ആലങ്കാരിക പ്രയോഗങ്ങളാണ്. ഇക്കാരണത്താൽ പ്രവാചകന്മാരെ ദൈവങ്ങളെയെന്ന പോലെ പ്രകീർത്തിക്കുവാൻ പ്രേരിതനായേക്കാം. ഉദാഹരണമായി വിശുദ്ധ ഖുർആനിൽ മുഹമ്മദ് നബി (സ) യെക്കുറിച്ച് ഇപ്രകാരം കാണാം. '***നീ പ്രതിയോഗികൾക്ക് നേരേ എറിഞ്ഞ പൂഴി യഥാർഥത്തിൽ നീയല്ല എറിഞ്ഞത്, നാമാണ്.***'

'***നിന്നോട് അനുസരണ പ്രതിജ്ഞചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോട് തന്നെയാണ് അനുസരണ പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈക്ക് മുകളിലുണ്ട്. താങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്***'

ഇവിടെയെല്ലാം ദൈവം പ്രവാചകന്റെ പ്രവൃത്തിയെ സ്വന്തം പ്രവൃത്തിയായും പ്രവാചക ഹസ്തങ്ങളെ സ്വന്തം ഹസ്തങ്ങളായും കാണുകയും ചെയ്യുന്നു. സർവോപരി പ്രവാചകനിലൂടെ ജനത്തെ എന്റെ ദാസർ എന്ന് അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. സൂഫി വര്യന്മാർ അവരുടെ കാഴ്ച്ചപാടിൽ ഇതിനെ പല വിധത്തിലും വ്യാഖ്യാനിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് (അ)മുഹമ്മദ് നബി(സ)യെ പറ്റി ഇപ്രകാരം പറയുന്നു.

'മുഹമ്മദ് നബി (സ)ഇഹപര ലോകങ്ങളുടെ പ്രവാചകനാകുന്നു. മുഹമ്മദ് നബി (സ) യുഗങ്ങളി ലൂടെ മനുഷ്യ ഹൃദയത്തെ ചൈതന്യവത്താക്കി. സത്യത്തെ ഭയക്കയാൽ ഞാനദ്ദേഹത്തെ ദൈവമെന്ന് വിളിക്കില്ല. പക്ഷേ ദൈവമഹിമയെ പ്രതിഫലിക്കുന്നതായിരുന്നു ആ വ്യക്തിത്വമെന്ന് നിശ്ചയം'. പ്രവാചക ജീവിതം ദൈവ സവിധത്തിലേക്കുള്ള ചൂണ്ടുപലകയാണെന്നതിൽ സംശയമില്ല. ദൈവത്തിൽ നിന്നേറെയകന്നവരെ പ്രവാചകൻ ദൈവത്തിലേക്ക് നയിച്ചു. അവരിലൂടെ മനുഷ്യർക്ക് ദൈവവുമായുള്ള ബന്ധം സുദൃഢമാകുന്നു. കുരുക്ഷേത്രത്തിൽ അർജുനനോട് സംസാരിക്കുന്നത് ദൈവം തന്നെയാണെന്ന് ഗീതാപഠനം വ്യക്തമാക്കുന്നു. ഒരു പ്രവാചകൻ ദൈവത്തിനായി ദൈവനാമത്തിൽ സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ വ്യതിരിക്തമായ ആത്മാവ് മധ്യവർത്തിയാകുന്നില്ല. മറിച്ച് ഇരുമ്പ് അഗ്നിയിൽ പഴുപ്പിച്ചെടുത്താൽ എപ്രകാരം സ്വയം അഗ്നിയായി മാറുന്നുവോ അപ്രകാരം അവന്റെ സത്ത ഈശ്വരനിൽ അലിഞ്ഞ് ചേരുന്നു. ആകയാൽ പ്രവാചക വചനങ്ങൾ ഈശ്വര വചനങ്ങൾ തന്നെയാണ്. ഗീതയുടെ ശൈലിയും ഇത്ത ന്നെയാണ്. ഇത് മനസ്സിലാക്കാ ത്തവരാണ് ഗീത ശ്രീകൃഷ്ണൻ എന്ന വ്യക്തിയുടെ

കഥനമായി തെറ്റിദ്ധരിക്കുകയും എല്ലാ ദൈവിക ശക്തിയും കൃഷ്ണ നിൽ ആരോപിക്കുകയും ചെയ്യു ന്നത്. ആകയാൽ അവർ ശ്രീകൃ ഷ്ണനെ ദൈവമായി കാണുന്നു. 'വഹ്ദത്തുൽ വുജൂദി' ന്റെ ഗൂഢത ത്ത്വങ്ങളിൽ സംഭവിച്ച തെറ്റിദ്ധാരണ തന്നെയാണ് ഇവിടെയും സംഭ വിച്ചത്. ആലങ്കാരിക കാര്യങ്ങൾ യഥാ തദങ്ങളാണെന്ന് മനസ്സിലാ ക്കാൻ ശ്രമിച്ചതാണ് ഇവിടെ കുഴ പ്പം. എന്നാൽ ഇതൊന്നും തന്നെ ശ്രീകൃഷ്ണന്റെ മഹത്വത്തെ കുറച്ച് കാണിക്കുന്നുമില്ല. ഗീതാ വചന ങ്ങൾ തന്നെ ശ്രീകൃഷ്ണന്റെ ഔന്നത്യത്തിനും മഹത്വത്തിനും ഉത്തമ ദൃഷ്ടാന്തമാണ്. ഖുർ ആന്റെയും ഗീതയുടെയും ഒരു താരതമ്യപഠനം അദ്ഭുതകരമായ സാമ്യം വെളിവാക്കുന്നു. രണ്ടു ദാഹരണങ്ങൾ മാത്രം ഞാൻ ചൂണ്ടി ക്കാട്ടാം. അത് മനനം ചെയ്യാനായി നിങ്ങൾക്ക് വിട്ടുതരുന്നു.

ഗീത കർമത്തെക്കുറിച്ച് മാത്ര മാണ് ആത്യന്തം പ്രതിപാദി ക്കുന്നത് മനുഷ്യന്റെ കർത്തവ്യ നിർവഹണ ത്തിന്റെ പ്രാധാന്യത്തെ മുൻനിർ ത്തി ഈശ്വരനോടുള്ള പ്രാർഥന (ഇബാദത്ത്) ആയി തന്നെയാണ് ഗീത വിവക്ഷിക്കുന്നത്. അതാകട്ടെ അറിവിന്റെ (ഇർഫാൻ) പ്രകടന വുമാണ്. സേവനമാണ് ഗീതയുടെ ആദർശം. സ്വാർഥ താൽപര്യങ്ങൾ ക്കതീതമായി, ആത്മാർത്ഥമായി അലക്ഷ്യബോധത്തോടെ കർമഫ ലേച്ഛയോ പ്രതിഫലേച്ഛയോ ഇല്ലാത്തതായിരിക്കണം ഈ പ്രവർ ത്തനം. താഴെ പറയുന്ന ഖുർആൻ വചനങ്ങൾ ഇതേ അർഥങ്ങൾ ഉൾ ക്കൊള്ളുന്നവയാണ്.

*'എന്റെ നമസ്ക്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവുംസർവലോക പരി പാലകനായ അല്ലാഹുവിനുള്ളതാ കുന്നു.'*

അതായത് ഒരു യഥാർഥ വിശ്വാസിയുടെ ജീവിതത്തിലെ ഓരോചലനവും പ്രവൃത്തിയും പരിത്യാഗവും തീർത്തും നിസ്വാർ ഥമായി ഈശ്വര സമർപ്പിതമായിരി ക്കണം. ഏറ്റവും മഹത്തരമായ സദാചാര ജീവിതത്തിന്റെ അടി സ്ഥാന സ്വഭാവമാണ് ഇവിടെ ഖുർ ആനിലൂടെയും ഗീതയിലൂടെയും വിവക്ഷിക്കപ്പെടുന്നത്.

ചിലർ ഗീതയുടെ സന്ദേശം അ ഹിംസയും സന്യാസവും മാത്രമാ ണെന്ന് തെറ്റിദ്ധരിക്കുന്നു. എന്നാൽ യഥാർഥത്തിൽ അത് കർമത്തി നാണ് പ്രാധാന്യം നൽകിയിരിക്കു ന്നത്. മാത്രമല്ല കർത്തവ്യനിർവ ഹണമാണ് സന്യാസത്തിന്റെ യഥാർഥ സ്വഭാവമായി ഗീത വിവ ക്ഷിക്കുന്നത്. തിന്മയെ പ്രതിരോധി ക്കുവാനും നന്മയെ സംസ്ഥാ പിക്കാനുമായി ധർമയുദ്ധം നയി ക്കേണ്ടതും മനുഷ്യനിൽ നിക്ഷിപ്ത മായ കർത്തവ്യമാണെന്ന് ഗീത അനുശാസിക്കുന്നു. ഗീത എന്ന ഗ്രന്ഥം തന്നെ ധർമയുദ്ധഭൂമിയിൽ തളർന്ന അർജുനനെ ശ്രീകൃ ഷ്ണൻ ഉപദേശിക്കുന്നതിന്റെ അവതരണമാണ്. രണ്ടാം അധ്യായ ത്തിൽ 31 മുതൽ 40 വരെ ശ്ലോകം ഈ വീക്ഷണത്തിന്റെ നിദർശ നമാണ്. ഉദാഹരണമായി 32-ാം ശ്ലോകത്തിൽ കൃഷ്ണൻ അർജുന നോട് പറയുന്നു. *'പാർഥാ ഈ യുദ്ധത്തിൽ നിനക്ക് മുമ്പിൽ സ്വർഗ കവാടം തുറന്നിടുന്നു'*

**ഗീതയുടെ തത്വം**

ഗഹന ശൂന്യമായ ഒരു ഗീതാ വായന ശ്രീകൃഷ്ണൻ വെറും ഒരു യുദ്ധദേവനാണെന്ന തെറ്റിദ്ധാരണ യുണ്ടാക്കിയേക്കാം. എന്നാൽ ശ്രീ കൃഷ്ണൻ സ്വയം ഈ യുദ്ധ മൊഴി വാക്കാൻ കഴിയുന്നതും ശ്രമിച്ച തായി മഹാഭാരതത്തിൽ കാണാം. യുദ്ധം പ്രഖ്യാപിക്കുന്നതിന് മുമ്പേ ശ്രീകൃഷ്ണൻ കൗരവരെ സമീ പിക്കുകയും പാണ്ഡവർക്ക് അവർ അർഹിക്കുന്ന വിഹിതങ്ങൾ നൽകു വാൻ പ്രേരിപ്പിക്കുകയും എന്നാൽ അഹങ്കാരത്തിൽ സ്വബോധം മറന്ന കൗരവർ ശ്രീകൃഷ്ണന്റെ നിർദേശ ങ്ങൾ പൂർണമായും നിഷേധിക്കു കയാണുണ്ടായത്. അതിന് ശേഷം മാത്രമാണ് യുദ്ധം പ്രഖ്യാപിക്ക പ്പെടുന്നത്. സത്യധർമങ്ങളുടെ സംസ്ഥാപനത്തിനായി നാം ചെയ്യു ന്ന ഒരു ത്യാഗവും അത്ര വലുത ല്ലെന്നുള്ളതാണ് ഗീത നൽകുന്ന മഹത്തായ സന്ദേശം. സത്യധർമ ങ്ങൾ ഭൂമിയിൽ ചവിട്ടി മെതിക്കപ്പെ ടുമ്പോൾ അതിനെതിരെ ആത്മ ത്യാഗത്തിനൊരുങ്ങാതിരിക്കുന്നത് അധർമമായിട്ടാണ് ഗീത വിവ ക്ഷിക്കുന്നത്. സത്യ സംസ്ഥാപന ത്തിനായി ഒരായിരം ജീവൻ ബലി കഴിക്കുന്നതിലും (അത്യാവശ്യ മെന്നു വന്നാൽ) തെറ്റില്ല. വ്യക്തി യുടെ സ്വന്തം നിലനിൽപ്പിനായുള്ള അവകാശം ഒരു തത്ത്വചിന്തയും ഒരു നിയമവും നിഷേധിക്കുന്നി ല്ലെങ്കിൽ പിന്നെയൊരു ജനത ക്കാകെ ബാധകമായ ധർമ വ്യവ സ്ഥിതിയുടെ സംരക്ഷണത്തിനായി പീഡകനെ തിരെയുള്ള യുദ്ധം അധാർമികമാകുന്നതെങ്ങിനെ? ഈയർഥത്തിൽ ഒരു കരണത്തടി ക്കുന്നവന് മറ്റേ കരണം കാണിച്ചു കൊടുക്കുന്നത് ധാർമികമോ സദാചാരമോ അല്ല!

പാണ്ഡവരിൽ നിന്ന് കൗരവർ അവരുടെ അവകാശങ്ങൾ കവർ ന്നെടുക്കുകയും അവരെ പീഢിപ്പി ക്കുകയും ആ പ്രവൃത്തികളിൽ നിന്ന് പിന്തിരിപ്പിക്കുവാൻ കഴിയാ തെ വരുകയും ചെയ്തപ്പോൾ യുദ്ധം അനിവാര്യമായി തീരുക യായിരുന്നു. ആകയാൽ അതിനെ വിമർശിക്കുന്നതിലർഥമില്ല. പരി ശുദ്ധഖുർആനും ഇതേ വസ്തുത ഉദ്ഘോഷിക്കുന്നു.

*'യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധംചെയ്യാൻ അനു മതി നൽകപ്പെട്ടിരിക്കുന്നു. എന്തെ ന്നാൽ അവർ അക്രമിക്കപ്പെട്ടിരി ക്കയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവു ള്ളവരാണ്. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്ന തൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരി ക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയംരക്ഷി ക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ*

***സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂത പള്ളികളും മുസ്ലിം പള്ളികളുമെല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു.'***

മറ്റൊരു സന്ദർഭത്തിൽ ഖുർആൻ അനുയായികളോട് ദൈവ നാമത്തിൽ യുദ്ധംചെയ്യാൻ ആഹ്വാനം ചെയ്യുന്നു. ***'അല്ലാഹുവിന്റെയും ദുർബ്ബലരായ പുരുഷന്മാരുടെ യും സ്ത്രീകളുടെയും കുട്ടികളുടെയും മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്ക് എന്തുണ്ട് ന്യായം? അവർ പ്രാർഥിക്കുന്നു: 'ഞങ്ങളുടെ നാഥാ, അക്രമികളായനിവാസികളുള്ള ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ!. ഞങ്ങൾക്ക് നിന്റെ പക്കൽ നിന്ന് നല്ല ഒരു സുഹൃത്തിനെ നീ നിശ്ചയിച്ചു തരേണമേ! നിന്റെ പക്കൽ നിന്നുള്ള വല്ല സഹായിയേയും നീ ഞങ്ങൾക്ക് നിശ്ചയിച്ചു തരേണമേ!'***

**ഗീതയും ഖുർആനും അംഗീകരിക്കുന്നവ**

ഈ വിധം ഖുർആനും ഗീതയും ഒരുപോലെ ധർമ്മസംര ക്ഷണത്തിനായി പോരാടാനാഹ്വാനം ചെയ്യുന്നു. ഗീതയിലെയും ഖുർആനിലെയും സമാനതകൾ നിങ്ങളെ ആകർഷിച്ചിരിക്കുമെന്ന് ഞാൻ കരുതട്ടെ. ഹിന്ദുക്കൾ അവരുടെ സദാചാര സംഹിതകളും മതോദ്ബോധനങ്ങളും പാലിക്കുന്നില്ലെന്ന് പറഞ്ഞേക്കാമെന്നാലും മുസ്ലിംകൾ എത്രത്തോളം ചെയ്യുന്നുണ്ട്? ഇന്നത്തെ മുസ്ലിംകളെ പൂർവ കാല മുസ്ലിംകളുമായി താരതമ്യം ചെയ്യാമോ? നിങ്ങൾ നിങ്ങളുടെ മതാനുശാസനകൾ അനുഷ്ഠിക്കുന്നുണ്ടോ? പ്രാർഥനകളും വ്രതങ്ങളും ധാരാളമായി ചെയ്യുന്നുണ്ടാകാം, പക്ഷേ ഹൃദയ നൈർമല്യം ഇനിയും നേടിയിട്ടില്ല. സൂര്യനുദിച്ചിട്ടും പ്രകാശം പരക്കാതിരിക്കുന്നത് ഏപ്രകാരം അസാദ്ധ്യമാണോ അപ്രകാരം അസാധ്യമാണ് ഖുർആനിലെ ഉദ്ബോധനങ്ങൾക്കനുസൃതമായി ജീവിച്ചിട്ടും ഗുണഫലങ്ങൾ ഉണ്ടാകാതിരിക്കുക എന്നതും. പ്രകടനാത്മകമായ പ്രാർഥനയും വ്രതങ്ങളും ഒരു മുസൽമാനെ വേർതിരിച്ചറിയിക്കുന്ന ചിഹ്നങ്ങളോ ആചാരങ്ങളോ മാത്രമാണ്. അല്ലാതെ ഇസ്ലാമിന്റെ ആത്യന്തിക ലക്ഷ്യമല്ല. അവ ആത്മശുദ്ധീകരണത്തിനും സദ്ഗുണങ്ങളുടെ സമ്പൂർണതക്കും വേണ്ടിയുള്ളതാണ്. നാം അവയെ ദുരഭിമാന പൂർവമായ ചിഹ്നങ്ങളാക്കി മാറ്റിയിരിക്കുകയാണ്. എന്നാൽ സൃഷ്ടിയുടെ ആത്യന്തിക ലക്ഷ്യം മാനവ രാശിയുടെ സമ്പൂർണത കൈവരിക്കലാണ്. മാനവരാശിയുടെ മഹത്വത്തിന് നിദർശകമായ ചില ഖുർആനിക വചനങ്ങൾ താഴെക്കൊടുക്കുന്നു.

***'നാം അവനെ സമ്പൂർണതയോടെ സൃഷ്ടിക്കുകയും നമ്മുടെ തന്നെ ആത്മാംശം അവനിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്തിരിക്കയാകയാൽ നിങ്ങൾ (മാലാഖമാർ) അവനെ പ്രണമിക്കുക (അനുസരിക്കുക)' (15: 31)***

മതത്തിന്റെ ഒരു പ്രധാന ധർമം മതബോധത്തോടെയും തദനുസൃതമായ ജീവിത ചര്യകളിലൂടെയും വ്യക്തിയേയും മാനവരാശിയെയും ആസകലം സമ്പൂർണതയിലേക്ക് നയിക്കുകയെന്നുമാകുന്നു. ആ വിധം ഭവിക്കുമ്പോൾ മറ്റെല്ലാ സൃഷ്ടികളും അവനു വിധേയമായി തീരുകയും ചെയ്യുന്നു.

***'ദൈവത്തിനെതിരെ പ്രവർത്തിക്കാതിരിക്കുക. അങ്ങനെയായാൽ ആരും നിനക്കെതിരെയും പ്രവർത്തിക്കാതെയാകും.'*** ഇത്തരുണത്തിൽ എന്താണ് മനുഷ്യനെന്നും എന്താണ് മാനവരാശിയെന്നും അറിഞ്ഞിരിക്കേണ്ടതിലേക്കായി മൗലാനാ ഹാലി രചിച്ച ഒരു വിലാപകാവ്യത്തിലെ ചില പ്രസക്ത ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കാം

*'നിനക്ക് ശ്രേഷ്ഠനോ പുണ്യാത്മാവോ ആകാൻ കഴിഞ്ഞേക്കാം എന്നാൽ ഒരു യഥാർഥ മനുഷ്യനാവാൻ എളുപ്പമല്ല.' എന്താണ് മനുഷ്യൻ? അയൽവാസിയുടെ ദുഖത്തെ അറിയുന്നവൻ; ഏദൻ തോട്ടത്തിലെയും, നജ്ദിലെയും ഉഷ്ണക്കാറ്റിൽ വാടിക്കരിയുന്നവൻ, സഹചാരിയുടെ ദുഃഖത്തെ സ്വയമനുഭവിക്കുന്നവൻ സുഖസൗകര്യങ്ങൾക്ക് നടുവിലും കാരാഗൃഹവാസികളെക്കുറിച്ചോർത്ത് ദുഃഖിക്കുന്നവൻ ഈജിപ്തിലെ രാജവായിരിക്കുമ്പോഴും അകലെ കാനാനിലെ വിനാശാഗ്നിയിൽ സ്വയം വെന്തെരിയുന്ന മനസ്ഥിതിയുള്ളവൻ*

**ശ്രീകൃഷ്ണൻ തെറ്റിദ്ധരിക്കപ്പെടുന്നു**

മാനവികതയെ ഇങ്ങനെ വിശദമാക്കാം: മനുഷ്യൻ രൂപത്തിൽ ഒരു ബിന്ദുവോ കണികയോ ആണ്. ഈ ബിന്ദു വികാസം പ്രാപിക്കുമ്പോളാകട്ടെ അതിന് അവന്റെ സഹാനുഭൂതിയുടേതായ സാഗരത്തിലെ മാനവരാശിയെ മുഴുവൻ ഉൾക്കൊള്ളാനാകും. ഈ അവസ്ഥ കേവലം പ്രകടനാത്മകമായ ജപതാപാദികളലിലൂടെയോതസ് ബീഹിലൂടെയോ വസീഫയിലൂടെ യോ മാത്രം ലഭ്യമല്ല. ആത്മാർഥയുള്ള ഇത്തരം പ്രകടനങ്ങളെ അവിശ്വാസത്തിന്റെയും വഞ്ചനയുടെയും അധാർ മികതയുടെയും അതിക്രമത്തിന്റെയും ഭാഗമായേകാണാൻ കഴിയൂ. ആത്മസംശുദ്ധിയുടെ പര്യായമായ മാനവി കതയിൽ ഇത്തരം തിന്മകൾക്ക് സ്ഥാനമില്ല. ഈ വിധ തിന്മകൾ മനസ്സിന്റെ നന്മകളെ ഇല്ലായ്മ ചെയ്യുന്നു. മറിച്ച് ആത്മസംശുദ്ധിയോടെ, സദുദ്ദേശ്യത്തോടെ അബദ്ധം ചെയ്തു പോയാലും അതു നന്മയായി മാറും ഇത് തന്നെയാണ് ഗീതോപദേശവും കുരുക്ഷേത്ര യുദ്ധവും നൽകുന്ന സന്ദേശം. പ്രകടമായി ആയിരങ്ങളെ ഹിംസിക്കുവാനുള്ള ആഹ്വാനമായി ഗീതോപദേശം തോന്നാമെങ്കിലും യഥാർഥത്തിൽ, തിന്മക്ക് മുകളിൽ നന്മയെ സംസ്ഥാപിക്കുവാനുള്ള ശ്രമമായിരുന്നു. നേരത്തെസൂചിപ്പിച്ചത്പോലെ പലരും ഗീതയിൽ അഹിംസയുടെ സന്ദേശം കണ്ടെത്തിയിരുന്നു. (അത് യുദ്ധം

പോലുള്ള കഠിനശ്രമത്തിന് ആഹ്വാനം നൽകുമ്പോൾ തന്നെ) ഗീതയിൽ അഹിംസയുടെ ഉദ്ബോധനമുണ്ടെന്ന് തന്നെയാണ് എന്റെയും അഭിപ്രായം. എന്നാൽ ലോകത്തെ ഒരു സേച്ഛാധിപതിയുടെ കൈകളാൽ നശിപ്പിക്കാൻ വിടുന്നതല്ല അഹിംസ. യഥാർഥത്തിൽ നീതിക്ക് വേണ്ടിയുള്ള ഹിംസയേക്കാൾ ശ്രേഷ്ഠമായ മറ്റെന്തുപദേശമാണുള്ളത്?

ശ്രീകൃഷ്ണനെ അവതാരമെന്നു കരുതി വിശ്വസിക്കുന്നവരുടെ ഭാവനാ വിലാസങ്ങളിൽ പലപ്പോഴും സത്യം മറക്കപ്പെട്ടു പോകുന്നു. ഗോപികമാരുമൊത്തു സുഖഭോഗങ്ങളിൽ മുഴുകിക്കഴിയുന്ന ശ്രീകൃഷ്ണനെപ്പോലെ ഒരാൾ, ആ വിധം ഭോഗാസക്തമായ ഒരു ജീവിതം നയിച്ചിരുന്നുവെന്നും ഗോപികമാരുടെ വസ്ത്രങ്ങൾ ഒളിപ്പിച്ചുവെന്നും തിരികെ നൽകാൻ അവരോട് വിവസ്ത്രരായി അഭ്യർഥിക്കണമെന്ന് പറഞ്ഞെന്നും മറ്റും ചിന്തിക്കുവാനാകുമോ? ഈ കഥകൾക്ക് എനിക്കെന്റേതായ ഒരു കാഴ്ച്ചപാടുണ്ട്. സ്വപ്ന ശാസ്ത്ര മനുസരിച്ച് സ്വയം നഗ്നമായി കാണുന്നു എന്നതിനർഥം സ്വയം നിന്ദ്യരായിത്തീരും എന്നാണ്. അധാർമികതയേക്കൾ വലിയ ആത്മനിന്ദയുണ്ടോ? ഇവിടെ ഗോപികമാർ കുളിക്കുന്ന പുഴ ജീവിതവും ലോകവുമാണ്. ഹാഫിസ് പറയുന്നത് പോലെ

'പ്രേമികൾ ഈ അഗാധ സാഗരത്തിൽ മുങ്ങി എങ്കിലും സ്വയം നനഞ്ഞതുമില്ല.' ഇവിടെ സ്ത്രീകൾ ലോക സുഖങ്ങളന്വേഷിച്ചു നടക്കുന്ന മനുഷ്യരുടെ പ്രതീകമാണ്. ലോകസുഖങ്ങൾ അന്വേഷിച്ചു നടക്കുന്നവൻ സ്ത്രീയെപ്പോലെയാണ് എന്ന് നമ്മുടെ ഇടയിൽ ഒരു ചൊല്ലുണ്ട്. ഇങ്ങനെ നോക്കുമ്പോൾ കഥയുടെ സാരാംശം ഇതാണ്. ലോക സുഖങ്ങളിൽ മുഴുകി നടക്കുന്നവൻ ആത്മ നിന്ദയോടെ ആത്മജ്ഞാനത്തെ സമീപിച്ചു. അദ്ദേഹം അവരിൽ ഉന്നതമായ തലത്തിലെന്ന പോലെ ഒരു മരത്തിൻ കൊമ്പിലിരുന്നു ഭക്തി ഭാവത്തിൽ വസ്ത്രങ്ങൾ വർഷിച്ചു. ശ്രീകൃഷ്ണന് ഗോപികമാരിലുള്ള അനുരാഗവും നബിക്ക് അനുചരോടുണ്ടായിരുന്നു എന്ന് ഖുർആൻ പറയുന്ന സ്നേഹവും ഒന്നു തന്നെയാണ്. വിശുദ്ധ ഖുർആൻ പറയുന്നു: *'**മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചന്മാരുടെ മുദ്രയുമാകുന്നു.**' (33:41)*

ഒരു പ്രവാചകൻ തന്റെ അണികളെ ഒരു പിതാവ് മക്കളെ എന്നതിലുപരി സ്നേഹിക്കുന്നുവെന്നാണ് ഇപ്പറഞ്ഞതിന്റെ അർഥം. ശ്രീകൃഷ്ണനു ഗോപികമാരോടുള്ള സ്നേഹവും അത്തരത്തിലുള്ളതാണ്. ഈ വിധത്തിൽ നോക്കിയാൽ ഗോപീകൃഷ്ണ ലീലകൾ അസന്മാർഗികമല്ലെന്ന് മാത്രമല്ല സ്നേഹത്തിന്റെയും ആർദതയുടെയും മഹദ് സന്ദേശങ്ങളാണുതാനും.

ചരിത്രം പറയുന്നത് പ്രകാരം ശ്രീകൃഷ്ണൻ ഗോപികമാരുടെ പരിലാളനകളിൽ വളരുകയും യൗവനാരംഭത്തിൽ മാതൃ സഹോദരനും സ്വേച്ഛാധിപതിയുമായ കംസനെ വധിക്കുകയും ചെയ്തു. രാജ്യാവകാശം അതുവരെ കംസനാൽ കാരാഗൃഹത്തിലടക്കപ്പെട്ട മാതൃ പിതാവായ ഉഗ്രസേനനെ ഏൽപ്പിക്കുകയുമാണ് ചെയ്തത്. ശ്രീകൃഷ്ണൻ താൻ നേടിയ രാജ്യാധികാരത്തിൽ ഒന്നിലും ഒരിക്കലും തൽപ്പരനായിരുന്നില്ല. ഇതദ്ദേഹത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു. ഇപ്രകാരം നോക്കുമ്പോൾ ശ്രീകൃഷ്ണനെ കുറിച്ച് തെറ്റിദ്ധാരണയുളവാക്കുന്ന പല കഥകളും ഒന്നുകിൽ പറഞ്ഞു പ്രചരിക്കപ്പെട്ടതോ അതല്ലെങ്കിൽ യഥാർഥ അർഥം മനസ്സിലാകത്തതിനാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടതോ ആണെന്ന് മനസ്സിലാക്കാം

ശ്രീകൃഷ്ണന്റെ മഹത്വം നാം മനസ്സിലാക്കണം. വളരെ അകലെ നിന്നോ ഇരുണ്ട വെളിച്ചത്തിലോ നോക്കിയാൽ ഒരു കയറിൻ കഷണം സർപ്പമാണെന്ന് തോന്നും. അതില്ലാതാകണമെങ്കിൽ അടുത്ത് ചെന്ന് ബോദ്ധ്യപ്പെടണം. ഇതുപോലെതന്നെ ലോകത്താകമാനമുള്ള പുണ്യചരിതന്മാരെ കൂടുതൽ അടുത്തറിയാൻ ശ്രമിക്കുക വഴി അവരെക്കുറിച്ചുള്ള തെറ്റിദ്ധാരണ മാറിക്കിട്ടുകയും നമ്മിലെ അജ്ഞത ഇല്ലാതാവുകയും ചെയ്യും.

*'മനുഷ്യൻ ആശയങ്ങളുടെ ഒരു സമാഹാരമാണ്. ഈ ലോകത്തിന്റെ നിലനിൽപ്പുപോലും ആശയങ്ങളുടെ ഒരു സമാഹാരം എന്ന പോലെയാണ്. മനുഷ്യൻ കാണുന്നതും തിന്നുന്നതും കുടിക്കുന്നതും പോലും ആശയങ്ങൾ തന്നെ'* ഇതാണ് ബർക്കിലി എന്ന ചിന്തകന്റെ ദർശനം. മൗലാനാ റൂമി പറയുന്നു: നീയെന്തിനെ ചൊല്ലിയാണ് വ്യാകുലപ്പെടുന്നത്? മരണശേഷം നിന്റെ എല്ലുംപൊടിയുമല്ലാതെ മറ്റെന്താണ് അവശേഷിക്കുക?

ഭാരതീയനായ പ്രശസ്ത കവി ഗാലിബ് പാടുകയുണ്ടായി

*'ഓ ആസാദ് ജീവിതത്താൽ വഞ്ചിതനാകരുത്. ഈ പ്രപഞ്ചം ചിന്തകളാൽ നെയ്തെടുത്ത ഒരു വല മാത്രമാണ്.'*

ആകയാൽ ഈ കാണുന്നതെന്തും ഒരു മിഥ്യയാണ്. മനുഷ്യന്റെ കർമങ്ങളും ഇത്തരം മിഥ്യയിലധിഷ്ഠിതമാണ്. എന്തിന് മാനവരാശി തന്നെ മിഥ്യയിലധിഷ്ഠിതമാണ്. എന്നാൽ ആശയങ്ങൾക്ക് നിദാനം രണ്ടു വസ്തുക്കളാണ്. മനുഷ്യന്റെ മനന ശീലവും മനുഷ്യ മനസ്സിന്റെ വൈകാരികതയും മനനശീലത്തിന് സ്വയം കർമോന്മുഖമാകുവാനാവില്ല. ഇത് വൈകാരികതക്ക് വിധേയമാണ്. ഒരു മോഷ്ടാവായാലും ദുഷ്ടാത്മാവായാലും ചിന്തകളിൽ നിന്ന് തന്നെയാണ് പ്രവൃത്തികൾ തുടങ്ങുന്നത്. എങ്കിലും വൈകാരികതയാണ് അവർക്ക് പ്രവൃത്തിയിലേർപ്പെടാൻ വേണ്ടതായ ക്രിയാശക്തി നൽകുന്നത്. മനനശീലവും അതിനനുസ്തൃമായ നല്ല വൈകാരിക പ്രേരണയും എന്നത് എല്ലാ മനുഷ്യരിലും സംഭവിക്കാറില്ല.

മനുഷ്യ വികാരങ്ങളെ സാമൂഹിക വ്യവസ്ഥിതിയും മതബോധവും ആയി അനുനയത്തിൽ കൊ

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തി നിയമത്തിൽ – 5

# ബഹുഭാര്യാത്വം: സാർവത്രിക നിയമമോ സോപാധിക അനുവാദമോ?

ഇന്ത്യൻ വ്യക്തിനിയമത്തിലെ വിവാഹ സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് അക്കാദമികമായ നിഷ്പക്ഷതയോടെ ലേഖകൻ എഴുതിയ ഗവേഷണ പ്രബന്ധം ബഹുഭാര്യാത്വത്തെ സംബന്ധിച്ച ഇന്ത്യൻ മുസ്‌ലിം വ്യക്തി നിയമത്തിലെ നാനാവശങ്ങളിലേക്ക് വെളിച്ചം വീശുന്നു.

ഡോ. കൗസർ, എടപ്പകത്ത്

ബഹുഭാര്യാത്വത്തെക്കുറിച്ചുള്ള പരാമർശം കൂടാതെ മുസ്‌ലിം വിവാഹത്തെ പറ്റിയുള്ള ചർച്ച അപൂർണമാണ്. ശരീഅത്ത് നിയമം പുരുഷന്മാർക്ക് ബഹുഭാര്യാത്വം അനുവദിക്കുകയും സ്ത്രീകൾക്ക് ഏകഭർതൃത്വം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന മുസ്‌ലിം വ്യക്തി നിയമം ഒരേ സമയം പുരുഷന് നാല് ഭാര്യമാരെവരെ വേൾക്കാൻ അനുവാദം നൽകുന്നു.

ഇസ്‌ലാമിലെ ബഹുഭാര്യാത്വം അതിന്റെ വക്താക്കളും വിമർശകരും ഒരു പോലെ തെറ്റിദ്ധരിച്ചിരിക്കയാണ്. തെറ്റിദ്ധാരണയെന്തെന്നാൽ പ്രവാചകൻ മുസ്‌ലിംകൾക്ക് ബഹുഭാര്യാത്വം നിരുപാധികം അനുവദിച്ചിരിക്കുന്നു എന്നതാണ്. മുസ്‌ലിം കുടുംബ നിയമത്തിന് കീഴിൽ മുസ്‌ലിം സ്ത്രീയെ അടിമകളാക്കിവെക്കുന്നു എന്ന് ഉദാഹരിക്കാൻ അതിന്റെ വിമർശകർ നിരന്തരമായി ബഹുഭാര്യാത്വത്തെ ചൂണ്ടിക്കാട്ടുന്നു. അതേസമയം അതിന്റെ വക്താക്കളാകട്ടെപൊതുവേ വിശുദ്ധഖുർആന്റെ ഇക്കാര്യത്തിലുള്ള അധ്യാപനങ്ങളുടെ യഥാർഥ അന്തസത്ത ഉൾക്കൊള്ളുന്നതിൽ പരാജയെപ്പടുകയും ബഹുഭാര്യാത്വം എന്നത് മുസ്‌ലിംകൾക്ക് ബഹുപത്നിമാരെ സ്വീകരിക്കാനുള്ള പൊതു ലൈസൻസായി ധരിച്ചിരിക്കുകയും ചെയ്യുന്നു. ബഹുഭാര്യത്വത്തിന്റെ വക്താക്കളും വിമർശകരും ധരിച്ചുവെച്ചിരിക്കുന്നതുപോലെ ബഹുഭാര്യാത്വം ഇസ്‌ലാമിന്റെ സൃഷ്ടിയല്ല. അനിയന്ത്രിതമായ ബഹുഭാര്യാത്വം ഇസ്‌ലാമിക പൂർവ അറേബ്യൻ സമൂഹത്തിലും അപ്രകാരം ലോകത്തിലെ മറ്റു സമൂഹങ്ങളിലും നിലനിന്നിരുന്നു. വാസ്ത വത്തിൽ ഇസ്‌ലാം ബഹുഭാര്യാ ത്വത്തെ നാലായി പരിമിതപ്പെടു ത്തുകയും ഈ സമ്പ്രദായത്തിനു മേൽ വിവിധങ്ങളായ ഉപാധികൾ കൊണ്ടുവരികയുമാണ് ചെയ്തത്. അനാഥകളെ വിവാഹം കഴിക്കുന്നത് സംബന്ധിച്ച് പറയുന്നിടത്താണ് ഖുർആൻ രണ്ടോ മൂന്നോ നാലോ എന്ന നിബന്ധന ഉപാധിയായി വെക്കുന്നത്. അതായത് വിവാഹ സംബന്ധമായി അനാഥകളോട് ചെയ്യേണ്ടുന്ന ചുമതലകളെ പറ്റി പ്രതിപാദിക്കുന്നിടത്താണ് ഖുർആൻ ഇത് അവതരിപ്പിക്കുന്നത്. ഇസ്‌ലാമിലെ ബഹുഭാര്യാത്വത്തിന്റെ പരമമായ അടിസ്ഥാനം ഭർത്താവിന് ഭാര്യമാരോട് നീതി പൂർവം പെരുമാറാൻ കഴിയുക എന്നതായിരിക്കണം. ഭർത്താവിന് അങ്ങനെ സാദ്ധ്യമാവാതെ വരുമ്പോൾ ഒരു വിവാഹം മാത്രമേ

---

ണ്ടുവരിക എന്നത് എളുപ്പമല്ല. ചിന്തകളെയും വൈകാരികതയേയും ശ്രേഷ്ഠമായി സമന്വയിപ്പിക്കുക എന്നത് മതങ്ങളുടെ ധർമമാണ്. ശ്രീമദ് ഭവത് ഗീത ചെയ്യുന്നതും ഇതു തന്നെയാണ് ആകയാൽ ഗീതോദ് ബോധകനായ ശ്രീ കൃഷ്ണൻ ആദരവും സ്തുതിയും അർഹിക്കുന്നു. ഗീത യഥാർഥത്തിൽ ശ്രീകൃഷ്ണൻ രചിച്ചതല്ല. മറിച്ച് ദൈവ നിശ്ചയത്താൽ ശ്രീകൃഷ്ണനിലൂടെ വെളിപ്പെട്ടതാണ്. അതു കൊണ്ടാണ് മഹാഭാരത യുദ്ധം കഴിഞ്ഞ അവസരത്തിൽ ശ്രീകൃഷ്ണനോട് ഗീത വീണ്ടും അവതരിപ്പിക്കാൻ അഭ്യർഥിച്ചപ്പോൾ അദ്ദേഹം അത് ചെയ്യാതിരുന്നത്. സദാ നവീനവും പ്രായോഗികവും ആശയ സമ്പുഷ്ടവുമായ ഈ മഹദ് ഗ്രന്ഥം മുസ്‌ലിംകൾ പഠിക്കുകയും ഉൾക്കൊള്ളുകയും വേണമെന്നും ആ വിധം ഹിന്ദു സഹോദരന്മാരെ കൂടുതൽ തങ്ങളോട് അടുപ്പിക്കുകയും വേണമെന്നാണ് എന്റെ അഭിപ്രായം. ആവിധം പരസ്പരം മനസ്സിലാക്കുക വഴി പരസ്പരം ബഹുമാനിക്കുവാനും കഴിയുന്നതാണ്. ഈ കാലഘട്ടത്തിൽ മത സൗ ഹാർദവും ശാന്തതയും ഐക്യവും നിലനിർത്തുവാൻ ഇത് മാത്രമേ ഒരു പോം വഴിയുള്ളൂ.

അനുവദിക്കപ്പെടുകയുള്ളൂ. അനാഥകളോട് നീതി പൂർവം വർത്തിക്കാൻ കഴിയുമെങ്കിൽ മാത്രമേ അയാൾക്ക് രണ്ടോ മൂന്നോ നാലോ ഭാര്യമാരെ വിവാഹം കഴിക്കാൻ അനുവാദമുള്ളൂ. നീതി പാലിക്കാൻ സാധ്യമല്ലെന്നുണ്ടെങ്കിൽ ഒരു ഭാര്യ മാത്രമേ പാടുള്ളൂ. ഇസ്‌ലാമിലെ ബഹുഭാര്യാത്വത്തിന്റെ ഉപാധി ഭർത്താവിന് എല്ലാ ഭാര്യമാരോടും നീതി പൂർവം വർത്തിക്കാനുള്ള കഴിവാണ്.[94] വിശുദ്ധ ഖുർആൻ പറയുന്നു:[95]

*'അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റു)സ്ത്രീകളിൽനിന്ന് രണ്ടു വീതമോ മൂന്നു വീതമോ നാലു വീതമോ നിങ്ങൾ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്യുക. അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അധീന സ്ത്രീകളിൽ നിന്നും (വിവാഹം ചെയ്തു കൊള്ളുക) നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത മാർഗം അതാണ്.'*

അതേ അദ്ധ്യായം 129-ാം വചനത്തിൽ പറയുന്നു:

*'നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതിപുലർത്താനാവുകയില്ല. അതിനാൽ നിങ്ങൾ ഒരുത്തിയുടെ ഭാഗത്തേക്ക് മുഴുവനായും ചാഞ്ഞു പോകരുത്. അതിന്റെ ഫലം മറ്റവളെ ബന്ധിക്കപ്പെട്ട വസ്തുവിനെ പോലെ വിടുകയായിരിക്കും.'* മേൽ വിവരിച്ച വചനങ്ങളിൽ നിന്നും ഇസ്‌ലാമിലെ ബഹുഭാര്യാത്വം ഒരു സാർവത്രിക നിയമമല്ലെന്നും അത് ഉപാധികളോടെയുള്ള അനുമതി മാത്രമാണെന്നും വ്യക്തമായും മനസ്സിലാവുന്നതാണ്. എത്രത്തോളമെന്നാൽ ഇസ്‌ലാമിൽ വിധിവിലക്കുകൾ ബാധകമായ അഞ്ചു വിഭാഗങ്ങളിൽ ബഹുഭാര്യാത്വം അനുവദനീയം എന്ന വിഭാഗത്തിലാണ് പെടുന്നത്. ഉദാ: 'മുബാഹ്'(പരിമിതമായി അനുവദനീയം). അതിൽ ശുപാർശ ചെയ്യപ്പെട്ടതിൽ രണ്ടാം വിഭാഗത്തിൽ പോലുമല്ല ബഹുഭാര്യാത്വം വരുന്നത്. ഇസ്‌ലാമിലെ ഏറ്റവും പ്രാമാണികമായ ഗ്രന്ഥമായ വിശുദ്ധഖുർആൻ ഏക ഭാര്യാത്വം സാർവത്രിക നിയമമായി ശുപാർശ പെട്ടിട്ടും ഇസ്‌ലാമിൽ രണ്ടോ അതിലധികമോ ഭാര്യമാർ വേണമെന്നത് നിർബന്ധമാണെന്നാണ് ഒരു പാട് ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നത്. ചിലരാകട്ടെ ഒന്നിലധികം ഭാര്യമാർ ഇസ്‌ലാമിൽ പുരുഷന്മാർക്കുള്ള പ്രത്യേകാവകാശമെന്നാണ് കരുതുന്നത്. ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന പലയാളുകളും ബഹുഭാര്യാത്വം എന്നത് ഏളുപ്പത്തിൽ പണമുണ്ടാക്കാനും കാമപൂരണത്തിനുമുള്ള വഴിയാണെന്നാണ് കരുതുന്നു. ചിലരാകട്ടെ അത് സർവശക്തനായ ദൈവം പുരുഷന്മാർക്ക് നൽകിയ ഒരു അവകാശമാണെന്നും ധരിച്ചിരിക്കുന്നു. ഉഹ്ദ് യുദ്ധാനന്തരമുള്ള സാമൂഹികാവസ്ഥക്ക് ഒരു മാർഗനിർദേശകമായിട്ടാണ് പ്രസ്തുത വചനം അവതരിച്ചത്. ആ കാലഘട്ടത്തിൽ വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്ന ബഹുഭാര്യാത്വം പ്രശ്ന നിർദാരണത്തിനായി പ്രവാചകൻ നിർദേശിക്കുകയായിരുന്നു. പ്രവാചകൻ യുദ്ധാനന്തര (ഉഹ്ദ് യുദ്ധം) മുണ്ടായ ആ പ്രത്യേകം സാഹചര്യത്തിൽ അനുവാദം നൽകുകയായിരുന്നു. യുദ്ധാനന്തരമുള്ള ആ സന്ദർഭത്തിൽ മുസ്‌ലിം സമൂഹത്തിൽ ധാരാളം അനാഥകളും വിധവകളുമായിരുന്നു ഉണ്ടായിരുന്നത്. പുരുഷന്മാർ ആകട്ടെ വളരെ കുറവും. ആ പരിതസ്ഥിതിയിൽ പോലും രണ്ടിലധികം ഭാര്യമാരോട് നീതി, സ്നേഹം, ശ്രദ്ധ മമത എന്നിവ പ്രകടിപ്പിക്കുക എന്നത് പോലും അത്യന്തം ദുഷ്ക്കരമാണെന്ന് പ്രവാചകന് സ്വയം ബോദ്ധ്യമാവുകയും ഏക പത്നിത്വമാണ് മുസ്‌ലികൾ കരണീയമെന്ന് പറയുകയും ചെയ്തു. ഖുർആന്റെ അനുജ്ഞ ഏക പത്നീത്വമാണ്. അതിൽ നിന്നുള്ള വ്യതിയാനമാണ് ഭഹുഭാര്യാത്വം, അതാണ് അപൂർവമായിരിക്കേണ്ടത്.

ഇന്ത്യൻ കോടതികൾ ബഹുഭാര്യാത്വം സ്വീകരിക്കുകയും അംഗീകരിക്കുകയും നിയമപ്രാബല്യം നൽകുകയും ചെയ്തതിന് കാരണം ബഹുഭാര്യാത്വം അനുവദിക്കുന്ന 1937 ലെ പ്രയുക്ത മുസ്‌ലിം വ്യക്തി നിയമം (ശരീഅത്ത്) (Muslim Personal Law (Shariat) Application Act, 1937) ഉള്ളത്കൊണ്ടാണ്, ഇന്ത്യൻ കോടതികൾ അത് അനുധാവനം ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് 1937 ലെ ഇന്ത്യൻ ശരീഅത്ത് നിയമ പ്രകാരം ബഹുഭാര്യാത്വത്തെ സംബന്ധിച്ച് നിയമങ്ങൾ സ്വീകരിക്കപ്പെടുകയും നിയമപ്രാബല്യം നൽകപ്പെടുകയും അനുവദിക്കപ്പെടുകയും അതിന് അധികാരം നൽകുകയും ചെയ്തു. എന്തായിരുന്നാലും സമകാലീന സമൂഹത്തിൽ ഈ നിയമത്തിന്റെ പ്രസക്തി സംവാദത്തിന് കുറിമാനമായിരിക്കുന്നു. ഖുർആന്റെ ഉപാധികൾ പ്രാവർത്തികമാക്കികൊണ്ട് ബഹുഭാര്യാത്വത്തെ വിപാടനം ചെയ്യേണ്ടതുണ്ട്. ഇന്നത്തെ രീതിയിലുള്ള ബഹുഭാര്യാത്വത്തെക്കാൾ അത് ഇല്ലാതാവുന്നതാണ് നീതിയുടെ താൽപര്യത്തിന് ഗുണകരം എന്ന് അസ്ഗറലി എഞ്ചിനീയർ വാദിക്കുന്നു.[96] ബഹുഭാര്യാത്വം അവസാനിപ്പിക്കുന്ന തടക്കം ഇന്ത്യയിലെ മുസ്‌ലിം കുടുംബ നിയമങ്ങൾ പരിഷ്ക്കരിക്കേണ്ടതുണ്ട് എന്ന് 'മുഹമ്മദൻ നിയമത്തിലെ മുല്ലാതത്ത്വങ്ങൾ' എന്ന കൃതിയുടെ ആമുഖത്തിൽ ജസ്റ്റീസ് ഹിദായത്തുല്ല അഭിപ്രായപ്പെടുകയുണ്ടായി.[97]

മുസ്‌ലിം നിയമ പരിഷ്ക്കാരങ്ങൾ സംബന്ധമായുള്ള ഒരു ചോദ്യാവലിക്ക് ഉത്തരമായി മുസ്‌ലിംകളിൽ നിന്നുള്ള പ്രതികരണം ഒരു മുസ്‌ലിം ശാസ്ത്രജ്ഞൻ റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്.ഒരാളുടെ അഭിപ്രായ പ്രകാരം ബഹുഭാര്യാത്വം നിരോധി

ക്കുന്നില്ലെങ്കിൽ കടുത്ത നിയന്ത്രണ ങ്ങളെങ്കിലും കൊണ്ട് വരേണ്ടതാണ്. അസാധാരണ സാഹചര്യങ്ങളിലെ ല്ലാം പുരുഷന്റെ ആദ്യഭാര്യയുടെ സമ്മതത്തോടെ അനു വദിക്കാവു ന്നതാണ്.[98] ജസ്റ്റീസ് ഭട്ടാചാ ചാര്യയുടെ അഭിപ്രായം എത്ര ത്തോളമെന്നാൽ, മുസ്‌ലിം നിയമം ബഹുഭാര്യാത്വത്തെ അംഗീകരിക്കു കയും ബഹു ഭർതൃത്വത്തെ നിരോ ധിക്കുകയും ചെയ്യുന്നു. പുരുഷ ന്മാർക്ക് ബഹുഭാര്യാത്വം അനുവദി ക്കുകയും സ്ത്രീകൾക്ക് ബഹുഭർ തൃത്വം കർശനമായി വിലക്കുകയും ചെയ്യുന്നത് പൗരന്മാർക്കിടയിൽ ലിംഗപരമായി യാതൊരു വിവേച നവും പാടില്ല എന്ന ആർട്ടിക്കിൾ 15 ന് വിരുദ്ധമാണ്.[99] ബഹു ഭാര്യാത്വം ഇന്ത്യൻ ഭരണഘടന യുടെ ആർട്ടിക്കിൾ 15 ന്റെ ലംഘന മാണോ എന്ന് കോടതികൾക്ക് മുമ്പിൽ ഒന്നിലധികം തവണ പരിഗ ണനക്ക് വരികയും അത് ലംഘന മല്ല എന്ന് വിധിക്കുകയുംചെയ്ത താണ്. ബോംബേ സ്റ്റേറ്റ് v/s അരാസു അപ്പ കേസിലെ പ്രശസ് തമായ വിധിയിൽ പുരുഷന്മാർക്ക് ബഹുഭാര്യാത്വവും സ്ത്രീകൾക്ക് ഏകഭർതൃത്വവും എന്നത് സ്ത്രീ കളെ സംബന്ധിച്ചിടത്തോളം വിവേചനമോ പക്ഷപാതിത്വമോ അല്ല എന്ന വീക്ഷണമാണ് പുലർ ത്തിയത്. അതിൽ ആർട്ടിക്കിൾ 15(1) ന്റെ ലംഘനീയമായി യാതൊന്നു മോ, ലിംഗപരമായ വിവേചനമോ ഒന്നു മില്ല. 100. കേരളാ ഹൈക്കോട തിയിൽ ആമിനാ v/s ഹസ്സൻകുട്ടി കേസിൽ101 ബഹുഭാര്യാത്വം എന്നത് മുസ്‌ലിം നിയമത്തിനു കീഴിൽ അപൂർവവും അസാധാരണവുമായ സാഹചര്യത്തിലാണ് അനുവദി ക്കപ്പെടുന്നത്. അബ്ദുർറഹ്മാൻv/s പത്മാ അബ്ദുർറഹ്മാൻ ആന്ദ്രേ കേസിൽ 102 ബോംബേ ഹൈക്കോ ടതി താഴെ പറയുന്ന നിലപാടാണ് സ്വീകരിച്ചത്.

'ഒരു മുസ്‌ലിം ഭർത്താവിന് ഒന്നിലധികം ഭാര്യമാരെ പരിഗ്രഹി ക്കാനുള്ള പ്രത്യേക നിക്ഷിപ്താ വകാശ ങ്ങളൊന്നുമില്ല. ബഹുഭാ ര്യാത്വത്തെ സംബന്ധിച്ച മുസ്‌ലിം നിയമത്തിന് കീഴിലുള്ള പരിമി തവും ഐച്ഛികവുമായ ഒരു അനുമതി മാത്രമാണത്. അല്ലാതെ അത് നിർബന്ധമായ കാര്യമല്ല. ഭാര്യമാരുടെ എണ്ണത്തിൽ അത് പരിധിവെക്കുന്നു. എല്ലാ മുസ്‌ലി മിനും നാല് ഭാര്യമാരുണ്ടായി രിക്കണമെന്ന അവകാശമൊന്നും ഈ നിയമം നൽകുന്നില്ല. അതൊരു പരിമിതമായ അനുമതി മാത്രമാണ്.'

കേരളാ ഹൈക്കോർട്ടിന്റെ ഡിവി ഷൻ ബഞ്ച് ഇയ്യിടെ പുറപ്പെടുവിച്ച വിധിയിൽ[103] ഭാര്യമാരോട് അനീതി പരമായി പെരുമാറുകയോ അവരു ടെ അവകാശങ്ങളെ ധ്വംസിക്കു കയോ ചെയ്യുന്ന ഒരു മുസ്‌ലിമിന് ഒന്നിലധികം ഭാര്യമാരെ സ്വീകരി ക്കുക എന്നത് അനുവദനീയമല്ല എന്ന നിലപാടാണ് സ്വീകരിച്ചത്. ഈ വിഷയത്തെ സംബന്ധിച്ച സമഗ്രമായ പഠനത്തിനും സുചിന്ത്യ മായ വിലയിരുത്തലിനും ശേഷം സംസ്ഥാനത്തെ പരമോന്നത നീതി പീഠം നടത്തിയ സ്തുത്യർഹമായ വിധി പ്രസ്താവം മുസ്‌ലിം സ്ത്രീയുടെ ദാരുണമായ അവസ്ഥ പരിഗണിച്ചു കൊണ്ടുള്ളതാണ്. അവരുടെ മതം അവർക്ക് ഏറ്റവും നല്ല നിലയിലുള്ള പരിരക്ഷ നൽകിയിട്ടും സ്ഥിതി ഇതാണ്.

വാസ്തവത്തിൽ ബഹുഭാര്യാ ത്വം പൊതുവായ പ്രതീതിജനി പ്പിക്കുന്നത് പോലെ വ്യാപകമല്ല എന്നാണ് സ്ഥിതിവി വരക്കണക്കു കൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ മുസ്‌ലിംകളേക്കാൾ കൂടുതലായി ബഹുഭാര്യാത്വം ആചരിക്കുന്നത് അമുസ്‌ലിംകളാണ് എന്നാണ് സ്ഥിതിവിവരക്കണക്കുകൾ അനിഷേധ്യമാം വിധം തെളിയി ക്കുന്നത്. 1961 ലെ സെൻസസ് പ്രകാരം ബഹുഭാര്യാത്വം ഏറ്റവും കൂടുതൽ ആചരിക്കപ്പെടുന്നത് ആദിവാസികൾക്കിടയിലാണ്(15.25%). പിന്നീട് യഥാക്രമം ബുദ്ധമതക്കാർ (7.9%), ജൈനന്മാർ(6.72%), ഹിന്ദുക്കൾ (5.80%) അവസാനമായി മുസ്‌ലിംകളുമാണ്(5.1%).[104] പ്രതിസ്ഥാനത്തുള്ളവരിൽ 4% മാത്രമാണ് ഒന്നിലധികം ഭാര്യമാരു ള്ളത്. ബഹുഭാര്യാത്വം സ്വീകരിച്ചവരി ലധികവും ഭാര്യമാർ വിവിധ വീടു കളിൽ കഴിയുന്നവരാണ്. ഒന്നില ധികം ഭാര്യമാരെ സ്വീകരിച്ചവർ എല്ലാം ആദ്യഭാര്യയെ അറിയി ക്കാതെയും സമ്മതമില്ലാതെയു മാണ്. രണ്ടാം വിവാഹത്തിലേർപ്പെ ട്ടത്. രണ്ടാം വിവാഹം കഴിച്ചതിന്റെ പേരിൽ ആദ്യ ഭാര്യ വിവാഹ മോച നം നേടിയത് മൂന്ന് പേരാണ്.

ഖുർആനിക ശാസനകളുടെ ചൈതന്യമുൾക്കൊണ്ടുകൊണ്ട് ചില മുസ്‌ലിം രാജ്യങ്ങൾ അവരുടെ വ്യക്തി നിയമങ്ങളിൽ ബഹുഭാര്യാ ത്വത്തിന് സമ്പൂർണ നിരോധന മേർപ്പെടുത്തിക്കൊണ്ട് നിയമ നിർമാണം നടത്തിയിട്ടുണ്ട്. പാകി സ്താനിൽ രണ്ടാം വിവാഹം ആദ്യഭാര്യയുടെ സമ്മതമില്ലാതെ നടത്താൻ പാടില്ല. ജോർദാൻ, ലബനാൻ, മൊറോക്കോ എന്നീ രാജ്യങ്ങളിൽ എല്ലാ സ്ത്രീൾക്കും വിവാഹസന്ദർഭത്തിൽ ഭർത്താവ് രണ്ടാം വിവാഹം കഴിക്കുന്നതിനെ തിരെ നിബന്ധനകൾ വെക്കാൻ അവകാശമുണ്ട്. ആ നിബന്ധന ഭർത്താവ് ലംഘിച്ചാൽ ഭാര്യക്ക് വിവാഹമോചനത്തിനായി ആവശ്യ പ്പെടാവുന്നതാണ്. സിറിയയിലും യെമനിലും സ്ത്രീകൾക്ക് അത്തരം നിബന്ധനകൾ വിവാഹ സന്ദർഭ ത്തിൽ ഉന്നയിക്കുന്നതിന് നിയമ പരമായ അവകാശമുണ്ട്. അൾ ജീരിയൻ കുടുംബനിയമത്തിൽ ശരീഅത്ത് നിയമത്തിന്റെ പരിധി യിൽ നിന്നു കൊണ്ടു മാത്രമേ അതായത് മുൻ ഭാര്യക്കോ ഭാര്യ മാർക്കോ നീതിയും തുല്യതയും ഉറപ്പ് വരുത്തിയാൽ മാത്രമേ ഒന്നിലധികം ഭാര്യമാരെ (നാലു വരെ) വിവാഹം കഴിക്കാൻ അനുവാദമുള്ളൂ. അപ്രകാരം മുൻ ഭാര്യയേയും ഭാവി വധുവിനും വിവാഹം കഴിക്കുന്ന പുരുഷന്റെ മറ്റു വിവാഹങ്ങൾ സംബന്ധിച്ച് അറിയിച്ചിരിക്കണം. ആദ്യഭാര്യയെ അറിയിക്കാതെ ഭർത്താവ് രണ്ടാം വിവാഹം കഴിച്ചാൽ അയാൾ ക്കെതിരെ നിയമപരമായ നടപടി

ക്കും വിവാഹ മോചനത്തിനും ആവശ്യപ്പെടാവുന്നതാണ്.

ഈജിപ്ത്, മൊറോക്കോ എന്നീ രാജ്യങ്ങളിൽ വിവാഹകാര്യ അധികാരി കൾക്ക് നിലവിലുള്ള വിവാഹങ്ങളെപറ്റി പൂർണമായ വിവരം നൽകിയിരിക്കണം. ഏതെങ്കിലുമൊരാൾ മറ്റൊരു വിവാഹം കഴിക്കാനാഗ്രഹിക്കുകയും ആ വിവാഹം ആദ്യ ഭാര്യക്ക് ഹാനിയായി തീരുകയോ ചെയ്യുകയാണെങ്കിൽ അവൾക്ക് വിവാഹമോചനം ആവശ്യപ്പെടാവുന്നതാണ്. ഈജിപ്തിൽ ഒരാളുടെ ആദ്യ വിവാഹം രണ്ടാം ഭാര്യയിൽ നിന്നും മറച്ചുപിടിക്കുകയാണെങ്കിൽ രണ്ടാം ഭാര്യക്ക് വിവാഹ മോചനം ആവശ്യപ്പെടാവു ന്നതാണ്. ഇറാഖ്, സിറിയ, അഫ്ഘാനിസ്താൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യാ, ഇറാൻ, മലേഷ്യ, ഫിലിപ്പീൻസ്, പാകിസ്താൻ, സോമാലിയ എന്നീ രാജ്യങ്ങളിൽ വിവാഹിതനായ ഒരാൾ മറ്റൊരു വിവാഹം കഴിക്കുകയാണെങ്കിൽ ആർബി ട്രേഷൻ കൗൺസിൽ/ഖാസി എന്നീ കോടതി/ അർധ ജുഡീഷ്യൽ സ്ഥാപനങ്ങളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങണം. ഇറാനിൽ അസാധാരണമായ ഒരു വകുപ്പ് ഇതോടൊപ്പമുണ്ട് , അതായത് വിവാഹിതനായ ഒരാൾ വീണ്ടുമൊരു വിവാഹത്തിലേർപ്പെടുന്നത് ഒരു വിധവയുമായിട്ടാണെങ്കിൽ അതിന് കോടതിയുടെ അനുവാദം പോലും ആവശ്യമില്ല. ജോർദാൻ, ലബനാൻ, സിറിയ എന്നിവിടങ്ങളിലെ വ്യക്തി നിയമങ്ങളിൽ വിവാഹത്തിൽ പ്രവേശിക്കുന്ന ഭർത്താവ് സ്വതന്ത്രമായ ഒരു വീട് ഏർപ്പാടാക്കണം. സിറിയയിലും ഇന്തോനേഷ്യയിലും ശരിയായ പരിശോധന നടത്തി അർഹരായ വിവാഹിതർക്ക് ചില പ്രത്യേക നിബന്ധനയോട് കൂടി മാത്രമേ മറ്റൊരു വിവാഹത്തിന് കോടതി അനുമതി നൽകുകയുള്ളൂ. ഭാര്യമാരോട് തുല്യനീതിയോടെ വർത്തിക്കണമെന്ന് ഖുർആന്റെ അനുശാസനം നടപ്പാക്കാനുള്ള വകുപ്പ് യമനിലെ നിയമത്തിലുണ്ട്. ഇറാഖിൽ അത്തരം അനുവാദം ഖാസിയാണ് നൽകേണ്ടത്. ആ അനുവാദം രണ്ടാം വിവാഹം കഴിക്കാൻ പോവുന്ന ആളിന്റെ സാമ്പത്തിക ശേഷിയും വിവാഹത്തിന്റെ ന്യായയുക്തതയും ആധാരമാക്കി ഖാസി തന്നെയാണ് തീരുമാനിക്കുക. ഇറാനിൽ ആദ്യ വിവാഹം മറച്ചുവെക്കുന്നത് കുറ്റകരമാണ്. അവിടെ 67-ാം ഭരണഘടനാ ഭേദഗതിയിൽ ബഹുഭാര്യാത്വത്തിന് വളരെ കർശനമായ നിബന്ധനകളാണുള്ളത്. മലേഷ്യയിൽ രണ്ടാം വിവാഹം ആദ്യഭാര്യക്ക് യാതൊരു വിധ ഹാനിയും സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പ് നൽകേണ്ടതുണ്ട്. ഈ രാജ്യങ്ങളിലെല്ലാം തന്നെ വിവാഹിതൻ മറ്റൊരു വിവാഹത്തിലേർപ്പെടുമ്പോൾ അയാളുടെ സാമ്പത്തിക കാര്യങ്ങളടക്കം ശരിയായ അന്വേഷണം നടത്തിയതിന് ശേഷമേ അനുവദിക്കപ്പെടുകയുള്ളൂ. ടുണീഷ്യയിലും തുർക്കിയിലും ബഹുഭാര്യാത്വം കർശനമായി നിരോധിച്ചിരിക്കയാണ്. അത് ശിക്ഷ അർഹിക്കുന്ന കുറ്റമാണ്. കാരണം ആധുനിക കാലത്ത് ആർക്കും തന്നെ ബഹുഭാര്യാത്വത്തിന് ഖുർആൻ പറഞ്ഞ ഉപാധികൾ പൂർത്തിയാക്കാൻ സാധ്യമല്ല എന്ന സ്റ്റേറ്റിന്റെ നിരീക്ഷണമാണ് അതിന് കാരണം. ബഹുഭാര്യാത്വത്തിനായുള്ള ഖുർആനിക നിബന്ധനകൾ പാലിക്കുക എന്നത് പുരാതന കാലത്ത് വ്യക്തിയുടെ ആത്മനിഷ്ഠാപരമായ തീരുമാനങ്ങൾക്ക് മുസ്‌ലിം ന്യായാധിപന്മാർ വിട്ടിരുന്നു. എന്നാൽ ബഹുഭാര്യാത്വത്തിനായുള്ള ഖുർആനിക നിബന്ധനകൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടതിന്റെ ഫലമായി നിരവധി രാജ്യങ്ങളിൽ ഈ തിരുമാനം കോടതികളിലോ മറ്റു ഏജൻസികളിലോ നിക്ഷിപ്തമാക്കിയിരിക്കയാണ്.

ഇന്ത്യയിൽ മുസ്‌ലിംകൾക്ക് ബാധകമായ വിവാഹ നിയമങ്ങൾ ക്രോഡീകൃതമല്ലെന്ന് 1937 ലെ മുസ്‌ലിം പേഴ്സണൽ ലോആപ്ലിക്കേഷൻ ആക്റ്റിൽ (ശരീഅത്ത്) വകുപ്പ് 2 ൽ നിന്നും വ്യക്തമാണ്. വിവാഹിതനാകുന്ന ഏതൊരു ഇന്ത്യൻ പൗരനാകട്ടെ വിദേശത്ത് താമസിക്കുന്ന ഏതൊരു ഇന്ത്യക്കാരനായ പൗരനാകട്ടെ അവർ ഏത് മതവിശ്വസത്തിൽപ്പെട്ടവർ ആയാലുംശരി അവർക്ക് പ്രത്യേകമായ വിവാഹ രൂപമുള്ള 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിന്റെ ഗുണ ഫലമെടുക്കാവുന്നതാണ്. ഈ നിയമത്തിന് കീഴിൽ സ്ത്രീപുരുഷ ന്മാർക്ക് വിവാഹിതരാവുകയോ വിവാഹിതരായെങ്കിൽ ആ നിയമ ത്തിന് കീഴിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാം. അതുകൊണ്ട് ഐച്ഛികമായ ഈ സെക്കുലർ നിയമം ഹിന്ദു,മുസ്‌ലിം, ക്രിസ്ത്യൻ യഹൂദ മതസ്ഥരടക്കം എല്ലാ ഇന്ത്യൻ പൗരന്മാരുടെയും വിവാഹമോചനമടക്കമുള്ള വിവാഹ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നു.

*വിവ: എ. എം.*(തുടരും)

***Reference***

94 *Abdurahiman v. Khairuneesa*, I.L.R.2010 (1) Kerala 830. 95 IV: 3. 95 IV: 3. ,96Asghar Ali Engineer, "Islam, Women and Gender justice", Vol.29 No.2, *Journal of Dharma* 11, Apr/Jun (2002)., 97 *Supra* note 65 98 Vasudha Dhagawar, "Towards Uniform Civil Code", in Madhava Menon (ed). *Uniform Civil Code* 23 (BCI, New Delhi, 1986)., 98 Vasudha Dhagawar, "Towards Uniform Civil Code", in Madhava Menon (ed). *Uniform Civil Code* 23 (BCI, New Delhi, 1986).

99 *Supra* note 81 at p.39.,100 AIR (39) 1952 Bombay 84., 101 *Supra* note 97., 102 AIR Bombay 341., 103 *Saidali v. Saleena*,2008(4)K.L.T.885

ഹദ്‌റത്ത് അബൂഹുറൈ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു. "ഒരു വിശ്വാസിക്ക് തന്റെ വിശ്വാസിയായ ഭാര്യയോട് വെറുപ്പും വിദ്വേഷവും ഉണ്ടാകരുത്. അവളുടെ ഒരു കാര്യം അനിഷ്ടകരമാണെങ്കിൽ മറ്റൊരു കാര്യം ഇഷ്ടമുള്ളതായിരിക്കും"

(മുസ്‌ലിം)

# മാതാ അമൃതാനന്ദമയിയുമായി ഒരു കൂടിക്കാഴ്ച്ച

ഒരുപാട് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽപോയി അവരെ സന്ദർശിക്കുകയും അവർക്ക് ഇസ്ലാമിന്റെ സന്ദേശം എത്തിക്കുകയും ചെയ്ത ലേഖിക ആ അനുഭവം വിവരിക്കുന്നു.

ആബിദാ ജലീൽ

കരുനാഗപ്പള്ളി ടൗണിൽ നിന്ന് ഏകദേശം 3 കിലോമീറ്റർ പടിഞ്ഞാറ് കായലാണ് . അതിന് പടിഞ്ഞാറ് അറബിക്കടൽ. ഇതിന്റെ മദ്ധ്യ ഭാഗത്ത് ഏകദേശം ഒരു കിലോ മീറ്റർ കരപ്രദേശം. വടക്ക് ഭാഗം മത്സ്യത്തൊഴിലാളി ഗ്രാമം. ഇവിടെ നിന്ന് അഞ്ച് കിലോമീറ്റർ വടക്ക് മാറി വള്ളിക്കാവ്. ഈ വള്ളിക്കാവി ലാണ് ലോക പ്രശസ്തിയാർജിച്ച മാതാ അമൃതാനന്ദമയിയും അമൃ താലയവും സ്ഥിതി ചെയ്യുന്നത്.

സെപ്റ്റംബർ 26 (2013) നായി രുന്നു അവരുടെ ജന്മദിനാഘോ ഷം. തദവസരത്തിൽ മുഖ്യാതി ഥിക ളായി മുൻ രാഷ്ട്രപതി അബ്ദുൽ കലാം, ഗുജറാത്ത് മുഖ്യ മന്ത്രി ശ്രീ. നരേന്ദ്ര മോഡി എന്നിവർ പങ്കെടു ത്തിരുന്നു. അമ്മ (അമൃതാനന്ദ മയീദേവി) വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്താറുണ്ട്. അവർ ആശ്രമത്തിൽ ഉള്ളപ്പോൾ ആയിര ക്കണക്കിന് ഭക്തന്മാർ ദർശനത്തി നായി എത്തുന്നു. ഭക്തരുടെ തിരക്കിലും മണിക്കൂറുകളോളം ഒരേ സ്ഥലത്തിരുന്ന് കൊണ്ട് ഭക്തരെ ആലിംഗനം ചെയ്യുകയും ഹസ്ത ദാനം ചെയ്യുകയും ചെയ്യുന്നു എന്നതാണ് അവരുടെ മുലാക്കാ ത്തിന്റെ രൂപം. ഇടക്കിടെ വാദ്യ മേളങ്ങളുടെ അകമ്പടിയോടുകൂടി മധുരസ്വരത്തിൽ അവർ ഭജന ഗാന ങ്ങളാലപിക്കുകയും മലയാളത്തിൽ ഉപദേശ പ്രസംഗം നടത്തുകയും ചെയ്യും.

അമൃതാലയത്തിലുള്ള പല അന്തേവാസികളും ഞങ്ങളുടെ എ.എം ഹോസ്പിറ്റൽ സന്ദർശി ക്കുകയും ചികിത്സ തേടുകയും ചെയ്തിട്ടുണ്ട്. അമ്മയുടെ സ്വന്തം അച്ഛനും അമ്മയും അവിടെ രോഗികളായി കിടന്നിട്ടുണ്ട്. അങ്ങ നെ അമ്മയുമായി ഞങ്ങൾക്ക് നല്ല പരിചയമുണ്ട്. അമ്മയെ കാണു കയും അഹ്മദിയ്യത്തിനെക്കുറിച്ച് സംസാരിക്കുകയും വിശുദ്ധ ഖുർ ആനും മറ്റു പുസ്തകങ്ങളും നൽ കുകയും ചെയ്യണമെന്നത് എന്റെ മനസ്സിലുള്ള ഒരാഗ്രഹമായിരുന്നു. അല്ലാഹു അതിനുള്ള അവസരം എനിക്ക് ഒരുക്കിത്തന്നു. അൽഹംദു ലില്ലാഹ്.

'ഉണർവ്'എന്ന മനഃശ്ശാസ്ത്ര നോവൽ എഴുതിയ പ്രശസ്ത ഗ്രന്ഥകർത്രിയും പന്ത്രണ്ടോളം ഡിഗ്രി കരസ്ഥമാക്കുകയും ചെയ്ത ശ്രീമതി ബെസ്റ്റി എബ്രഹാം എന്റെ ഒരാത്മസുഹൃത്താണ്. അവർ ലജ്നയുടെ (അഹ്മദിയ്യാ വനിതാ സംഘടന) മത മൈത്രീ സമ്മേളന ത്തിൽ വരികയും പ്രസംഗിക്കു കയും ചെയ്തിട്ടുണ്ട്. ജമാഅത്തി നെക്കുറിച്ചും ലജ്നയെക്കുറിച്ചും അവർക്ക് നല്ല അഭിപ്രായമാണു



ള്ളത്. ഒരു ദിവസം എന്നോടൊപ്പം താമസിച്ചിട്ടാണ് അവർ പോയത്. അവരുടെ ഭർത്താവ് ബിഷപ്പ് റൈറ്റ് ഡോ. എബ്രഹാമിനെ എന്റെ ഭർ ത്താവ് ജലീൽ സാഹിബിനോടൊ പ്പം പോയിക്കാണുകയും ഇസ്ലാമി നെക്കുറിച്ച് തബ്ലീഗ് ചെയ്യുകയും പുസ്തകം നൽകുകയും ചെയ് തിട്ടുണ്ട്. ഒരു ദിവസം ബെസ്റ്റി എബ്രഹാം കരുനാഗപ്പള്ളിയിൽ അമ്മയെ കാണാൻ വരുന്ന വിവരം എന്നോട് പറഞ്ഞു. എനിക്ക് അമ്മയെ പരിചയമുണ്ട് നമുക്ക് ഒരുമിച്ച് പോകാമെന്ന് ഞാനും പറഞ്ഞു. ബെസ്റ്റിയുടെ 'ഉണർവ്' എന്ന പുസ്തകത്തിന്റെ അനുഗ്രഹ വചനങ്ങൾ എഴുതിയത് അമ്മയാ യിരുന്നു.

സെപ്തംബർ ആറാം തീയതി 4 മണിയോടെ ഞങ്ങൾ അമ്മയുടെ ആശ്രമത്തിലെത്തി. സെക്രട്ടറിയെ ഫോണിൽ വിളിച്ചു. ബെസ്റ്റിയേയും എന്നെയും അദ്ദേഹത്തിന് പരിചയമുണ്ടായിരുന്നു. ഞങ്ങളെ സ്വീകരിച്ച് ഹാളിൽ കൊണ്ടിരുത്തി. അമ്മയെ നേരിട്ട് കാണുന്നതിനും സംസാരിക്കുന്നതിനുമുള്ള ആഗ്രഹം ഞാൻ സെക്രട്ടറിയോട് പറഞ്ഞു. ഉടനെ തന്നെ ഞങ്ങളെ അമ്മ ഇരിക്കുന്ന ഹാളിലേക്ക് കൂട്ടിക്കൊണ്ട് പോയി. സ്റ്റേജിൽ അമ്മയുടെ നിരവധി ഭക്ത ശിഷ്യന്മാർ ഇരിക്കുന്നുണ്ടായിരുന്നു. ഭക്തജനങ്ങളുടെ ഒരു വലിയ നിരതന്നെ അവിടെയുണ്ടായിരുന്നു. ചെന്നപാടെ അമ്മ എന്റെ കൈകൾ പിടിച്ചു കൊണ്ട് എ. എം ഹോസ്പിറ്റലിലെ മകളല്ലേ എന്ന് ചോദിച്ചു. (എല്ലാവരേയും മക്കൾ എന്നാണ് അമ്മ വിളിക്കാറ്) ഞാൻ അദ്ഭുതപ്പെട്ടുപോയി. എന്നെ ഓർമയുണ്ടോയെന്നും ഞാൻ ചോദിച്ചു. എന്റെ അച്ഛനും അമ്മയും എ. എം. ആശുപത്രിയിലല്ലേ കിടന്നതെന്നും അവിടുത്തെ ഡോക്ടർ രാജശേഖരൻ നായർ അവസാനം വരെ ഇവിടയല്ലേ താമസിച്ചതെന്നും അമ്മ മറുപടിയായി പറഞ്ഞു. കുറേ വർഷം മുമ്പ് എന്റെ കുടിലിൽ വന്നിരുന്നില്ലേ എന്നും ചോദിച്ചു. പിന്നെയെന്നെ ആലിംഗനം ചെയ്തുകൊണ്ട് പ്രാർഥനാ വചനങ്ങൾ ഉരുവിട്ടു. അമ്മയുടെ കാതിൽ ഞാൻ നമ്മുടെ ദുആകളും ഓതിക്കൊടുത്തു. അതിനു ശേഷം ബെറ്റ്സി എബ്രഹാം നമ്മുടെ പള്ളിയിൽ ക്ലാസ്സ് എടുക്കാൻ വന്ന കാര്യങ്ങൾ വളരെ സന്തോഷത്തോടെ വിവരിക്കാൻ തുടങ്ങി. അമ്മയുടെ ഒരു സ്വാമി പള്ളിയിൽ ക്ലാസ് എടുക്കാൻ വന്ന വിവരം ഞാൻ അമ്മയോട് പറഞ്ഞു. ഈ വിവരം അമ്മക്ക് ഓർമയുണ്ടായിരുന്നു. തുടർന്ന് അഹ്മദികളും മറ്റു മുസ്‌ലിംകളും തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്തു. ഞാൻ അമ്മക്ക് ഒരു ഉപഹാരം തന്നുകൊള്ളട്ടെ എന്നു ചോദിച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെ പരിഭാഷ, ഇസ്‌ലാം മതതത്ത്വജ്ഞാനം, സന്മാർഗദർശിനി എന്നീ പുസ്തകങ്ങളടങ്ങുന്ന ഒരു പാക്കറ്റ് ഞാൻ അമ്മയുടെ കൈകളിൽ കൊടുത്തു. എഴുന്നേറ്റ് നിന്ന് കൊണ്ട് കൈകൾ കൂപ്പി അമ്മ അത് വാങ്ങി നെഞ്ചോട് ചേർത്ത് കൊണ്ട് വീണ്ടും കണ്ണുകളോട് ചേർത്ത് പിടിച്ച് ഇരുന്നു. ആശുപത്രിയുടെ കാര്യങ്ങൾ സംസാരിച്ചു. ഏകദേശം അര മണിക്കൂർ സംസാരിച്ച ശേഷം ആപ്പിളും ഓറഞ്ചും കൈയിൽ തരികയും ഇവർക്ക് കാപ്പി കൊടുത്ത്വിടുക എന്ന് സെക്രട്ടറിയോട് പറയുകയും ചെയ്തു. കാന്റീനിൽ രണ്ട് മദാമ്മമാർ, കുറേ ശിഷ്യർ (ആശുപത്രിയിൽ വരുന്നവർ) എന്നിവരെ കാണാൻ കഴിഞ്ഞു. അവർക്ക് പുസ്തകങ്ങൾ നൽകാനും ജമാഅത്തിനെക്കുറിച്ച് സംസാരിക്കാനും കഴിഞ്ഞു. പലരും പള്ളിയിൽ വരാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

എന്തുതന്നെയായാലും ഇത്ര വലിയ ഒരു സദസ്സിൽ പോയി അമ്മയെ കാണാനും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് സംസാരിക്കാനും പുസ്തക ങ്ങൾ കൈമാറാനും സാധിച്ചതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുകയും അല്ലാഹുവിനോട് വീണ്ടും നന്ദി പറയുകയും ചെയ്യുന്നു ഇനിയും അല്ലാഹു ഈ വിധത്തിലുള്ള അവസരങ്ങൾനൽകണമേയെന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

Humanity First




Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

# മൗലാനാ അബുൽകലാം ആസാദ്
## വാഗ്ദത്ത മസീഹിനെക്കുറിച്ച്

**മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**

2013 നവംബർ 11 തിങ്കളാഴ്ച മൗലാനാ അബുൽകലാം ആസാദിന്റെ 125-ാമത് ജന്മദിനമായിരുന്നു. 1888 നവംബർ 11ന് പുണ്യഭൂമിയായ മക്കയിലാണ് അദ്ദേഹം ജനിച്ചത്. വിദ്യാഭ്യാസരംഗത്ത് ഇന്ത്യയിൽ ഇന്നു കാണുന്ന പല മുന്നേറ്റങ്ങൾക്കും തുടക്കം കുറിച്ച അതുല്യ പ്രതിഭയായിരുന്നു അദ്ദേഹം. പത്രപ്രവർത്തകൻ, എഴുത്തുകാരൻ, തത്ത്വചിന്തകൻ, മതപണ്ഡിതൻ, എല്ലാറ്റിലുമുപരി സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനു നല്കിയ ത്യാഗോജ്ജ്വല സേവനങ്ങളാൽ എക്കാലവും ഓർമിക്കപ്പെടുന്ന മഹാനായ രാഷ്ട്രീയ നേതാവ് എന്നിങ്ങനെയാണ് ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു അദ്ദേഹത്തെ വിശേഷിപ്പിച്ചത്. അദ്ദേഹം സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസമന്ത്രിയായിരുന്നു.

മൗലാനാ അബുൽകലാം ആസാദ്, വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ സമകാലികനായിരുന്നു. 1905 മെയ് മാസത്തിൽ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ സഹോദരന്മാരായ മൗലാനാ അബുന്നസ്റാഹും മൗലാനാ അബുൽകലാം ആസാദും ഖാദിയാനിൽ വന്നു. അവർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദു(അ)മായി കൂടിക്കാഴ്ച നടത്തി. ഹദ്റത്ത് അഹ്മദി(അ)ൽ ആകൃഷ്ടനായ മൗലാനാ അബുന്നസ്റാഹ് സാഹിബ് ബയ്അത്ത് ചെയ്ത് അഹ്മദിയ്യാമുസ്ലിം ജമാഅത്തിൽ പ്രവേശിച്ചു. അന്ന് മൗലാനാ അബുൽകലാം ആസാദിന് 17 വയസ്സായിരുന്നു. ബയ്അത്ത് ചെയ്തില്ലെങ്കിൽതന്നെയും ഹദ്റത്ത് അഹ്മദു(അ)മായുള്ള സുഹൃത്ബന്ധം അദ്ദേഹം നിലനിറുത്തിപ്പോന്നു. ഹദ്റത്ത് അഹ്മദി (അ) ന്റെ മിക്ക ഗ്രന്ഥങ്ങളും അദ്ദേഹം വായിക്കുകയും ആ മഹാത്മാവിന്റെ മതസേവനത്തെ തുല്യതയില്ലാത്ത ഒന്നായി വിലയിരുത്തുകയും ചെയ്തു. 1958 ഫിബ്രുവരി 22 നാണ് മൗലാനാ അബുൽകലാം ആസാദ് ദിവംഗതനായത്. ഹദ്റത്ത് അഹ്മദ് (അ)1908 മെയ് 26 ന് വഫാത്തായപ്പോൾ 'വക്കീൽ പത്രത്തിൽ' (1908 ജൂൺ ലക്കം) അദ്ദേഹം എഴുതി:

''മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയുടെ വേർപാട്, പാഠം പഠിക്കാതിരിക്കത്തക്ക ഒന്നല്ല. മതലോകത്തും ബുദ്ധിലോകത്തും പരിവർത്തനമുണ്ടാക്കുന്ന അത്തരമാളുകൾ എല്ലായ്പ്പോഴും ലോകത്ത് വരാറില്ല...... മിർസാ സാഹിബിന്റെ ഈ ഔന്നത്യം നിമിത്തം അദ്ദേഹത്തിന്റെ ചില വിശ്വാസങ്ങളെപ്പറ്റി ഭിന്നാഭിപ്രായമുണ്ടായിരുന്നിട്ടുകൂടിയും അദ്ദേഹത്തിന്റെ വിയോഗത്തിൽ ഒരു മഹാവ്യക്തിയാണ് തങ്ങളിൽനിന്ന് വേർപെട്ടു പോയതെന്നും അതോടൊപ്പം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരായി ഇസ്ലാമിനു വേണ്ടി നടത്തിയിരുന്നതും അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതുമായ ആ മഹത്തായ പ്രതിരോധത്തിന്റെ അവസാനമെത്തിയിരിക്കുന്നുവെന്നും മുസ് ലിംകൾക്ക്- അതേ, അഭിജ്ഞരും ചിന്താശീലരുമായ മുസ്ലിംകൾക്ക്- മനസ്സിലായിട്ടുണ്ട്. ഇസ്ലാമിന്റെ ശത്രുക്കൾക്കെ



തിരായി വിജേതാവായ ഒരു പടനായകന്റെ കർത്തവ്യം നിറവേറ്റിയെന്ന അദ്ദേഹത്തിന്റെ വിശേഷത മേൽപറഞ്ഞ അഭിപ്രായം തുറന്നു പറയാൻ ഞങ്ങളെ നിർബന്ധിക്കുന്നു....... മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് ക്രിസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതത്തിന്റെ ബിരുദം നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹിമയും ഹൃദയപൂർവം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതത്തിന്റെ നേർക്കുള്ള അദ്ദേഹത്തിന്റെ പ്രത്യാക്രമണം ആ മതത്തിന് ഭരണത്തിന്റെ തണലിലായിരുന്നതുകൊണ്ട് സിദ്ധിച്ച സ്വാധീന ശക്തിയെ മാത്രമല്ല ക്രിസ്തുമതത്തിന്റെ ജീവനെ തന്നെയും തകർത്തു കളഞ്ഞിരിക്കുന്നു.....ചുരുക്കംപറഞ്ഞാൽ

ശേഷം പേജ് 42 ൽ

കുറിപ്പുകൾ

# സ്വവർഗരതിയും സുപ്രീംകോടതി വിധിയും

മുസാഫിർ

**ഇ**ന്ത്യൻ ശിക്ഷാനിയമത്തിലെ IPC-377-ാം വകുപ്പ് പ്രകാരം സ്വവർഗരതി കുറ്റകരമായ പ്രവൃത്തിയാണ്. ഇത് ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞ് സ്വവർഗാനുരാഗികൾക്ക് അനുകൂലമായി നാലുവർഷം മുമ്പ് 2009 ജൂലൈയിൽ ഡൽഹി ഹൈക്കോടതി ഒരു വിധി പുറപ്പെടുവിച്ചിരുന്നു. ഡൽഹി ഹൈക്കോടതിയുടെ ആ വിധി 2013 ഡിസംബർ 11 ന് ഇന്ത്യയിലെ പരമോന്നത കോടതിയായ സുപ്രീം കോടതി പുറപ്പെടുവിച്ച മറ്റൊരു വിധിയിലൂടെ റദ്ദാക്കുകയും പ്രസ്തുത ശിക്ഷാനിയമം ഭരണഘടനാ വിരുദ്ധമല്ലെന്നും പ്രഖ്യാപിച്ചുകൊണ്ട് പുനഃസ്ഥാപിച്ചിരിക്കുകയാണ്. സ്വവർഗരതി നിയമ വിധേയമാക്കണമെങ്കിൽ പാർലമെന്റിൽ നിയമം കൊണ്ടുവരികയാണ് വേണ്ടതെന്നും വിധിയിൽ സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഈ സുപ്രീം കോടതിവിധി വ്യക്തി സ്വാതന്ത്ര്യത്തിനെതിരെ യുള്ള കയ്യേറ്റമാണെന്ന് പറഞ്ഞ് കേന്ദ്ര മന്ത്രിസഭാംഗങ്ങളും കോൺഗ്രസ്സ് നേതാക്കന്മാരും ഇടതുപക്ഷ ബുദ്ധി ജീവികളുമടക്കം രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്ന് വിമർശനം ഉന്നയിച്ചിരിക്കയാണ്.

സ്വവർഗരതി കുറ്റകരമല്ലാത്ത ഒരു പ്രവൃത്തിയായി പ്രഖ്യാപിച്ചുകൊണ്ട് 2009 ജുലൈ 2-ാം തീയതി ഡൽഹി ഹൈക്കോടതി മത സാംസ്കാരികരംഗത്ത് ഉയർത്തിയ വിവാദങ്ങൾ കുറച്ചൊന്നുമല്ല. ഒരേ ലിംഗത്തിൽ പെട്ട പ്രായപൂർത്തിയായവർ ഉഭയസമ്മതത്തോടെ നടത്തുന്ന ലൈംഗിക വേഴ്ച ഇന്ത്യൻ ശിക്ഷാ നിയമം 377-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണ് ഇന്ത്യൻ ഭരണഘടനയുടെ എല്ലാവർക്കും തുല്യ നീതിയും ജീവിക്കാനുള്ള അവകാശവും വാഗ്ദാനം ചെയ്യുന്ന വകുപ്പിന് വിരുദ്ധമാണെന്ന് പറഞ്ഞാണ് ഡൽഹി ഹൈക്കോടതി പ്രസ്തുത 377-ാം വകുപ്പ് അനുശാസിക്കുന്ന ശിക്ഷാ നിയമം റദ്ദ് ചെയ്തത്. ഒന്നര നൂറ്റാണ്ടു മുമ്പ് ബ്രിട്ടീഷുകാരനായ മെക്കാളേ പ്രഭുവാണ് 377-ാം വകുപ്പ് ശിക്ഷാനിയമത്തിൽ കൂട്ടി ചേർത്തത്. ഈ വകുപ്പ് പ്രകാരം *'പ്രകൃതിയുടെ സ്വാഭാവിക മാർഗത്തിന് വിരുദ്ധമായി ഒരു പുരുഷനുമായോ സ്ത്രീയുമായോ മൃഗവുമായോ ലൈംഗിക ബന്ധം പുലർത്തുന്നത് ജീവപര്യന്തമോ പത്ത് വർഷം വരെ തടവോ പിഴയോ ഈടാക്കാവുന്ന കുറ്റമാണ്.'*

ഈ ശിക്ഷാനിയമത്തിന് ഭരണഘടനാ സാധുതഇല്ലെന്ന് പറഞ്ഞ് റദ്ദാക്കിയ ഹൈക്കോടതി പുരുഷനും പുരുഷനും തമ്മിലുള്ള സ്വവർഗരതി ഡൽഹി ഹൈക്കോടതി നിയമവിധേയമാക്കുകയായിരുന്നു. അങ്ങനെയാണെങ്കിൽ പ്രസ്തുത നിയമത്തിൽ പ്രതി പാദിച്ച മൃഗവുമായുള്ള മനുഷ്യ ലൈംഗിക വേഴ്ച്ചയും നിയമ വിധേയമാണോ എന്നും ഡൽഹി കോടതിവിധിയിൽ വ്യക്തമാ ക്കേണ്ടതായിരുന്നു. അതും മനുഷ്യ ന്റെ അവകാശമായി കരുതാൻ സാധിക്കുമോ? ഈ വിധി പാശ്ചാത്യരുടെ നവലിബറലിസത്തിന്റെ സ്വാധീനത്തിൽ മനുഷ്യൻ കാത്തു സൂക്ഷിക്കുന്ന സദാചാര മൂല്യങ്ങളെ മറന്നു കൊണ്ടുള്ളതാണ് എന്ന് പറയാതെ വയ്യ. LGBT* സമൂഹം എന്നറിയപ്പെടുന്ന ആധുനിക അസ്വാഭാവിക ലൈംഗിക സമൂഹം ഈ വിധി രാജ്യത്തിലെ മഹാനഗരങ്ങളിൽ ആഘോഷതിമർപ്പോടെയായിരുന്നു അന്ന് വരവേറ്റത്. ഇത് ഇന്ത്യൻ സമൂഹത്തിന്റെ ധാർമിക മൂല്യങ്ങളുടെ പോക്ക് എങ്ങോട്ടാണെന്നതിന്റെ ദിശാസൂചന നൽകുന്നു.

ഒരു രാജ്യത്തെ ശിക്ഷാ നിയമം എന്നത് കുറ്റകൃത്യങ്ങളെ നിർവചിച്ച് ശിക്ഷിക്കുന്ന ഒരു ലിഖിത രേഖ മാത്രമല്ല. അതിലുപരി അത് സ്വയം ഒരു മാർഗദർശനവും ദിശാസുചകവും ലക്ഷ്യ ബോധം നൽകുന്ന ഉൽബോധനങ്ങളുമാണ്. സാംസ്കാരിക ധാർമിക സമൂഹത്തെ രുപപ്പെടുത്തുന്നതിൽ നിയമ ത്തിന് അതിന്റേതായ പങ്കുണ്ട്. സ്വവർഗരതിക്കാരെ ശിക്ഷിക്കുന്ന നിയമം മനുഷ്യാവകാശങ്ങളുടെ നിഷേധമാണ് എന്ന് പറയുമ്പോൾ എന്താണ് മനുഷ്യന്റെ അവകാശങ്ങൾ എന്നു കൂടി നിർവചിക്കേണ്ടതുണ്ട്. ഇന്ദ്രിയ സുഖങ്ങൾ നൽകുന്നതെല്ലാം നല്ലതും നന്മയുമാണെന്നും നൈതികത എന്നത് പ്രയോജനത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നുമുള്ള ആധുനിക പാശ്ചാത്യ സങ്കൽപ്പമാണ് സ്വവർഗരതിയെ അവകാശമായി കാണുന്ന ദർശനത്തിന്റെ പിന്നിലുള്ള പ്രേരണ.

മറ്റൊരു വസ്തുത കൂടി ചൂണ്ടിക്കാട്ടാനാഗ്രഹിക്കുന്നു. ആധുനിക

*LGBT:-Lesbians (സ്ത്രീസ്വവർഗാനുരാഗികൾ) Gay(പുരുഷ സ്വവർഗാനുരാഗികൾ) Bisexual (ദ്വിലിംഗ പ്രണയികൾ) Trans gender (ലിംഗമാറ്റം നടത്തിയവർ) എന്നിവരുടെ കൂട്ടായ്മക്കാണ് LGBT സമൂഹം എന്ന് പറയുക.

മനഃശ്ശാസ്ത്ര രംഗത്തെ ഏറ്റവും ആധികാരിക വാക്താവായിട്ടാണല്ലോ സിഗ്മണ്ട് ഫ്രോയിഡ് കൊണ്ടാടപ്പെടുന്നത്. സർവത്ര ലൈംഗികമയമായ അദ്ദേഹത്തിന്റെ മനഃശ്ശാസ്ത്ര സിദ്ധാന്തങ്ങളെ ഉപജീവിച്ച് കൊണ്ട് നിരവധി സാഹിത്യരചനകളും പഠനങ്ങളും ആവിഷ്കൃതമായിട്ടുണ്ട്. അതിൽ Interpratetion of Dreams (സ്വപ്നങ്ങളുടെ വ്യാഖ്യാനം) എന്ന തന്റെ പ്രഖ്യാതപുസ്തകത്തിൽ വിവരിച്ച ഒരു മനഃശ്ശാസ്ത്ര സിദ്ധാന്തമാണ് 'ഈഡിപ്പസ് കോംപ്ലസ്'. അതായത് മാതാപിതാക്കന്മാരോടുള്ള മനുഷ്യശിശുക്കൾക്ക് ജന്മനാലുണ്ടാകുന്ന കാമോത്സുകമായ പ്രണയം. ആൺകുട്ടി മാതാവിനോടുള്ള ഈ അടുപ്പം കാരണം പിതാവിനെ പോലും ഒരു ശത്രുവായി കാണുന്നു. പെൺകുട്ടികൾക്ക് നേരെ മറിച്ചും. ഗ്രീക്ക് ഇതിഹാസ രാജാവായ ഈഡിപ്പസ് സ്വന്തം പിതാവിനെ അറിയാതെ വധിക്കുകയും മാതാവിനെ പ്രണയിച്ച് വിവാഹം കഴിച്ച് പുത്രോൽപ്പാദനം നടത്തുകയും ചെയ്തത് ഈ മാനസിക പ്രേരണ കൊണ്ടാണെന്നാണ് ഫ്റോയിഡിയൻ മതം. അതുകൊണ്ടാണ് ഈ മാനസികാവസ്ഥക്ക് ഈ പേർ അദ്ദേഹം നൽകിയത്. ചില മൃഗങ്ങളെ ഉദാഹരിച്ച് കൊണ്ട് സ്വവർഗ പ്രണയം പ്രകൃതി പരമാണെന്നാണല്ലോ സ്വവർഗപ്രണയത്തിന്റെ വാക്താക്കൾ പറയുന്നത്. ആധുനിക മനഃശ്ശാസ്ത്രത്തിന്റെ അനിഷേധ്യ വാക്താവായ ഫ്റോയിഡിയൻ വീക്ഷണ പ്രകാരം മനുഷ്യ പ്രകൃതിയിൽ ശിശുക്കൾക്ക് മാതാപിതാക്കന്മാരോടുള്ള ഈ കാമാനുരക്തി മൂത്ത് വിവാഹത്തിൽ കലാശിച്ചേക്കാം എന്ന് പറയുന്നു. ഫ്റോയിഡിയൻ മനഃശ്ശാസ്ത്ര പ്രകാരം പ്രകൃതി പരമായതിനാൽ ഈ കാമാനുരക്തിയും വിവാഹവും നിയമാനുസാരമാക്കണമെന്ന് നാളെ ഈ സ്വവർഗരമികൾ വാദിച്ചാൽ കോടതികൾക്ക് എതിർക്കാൻകഴിയുമോ?

മൃഗങ്ങൾ പോലും ലൈംഗികത ആസ്വദിക്കുന്നു. വിവേചന ബോധമില്ലാത്തത് കൊണ്ട് അവക്ക് ധാർമികതയുടെ പ്രശ്നമില്ല. എങ്കിലും മൃഗം സ്വവർഗലിംഗത്തിൽപ്പെട്ടവയുമായി സാധാരണ നിലയിൽ ഇണചേരാറില്ല. അത്തരത്തിൽ സ്വവർഗാനുരാഗികളായ മൃഗങ്ങളുണ്ട് എന്ന ചില യൂറോപ്യൻ ലാബറട്ടറികളിൽ നിന്നുള്ള പരീക്ഷണങ്ങൾ തെളിയിക്കുന്നുണ്ടെന്ന് സ്വവർഗാനുരാഗത്തെ അനുകൂലിക്കുന്ന യൂറോപ്യൻ സംഘടനകളും പ്രസ്ഥാനങ്ങളും പ്രചാരണം നടത്തുന്നുണ്ട്. അതെല്ലാം പരീക്ഷണശാലയിലെ നിയന്ത്രിത സാഹചര്യത്തിൽ മൃഗങ്ങളുടെ അസ്വാഭാവിക ചേഷ്ടകളാണെന്നും സ്വവർഗാനുരാഗികൾ തങ്ങളുടെ മാനസിക വൈകൃതം ന്യായീകരിക്കാൻ മൃഗങ്ങളെ കൂട്ടു പിടിക്കുന്നത് നിർഭാഗ്യകരമാണെന്നും പറയുന്നവരുണ്ട്. ലൈംഗിക വേഴ്ച്ച മനുഷ്യനിൽ ധാർമികവും മാനവീയവുമായ ഒരു പ്രവൃത്തിയായി മാറുന്നത് അത് വിവേചന ബോധത്തോടെയും അടക്കത്തോടെയും ഒതുക്കത്തോടെയും ഉപയോഗിക്കുമ്പോൾ മാത്രമാണ്. ലൈംഗികത വിവേചന പൂർവം ഉപയോഗിക്കണം എന്ന് പറയുമ്പോൾ അത് അവകാശത്തിന്റെ പ്രശ്നവും വ്യക്തി സ്വാതന്ത്രത്തിലുള്ള കൈകടത്തലാണെന്നുമുള്ള ആക്ഷേപമുയരുന്നു. നഷ്ടങ്ങൾ സഹിച്ചും സത്യം പറയുകയും അഴിമതിരഹിതനായി ജീവിക്കുകയും അന്യനെ സഹായിക്കുകയും ചെയ്യുന്നവൻ ഈ അവകാശക്കാരുടെ തത്വശാസ്ത്രമനുസരിച്ച് പൊട്ടന്മാരാണ്. ആത്മനിരാസങ്ങളും ആത്മ ത്യാഗ വുമാണ് ധാർമിക മൂല്യങ്ങൾ ഉൽ പ്പാദിപ്പിക്കുന്നത്. സുഖാനുഭൂതിക്ക് പകരം പലപ്പോഴും നഷ്ടവും വേദനയുമായിരിക്കും അത്തരം ത്യാഗങ്ങളുടെയും നിരാസങ്ങളുടെയും ഫലം. ധാർമികവും ആത്മീയവുമായി വ്യക്തിക്ക് ലഭിക്കുന്ന അനുഭൂതിയാണ് ഇതിന് വ്യക്തിയെ സജ്ജമാക്കുന്നത്. ചുരുക്കത്തിൽ സാർവജനീനമായ മാനവീയ ദർശനങ്ങൾക്ക് വിരുദ്ധമാണ് ഇന്ദ്രിയ സുഖത്തിലധിഷ്ഠിതമായ ഈ അവകാശ ബോധം.

സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനമാണ് ഇത്തരം അവകാശബോധങ്ങൾക്ക് നിദാനം എന്നാണ് ഇതിന്റെ വക്താക്കൾ പറയുന്നത്. അത് മഹത്തായ ഈ പ്രഖ്യാപനം നോക്കിക്കാണുന്നവരുടെ സമീപനത്തിന്റെ പ്രശ്നമാണ്. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഒരു പരിമിതി അത് അവകാശങ്ങളെ ചുമതലകൾക്കൊണ്ട് പരിമിതപ്പെടുത്തുന്നില്ല എന്നതാണ്. ശരീരത്തിന് സുഖം നൽകുന്ന തെല്ലാം അവകാശമാണെന്ന മിഥ്യാധാരണക്ക് ഇത് വഴിവെക്കുന്നു.

വാസ്തവത്തിൽ ഒരു ജനാധിപത്യരാജ്യത്ത് വ്യഭിചാരം, സ്വവർഗരതി മുതലായ ലൈംഗിക മര്യാദ ലംഘന ങ്ങൾ 'കുറ്റം' എന്ന അർഥം നൽകി നിർവചിക്കാൻ സെക്കുലർ കോടതി കൾക്ക് സാങ്കേതികമായി സാദ്ധ്യമാ വാതെ വരുന്നു. കാരണം കുറ്റം എന്നാൽ ഒരാളുടെ ജീവനോ സ്വത്തിനോ മാനത്തിനോ എതിരായുള്ള കയ്യേറ്റമോ അല്ലെങ്കിൽ അതിന് ഹാനിവരുത്തലോ ഭീഷണിയോ ആണ്. ഒരാൾ കുറ്റം ചെയ്യുമ്പോൾ അതിൽ കുറ്റംചെയ്ത പ്രതിയും കുറ്റകൃത്യത്തിന് വിധേയനായ വാദിയും ഉണ്ടാകുന്നു. എന്നാൽ വ്യഭിചാരത്തിലും സ്വവർഗരതിയിലും വാദിയും പ്രതിയുമില്ല. രണ്ടു പേരുടെയും ഉഭയസമ്മതത്തോടെ ചെയ്യുന്നതിനാൽ 'കുറ്റം' എന്ന നിർവചന ത്തിൽപ്പെടുത്താൻ സാദ്ധ്യമല്ല. അത് കൊണ്ടാണ് വേണ്ടത്ര സാക്ഷ്യത്തോടെ നടത്തുന്ന വ്യഭിചാരങ്ങൾ കുറ്റത്തിന്റെ പട്ടികയിൽ പ്പെടുത്തി നിയമപരമായ ശിക്ഷക്ക് കാരണമാക്കുന്ന കുറ്റകൃത്യമായി വ്യവസ്ഥ ചെയ്യണമെന്ന് പറയുന്നത്. ഇസ്‌ലാംമതം വ്യഭിചാരത്തിന് അടിശിക്ഷയാണ് വ്യവസ്ഥ ചെയ്യുന്നത്. ഖുർആനിൽ ശിക്ഷ വ്യക്തമായി പറഞ്ഞ കുറ്റവും വ്യഭിചാരമാണ്. ബാക്കി ശിക്ഷകളെല്ലാം അതാത് കാലത്തെ നീതി പീഠങ്ങളുടെ വിവേചനത്തിന് വിടുക

യാണ്. ചെയ്തത്. പക്ഷേ ശിക്ഷ നടപ്പാക്കണമെങ്കിൽ 4 സാക്ഷികളെ ഹാജരാക്കണം. സ്വവർഗരതി യെക്കുറിച്ച് നേരിട്ട് ഒരു ശിക്ഷ ഖുർആൻ പറയുന്നില്ല. ഒരു മാർഗ നിർദേശം മാത്രമാണ് നൽകുന്നത്. ഇത്തരം കുറ്റങ്ങൾ ധാർമികവും ആത്മീയവുമായ കുറ്റങ്ങൾ അഥവാ പാപങ്ങൾ എന്ന നിലക്കാണ് ഖുർ ആന്റെ ഊന്നൽ. ഈ കുറ്റങ്ങൾ പ്രത്യക്ഷമായ നില യിൽ വേണ്ടത്ര സാക്ഷ്യങ്ങളും തെളിവുകളുമായി നിന്നെങ്കിൽ മാത്രമേ കുറ്റകൃത്യ ങ്ങളായി അധികാരി കൾക്ക് മുമ്പിൽ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്തവയെ അവഗണിക്കുകയേ നിവർത്തിയുള്ളൂ. രഹസ്യമായി ചെയ്യുന്ന ഇത്തരം അസന്മാർഗിക കുറ്റങ്ങൾ അഥവാ പാപങ്ങൾ തിര ഞ്ഞുപോയി കണ്ടുപിടിക്കേണ്ട ചുമ തല ഭരണ കൂടങ്ങൾക്കോ നീതിപീഠ ങ്ങൾക്കോ‌ഇല്ല. ആളുകളുടെ സ്വകാ ര്യതയിലേക്ക് താക്കോൽ പഴുതി ലൂടെ ഒളിഞ്ഞു നോക്കി ഇത്തരം കുറ്റങ്ങൾ കണ്ടു പിടിക്കുന്ന രീതി ഇസ്‌ലാമികമല്ല. അത് സ്വകാര്യ തയുടെ ലംഘനവും അപലപനീ യവുമാണ് എന്ന കാര്യം നാമോർ ക്കണം.

സ്വവർഗരതി ഒരു ജന്മജാത പ്രവണതയാണ് എന്ന സിദ്ധാന്തം പ്രബലമാണ്. അതിന് അനിഷേധ്യ മായതെളിവൊന്നും സമർപ്പിക്ക പ്പെട്ടിട്ടില്ല. അങ്ങനെയാണെങ്കിലും അല്ലെങ്കിലും ഇത്തരം അസ്വാഭാവി കതകളെ ശിക്ഷ നൽകി മാത്രം ശരി യാക്കാമെന്ന ധാരണ മനുഷ്യത്വ ത്തിനും നീതിയുടെ താൽപര്യങ്ങൾ ക്കും നിരക്കുന്നതല്ല. ശിക്ഷയോ ടൊപ്പം തന്നെ ശിക്ഷണവും ആധു നിക ശിക്ഷാശാസ്ത്രത്തിന്റെ ഭാഗമാ ണെന്നോർക്കണം. എല്ലാ കുറ്റകൃ ത്യങ്ങൾക്കും പാപകൃത്യങ്ങൾക്കും വ്യക്തിയേ പോലെതന്നെ സമൂഹ ത്തിന്നും ഒരു പങ്കുണ്ട്. *Society prepares the crime; the criminal commits it* 'സമൂഹം കുറ്റകൃ ത്യങ്ങൾ തയ്യാറാക്കുന്നു കുറ്റവാളി അത് നിർവഹിക്കുന്നു.' എന്ന നീതി സാരവാക്യം പ്രസക്തമാണ്. അത്ത രം അസന്മാർഗികതകൾക്ക് അടി മപ്പെട്ടവർക്ക് പുനരധിവാസവും ചികിത്സയുമാണ് നൽകേണ്ടത്. ആധുനിക കാലത്ത് ഇസ്‌ലാമിന്റെ തീവ്ര വക്താക്കൾ ഇസ്‌ലാമിക ശരീഅത്തിന്റെ കഠിന ശിക്ഷാരീ തികളുടെ മഹിമ വർണിക്കാറുണ്ട്. ആധുനിക ശിക്ഷാ ശാസ്ത്രം ഈ നിലപാടിനെതിരാണ്. ശിക്ഷിക്കപ്പെട്ട വ്യക്തിയെ ശിക്ഷിച്ച് വേദനിപ്പി ക്കുന്നത് പോലെ അയാളുടെ സംസ്കരണത്തിനും വഴി തേടു കയും കുറ്റവാളിക്ക് പുനരധി വാ സവും, സംസ്കരണ പാഠങ്ങളും മനോരോഗ ചിത്സയും നൽക ണമെന്നും ശിക്ഷാശാസ്ത്രം ശുപാർ ശ ചെയ്യുന്നു. കാരുണ്യത്തിന്റെ മത മായ ഇസ്‌ലാം കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കാൻ ജാഗ്രത പുലർ ത്തുന്നത് പോലെ കുറ്റവാളിയോട് അനുകമ്പയും കാരുണ്യവും കാ ട്ടാൻ ഉപദേശിക്കുകയും ചെയ്യുന്നു. ശിക്ഷയെപറ്റി പറയുന്ന സന്ദർഭ ങ്ങളിലെല്ലാം കഴിയുമെങ്കിൽ മാപ്പു നൽകുകയും പൊറുത്തു കൊടു ക്കുകയും ചെയ്യണമെന്നുള്ളതാണ് ഖുർആന്റെ നിലപാട്. സ്വവർഗ രതിയെപറ്റി പൊതുവായ പരാമ ർശം നടത്തുന്ന വിശുദ്ധ ഖുർആ ന്റെ വചനങ്ങളിൽ കുറ്റവാളി കൾക്ക് സംസ്കരണാത്മകമായ പുനരധിവാസം നൽകണമെന്ന സൂചന നമുക്ക് കാണാൻ കഴിയും. ഖുർആൻ പറയുന്നു:

*'നിങ്ങളുടെ സ്ത്രീകളിൽ നിന്ന് അസന്മാർഗിക പ്രവർത്തിയിലേർ പ്പെടുന്നവരാരോ അവർക്കെതിരിൽ നിങ്ങളിൽപെട്ട നാലു പേരെ സാ ക്ഷിനിർത്തുക അങ്ങനെ അവർ സാക്ഷ്യം വഹിച്ചു കഴിഞ്ഞാൽ മരണം അവരെ പിടികൂടുകയോ അല്ലാഹു അവർക്ക് ഒരു (മോചന) മാർഗം ഉണ്ടാക്കി കൊടുക്കുന്നത് വരെയോ അവരെ (ആ സ്ത്രീകളെ) വീടുകളിൽ തടഞ്ഞു നിർത്തുക.*

*നിങ്ങളിൽ നിന്ന് ആ നീച കൃത്യം ചെയ്യുന്ന രണ്ടു പുരുഷന്മാരെ അവർ രണ്ടു പേരെയും നിങ്ങൾ ശിക്ഷിക്കുക. എന്നാൽ അവർ ഇരുവരും പശ്ചാത്തപിക്കുകയും സ്വയം തിരുത്തി നന്നായി തീരുകയും ചെയ്തെങ്കിൽ അവരെ വിട്ടയക്കുക. തീർച്ചയായും അല്ലാ ഹു വളരെയധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമ യനുമാകുന്നു'(4: 16,17)*

ഇവിടെ ആദ്യവചനത്തിലെ '*ഫാഹിശ*:' എന്ന പദം വ്യഭിചാര വും സ്വവർഗരതിയുമടക്കമുള്ള അസന്മാർഗിക പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. ഖുർആനിൽ മറ്റൊ രിടത്ത് വ്യഭിചാരത്തിന് അടിശിക്ഷ നിർദേശിക്കപ്പെട്ടതിനാൽ ഫാഹിശ: സ്വവർഗരതിയടക്കമുള്ള സന്മാർഗ വീഴ്ച്ചകളെയാണ് സൂചിപ്പിക്കുന്നത് എന്നാണ് പണ്ഡിതന്മാർ പറയുന്നത്. അതിന്റെ വ്യാഖ്യാനങ്ങളെല്ലാം അതാത് കാലത്തുള്ള നീതിപീഠ ങ്ങൾക്ക് ഖുർആൻ വിട്ടുകൊടു ത്തിരിക്കയാണ്. നിയമ പണ്ഡിത ന്മാർ കാലഘട്ടത്തിന്റെയും സാഹച ര്യത്തിന്റെയും ഔചിത്യമനുസരിച്ച് അതിനെ വ്യാഖ്യാനിക്കുന്ന രീതി യിലാണ് ഖുർആനിലെ പല നിയമ നിർദേശങ്ങളും. അത്തരത്തിൽ സന്മാർഗ ഭ്രംശം പറ്റിയ സ്ത്രീ കൾക്ക് അടിശിക്ഷയോ ജയിൽ ശിക്ഷയോ ഇവിടെ ശുപാർശ ചെയ്യു ന്നില്ല. പകരം വീടുകളിൽ അവരെ തട ഞ്ഞുവെക്കുക എന്ന സംസ്കര ണാത്മകമായ ശിക്ഷണ നടപടി യാണ് ഖുർആൻ പറയുന്നത്. ഇത് അധികാരികൾക്കായുള്ള ശിക്ഷാ നിയമമല്ല. വീട്ടുകാർക്കുള്ള മാർഗ നിർദേശമാണ്. അവരുടെ സ്വഭാവം നന്നായിക്കഴിഞ്ഞാൽ അസന്മാർ ഗിയായ സ്ത്രീയെ വീടുകളിൽ നൽകിയ നിരോധനങ്ങളിൽ നിന്നും വീട്ടുകാർക്ക് അവരെ മോചിപ്പി ക്കാം. രണ്ടാമത്തെ വചനത്തിൽ പുരുഷന്മാരുടെ സന്മാർഗ ഭ്രംശ ത്തെ പറ്റിയാണ് ഖുർആൻ പറയു ന്നത്. സന്മാർഗഭ്രംശികളായ പുരു ഷന്മാർ രണ്ടു പേരെയും ശിക്ഷിക്ക ണമെന്ന് (*ഫാദുഹുമാ*) മാത്രമാണ് ഇവിടെ പറയുന്നത്. ശിക്ഷയുടെ വിശദാംശങ്ങൾ പറഞ്ഞിട്ടില്ല. അതും നേരത്തെ പറഞ്ഞത് പോലെ സന്ദർഭവും സാഹചര്യവുമനു

സരിച്ച് വ്യഖ്യാനിക്കാൻ നിയമജ്ഞന്മാർക്ക് ഖുർആൻ വിട്ടുകൊടുത്തിരി ക്കുന്നു. കുറ്റകൃത്യം ചെയ്തവർ പശ്ചാത്തപിച്ചാലോ സ്വയം തിരുത്തിനന്നായി തീർന്നാലും അവരെ വെറുതെവിടണമെന്നും ഖുർആൻ നിഷ്ക്കർശിക്കുകയും, ദൈവം വളരെയേറെ പൊറുക്കുന്നവനാണെന്ന് ഓർമപ്പെടുത്തുകയും ചെയ്യുന്നു. ഖുർആന്റെ ശിക്ഷാനിയമങ്ങളുടെ രീതി ഇതാണ്. ശിക്ഷാശാസ്ത്രരംഗത്തുണ്ടാകുന്ന ഏത് വികാസത്തെയും ഉൾക്കൊള്ളാൻ മാത്രം അത് അയവുള്ളതും മാനവീയവുമാണ്. ഇരുമ്പുചട്ടുകം പോലെ അത് വിട്ടുവീഴ്ച്ചയില്ലാത്തതല്ല. വാദിയോടും പ്രതിയോടുമുള്ള കാരുണ്യമാണ് അതിന്റെ മുഖമുദ്ര.

ലൈംഗികത പ്രഥമമായി വംശവർധനവിനുള്ളതാണ്. ലൈംഗിക സുഖം അതിന്റെ ദ്വിതീയമായ ഉപോൽപ്പന്നം മാത്രമാണ്. സമൂഹം ജീർണിക്കുമ്പോൾ ലൈംഗികസുഖാനുഭൂതിക്ക് പ്രാഥമ്യം കൈവരുന്നു. വാസ്തവത്തിൽ വ്യഭിചാരവും സ്വവർഗരതിയും പാപം (Sin) എന്നഗണത്തിലാണ് മതങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കുറ്റം (Crime) എന്നത് താരതമ്യേന കുറ്റശാസ്ത്ര (Criminology) സംബന്ധിയായ ഒരു സാങ്കേതികപദമാണ്. അതിനാൽ ലൈംഗിക ഭ്രംശങ്ങൾ മതത്തിന്റെ സ്വാഭാവിക രീതികളായ ധാർമിക ഉപദേശങ്ങളിലൂടെയും ആത്മീയമായ അനുഷ്ഠാനാചാരങ്ങളിലൂടെയും പരിഹരിക്കാനാണ് മതം താൽ പര്യപ്പെടുക. ശാരീരിക ശിക്ഷ നൽകി മനുഷ്യനെനന്നാക്കുന്ന രീതി മതത്തിന്റേതല്ല. അത് അധികാരസ്ഥാപനങ്ങളുടെതാണ്. മറ്റൊന്ന് എല്ലാ പാപങ്ങളും രാഷ്ട്രനിയ മങ്ങൾക്ക് മുമ്പിൽ കുറ്റകരമാകില്ല എന്നതാണ്. പക്ഷേ എല്ലാ കുറ്റങ്ങളും മതങ്ങൾക്ക് പാപങ്ങളാണ്. ഉദാഹരണത്തിന് അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവൻ ഇസ്‌ലാം മത സങ്കൽപ്പ പ്രകാരം പാപിയാണ്. പക്ഷേ അയാൾ രാഷ്ട്രനിയമങ്ങൾക്ക് മുമ്പിൽ കുറ്റവാളിയല്ല. യഥാർഥത്തിൽ രാഷ്ട്രങ്ങളുടെ നിയമങ്ങളെക്കാൾ ഇത്തരത്തിലുള്ള അലിഖിതവും അമൂർത്തവുമായ മതധാർമിക നിയമങ്ങളാണ് സമൂഹത്തെ സമാധാന പൂർണവും ക്ഷേമകരവുമാക്കി തീർക്കുന്നത്.

മനുഷ്യന് പ്രകൃതി നിശ്ചയിച്ച സ്വാഭാവികമായ ലൈംഗിക വേഴ്ച്ച സ്ത്രീയും പുരുഷനും തമ്മിലാണ്. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും ബാധകമായ ഒരു പൊതു നിയമമാണിത്. അത് പാലിക്കാൻ വിവേകബുദ്ധിയുള്ള മനുഷ്യന് ബാദ്ധ്യതയില്ലേ? സ്വവർഗരതി മൗലികാവകാശങ്ങളുടെ ഭാഗമായി കാണുന്ന പല പുരോഗനമനാശയക്കാരും പ്രകൃതിയുടെ വഴികൾ നാം പാലിക്കണമെന്ന് പറയുന്ന പരിസ്ഥിതി വാദക്കാർ കൂടിയാണല്ലോ. പുരോഗമന വാദത്തിന്റെ ഗ്ലാമറില്ലെങ്കിലും മതം അനുശാസിക്കുന്ന സ്ത്രീപുരുഷ ബന്ധത്തിലധിഷ്ഠിതമായ കുടുംബ ജീവിതത്തിന് യുക്തിയുടെയും ശാസ്ത്രത്തിന്റെയും മനുഷ്യന്റെ സാംസ്കാരിക ചരിത്രത്തിന്റെയും പിൻബലമുണ്ട്. സ്ത്രീപുരുഷ ബന്ധമാണ് വംശവർദ്ധനവും സംസ്ക്കാരവും സൃഷ്ടിക്കുന്നത്. മനുഷ്യവംശം എന്ന അനസ്യൂതമായ നൈരന്തര്യം നിലനിർത്താൻ പ്രകൃതി മനുഷ്യനെയേൽപ്പിച്ച ഒരു അതിജീവന ദൗത്യമാണ് സത്രീ പുരുഷബന്ധം. പ്രകൃതിയിൽ വിരുദ്ധ ദ്വന്ദങ്ങളായ നെഗറ്റീവും പോസിറ്റീവുമാണ് പരസ്പരം ആകർഷിക്കുക. സമാന ദ്വന്ദങ്ങൾക്ക് ആകർഷണത്തിന് പകരം വികർഷണമാണ് അനുഭവപ്പെടുക. ജൈവശാസ്ത്ര പരമായി വികർഷണീയമായ ആൺ–ആൺ അല്ലെങ്കിൽ പെൺ പെൺ ദ്വന്ദം ഒരു വൈകൃതമാണ്. മഹത്വമേറിയതും ഭാരമേറിയതുമായ കുടുംബ ജീവിതം എന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഭൗതികോന്മുഖമായ ആധുനിക നാഗരികത ഒളിച്ചോട്ടം ആരംഭിച്ചിരിക്കുന്നതിന്റെ തെളിവാണ് സ്വവർഗ രതിക്കുള്ള നിയമപരമായ അംഗീകാരം. പരിധിയും പരിമിതിയുമില്ലാത്ത ലൈംഗികത മൗലികാവകാശമാണെന്ന് പറയുന്നവർ അനുഭൂതികളുടെയും ആസ്വാദങ്ങളുടെയും ലോകത്ത് ചുമതലകളും ഉത്തരവാദിത്വങ്ങളുമില്ലാതെ ജീവിക്കാൻ വ്യാമോഹിക്കുന്നവരാണ്. വിവാഹം എന്നത് പുരുഷന് അടിമപ്പെടലാണെന്ന് കരുതുന്ന സ്വാതന്ത്ര വാദികളായ സ്ത്രീസ്വവർഗരമികളുണ്ട്. പുരുഷൻ വഹിക്കാത്ത പ്രസവം സ്ത്രീക്കും ആവശ്യമില്ല. ശിശുവിനെ വേണമെന്നുണ്ടെങ്കിൽ അവർക്ക് ക്ലോൺ ചെയ്ത് വാടക ഗർഭപാത്രത്തിൽ ഉൽപ്പാദിപ്പിക്കാം. അല്ലെങ്കിൽ ദത്തെടുക്കാം. അങ്ങനെ ആവശ്യമെന്ന് തോന്നിയാൽ കുടുംബം നിർമിച്ചെടുക്കാം. ഏതെങ്കിലും ലാബുമായി ഒരു കരാറുണ്ടാക്കിയാൽ മതിയല്ലോ. ഭാവിയിലെ ധീരനൂതന ലോകത്തിന്റെ രേഖാചിത്രം ഇങ്ങനെയൊക്കെയാണ്. പാശ്ചാത്യനാടുകളിലുള്ളത് പോലെയുള്ള സ്വവർഗരമികൾക്ക് നിയമ പരിരക്ഷയും പ്രോത്സാഹനവും ലഭിക്കുകയാണെ ങ്കിൽ പുതിയ രുചികൾ അന്വേഷിച്ച് നടക്കുന്ന യുവതലമുറ അനായാസം അങ്ങോട്ടേക്ക് ഒഴുകും.

സ്വവർഗ പ്രണയികളുടെയും പാശ്ചാത്യഭരണകൂടങ്ങളുടെയും അതിരുകടന്ന അരുതായ്മകളും അതിർത്തി ലംഘനങ്ങളും നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. 2013 ആഗസ്ത് 19 വരെ അർജന്റീന, ഡെന്മാർക്ക്, ഫ്രാൻസ്, ഐസ്‌ലാന്റ്, നെതർലാന്റ്, പോർട്ടുഗൽ, സ്പെയിൻ മുതലായ ലോകത്തിലെ 15 രാജ്യങ്ങളിൽ സ്വവർഗ വിവാഹം നിയമപരമായി അംഗീകരിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും ചില പ്രവിശ്യകളിലും ഇത് അംഗീകരിച്ചിട്ടുണ്ട്. യൂറോപ്പിലെ പല രാജ്യങ്ങളിലും നടത്തിയ ജനഹിത പരിശോധനയിൽ സ്വവർഗ വിവാഹത്തിന് അനുകൂലികൾ അഭൂതപൂർവമായി കൂടി വരികയാണത്രെ. 2001 ൽ നെതർലണ്ടിൽ ആണ് പുരുഷനും പുരുഷനും തമ്മിലുള്ള വിവാഹത്തിന് ആദ്യമായിനിയമ പ്രാബല്യം നൽകിയത്.

സ്വവർഗരമികൾക്ക് സാധാരണ ദമ്പതിമാരെ പോലെയുള്ള പിന്തുടർച്ചാവകാശം, നികുതി നിയമങ്ങൾ, വിവാഹ- വിവാഹമോചന നിയമങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ, ദത്തെടുക്കാനുള്ള അവകാശം മുതലായ എല്ലാ നിയമ പരിരക്ഷകളും ആനുകൂല്യങ്ങളും ഇവിടങ്ങളിൽ ലഭിക്കുന്നു. യൂറോപ്പിലെ മിക്ക സ്വവർഗരതിക്കാർക്കും യുഗ്മ ജീവിതവും (Union) പങ്കാളിത്വജീവിതവും (Partnership) നിയമപരമായി അനുവദിക്കപ്പെട്ടിട്ടുണ്ട്. സർവോപരി അമേരിക്കയിലെ ഹാംപ്ഡ് ഷെയർ സ്റ്റേറ്റിലെ ആംഗ്ലിക്കൻ സഭയുടെ കീഴിലുള്ള എപ്പിസ്കോപ്പൽ ചർച്ചിൽ കേളി കേട്ട ഒരുസ്വവർഗരതിക്കാരൻ 2003 മുതൽ ബിഷപ്പായി ദൈവശുശ്രൂഷകൾ നടത്തി വരുന്നു. സഭക്കകത്ത് തന്നെ ഇതിനെതിർപ്പുണ്ട്. ബൈബിളിൽ സൊദോം ദേശത്തെ ജനതയുടെ മഹാപാപമായി കരുതിയിയ കുറ്റകൃത്യം (Sodomy) അഭിമാനത്തോടെ ആചരിക്കുന്ന ഒരു സ്വവർഗപ്രണയിയെ തന്നെ മത പുരോഹിതനായി അഭിഷേകം ചെയ്യിച്ച തല തിരിഞ്ഞ ലോകത്താണ് നാം ജീവിക്കുന്നത്. പാശ്ചാത്യരുടെ അതിരുകടന്ന ഭൗതികോന്മുഖമായ ജീവിതമാണ് ലോകത്ത് ഇത്തരം വികലമായ അവകാശ ബോധങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവിത ദർശനവും നിയമ നിർമാണങ്ങളും ഉണ്ടാവാനുള്ള കാരണം. മത സംസ്കാരങ്ങൾക്കും ജീവിത മൂല്യങ്ങൾക്കും കൂടുതൽ സ്ഥൈര്യവും ആഴവുമുള്ള ഭാരതീയ സമൂഹത്തിലെ കോടതികൾ ശബ്ദാഡംബരത്തോടെ ഇത്തരം പൊളിച്ചെഴുത്തുകൾ നടത്തുമ്പോൾ നാളെ ഇവിടെ സ്വവർഗ വിവാഹവും കുട്ടികളെ ദത്തെടുത്തു കൊണ്ടുള്ള സ്വവർഗ കുടുംബങ്ങളും സ്വവർഗ സമൂഹ കോളനികളും ഉണ്ടാകില്ലേ? ധാർമികത പഴന്തുണി കത്തുന്നത് പോലെ പുകഞ്ഞ് കത്തുന്ന ആഗോള സമൂഹത്തിൽ അത് കെടുത്തുന്നതിന് പകരം ആളിക്കത്തിക്കുന്ന സമീപനം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടാവുന്നത് നിർഭാഗ്യകരമാണ്. ഒരു സമൂഹത്തിന്റെ ധാർമികതയും ജീവിത വീക്ഷണവും നിയമങ്ങളിൽ പ്രതിഫലിക്കേണ്ടതുണ്ട്. പാശ്ചാത്യലോകം മനുഷ്യ ബന്ധങ്ങളെ സംബന്ധിച്ച് പറയുന്നതാണ് ശരി എന്ന ദാസ്യമനോഭാവം നാം മാറ്റേണ്ടതുണ്ട്. ഡൽഹി ഹൈക്കോടതി വിധിക്കെതിരെ നമ്മുടെ സുപ്രീം കോടതി സ്വവർഗരതി നിയമ വിരുദ്ധമാണ് എന്ന നിലപാട് പുനസ്ഥാപിച്ചിരിക്കുകയാണ്. ആ പുനഃസ്ഥാപനത്തിന് സ്ഥൈര്യം വേണമെങ്കിൽ ഇന്ത്യൻ പാർലമെന്റാണ് അക്കാര്യത്തിൽ അന്തിമ വിധി പറയേണ്ടത്. ചിരപുരാതനമായ നമ്മുടെ ഭാരതം എങ്ങനെ പ്രതികരിക്കും? നമുക്ക് കാത്തിരിക്കാം.

---


പേജ് 37 ൽ നിന്ന് തുടർച്ച

മിർസാസാഹിബിന്റെ ഈ സേവനം ഭാവി തലമുറകളെ ഭാരിച്ച ഉപകാരത്തിന് അധീനരാക്കിയിരിക്കുന്നു. അദ്ദേഹം പേനകൊണ്ട് സമരം ചെയ്യുന്നവരുടെ മുൻനിരയിൽനിന്നു ഇസ്ലാമിനുവേണ്ടിയുള്ള പ്രതിരോധ കർത്തവ്യം നിർവഹിച്ചു. മുസൽമാന്മാരുടെ സിരകളിൽ ജീവരക്തം നിലനില്ക്കുന്നിടത്തോളം കാലവും, ഇസ്ലാ മിനെ സഹായിക്കാനുള്ള ആവേശം അവരുടെ സാമൂഹിക ലക്ഷണത്തിന്റെ തലക്കെട്ടായി കണക്കാക്കപ്പെടുന്നിടത്തോളം കാലവും വിലമതിക്കപ്പെടുന്ന സാഹിത്യമാണ് അദ്ദേഹം തന്റെ സ്മരണക്കായി വിട്ടുംവെച്ചു പോയത്........ഇതിനും പുറമെ, ആര്യസമാജക്കാരുടെ വിഷപ്പല്ലുകൾ തകർത്തുകൊണ്ട് മിർസാ സാഹിബ് ഇസ്ലാമിനു പ്രത്യേകമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്. ഭാവിയിൽ നമ്മുടെ പ്രതിരോധത്തിന്റെ പ്രവർത്തനം എത്രതന്നെ വിപുലമായിരുന്നാലും ആര്യസമാജികൾക്കെതിരായുള്ള അദ്ദേഹത്തിന്റെ കൃതികളെ അഖണ്ഡ്യമാക്കുക സാധ്യമല്ലെന്നുള്ള വാദത്തിന് ആ കൃതികൾത്തന്നെ പ്രത്യക്ഷമായ തെളിവാണ്.

അദ്ദേഹം വലിയൊരു ആളായിരുന്നു. അദ്ദേഹത്തിന്റെ പേന ആഭിചാരവും നാവ് മന്ത്രവാദവുമായിരുന്നു. അദ്ദേഹം ബുദ്ധിപരമായ അദ്ഭുതങ്ങളുടെ കേദാരമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടി വിപ്ലവാത്മകവും ശബ്ദം പ്രളയകാഹളവുമായിരുന്നു. അദ്ദേഹത്തിന്റെ വിരലുകളിൽ പരിവർത്തനത്തിന്റെ കമ്പികൾ കോർക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ രണ്ടു മുഷ്ടികൾ വിദ്യുച്ഛക്തിയുടെ രണ്ടു ബാറ്ററികളായിരുന്നു. അദ്ദേഹം മതലോകത്തിന് 30 വർഷക്കാലം ഭൂകമ്പവും കൊടുങ്കാറ്റുമായിരുന്നു. അദ്ദേഹം ഖിയാമത്തിന്റെ കാഹളമായിക്കൊണ്ട് ഉറങ്ങിക്കിടക്കുകയായിരുന്നവരെ ഉണർത്തിക്കൊണ്ടിരുന്നു. അദ്ദേഹമിതാ വെറുംകൈയോടെ മടങ്ങിപ്പോയിരിക്കുന്നു.

ഇന്ത്യ ഇന്ന് മതങ്ങളുടെ പ്രദർശനശാലയാണ്. ചെറുതും വലുതുമായ അനേകം മതങ്ങൾ ഇവിടെ കാണാൻ കഴിയും അവയെല്ലാം അന്യോന്യം മത്സരിച്ചു കൊണ്ട് അവയുടെ അസ്തിത്വം പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്തെവിടെയും ഇതിനൊരു തുല്യത കാണാൻ കഴിയുകയില്ല. താൻ ഈ മതങ്ങൾക്കെല്ലാം വിധികർത്താവും നീതിമാനുമാണെന്നാണ് മിർസാസാഹിബ് വാദിച്ചിരുന്നത്. എന്നാൽ, ഒരു കാര്യത്തിൽ സംശയമില്ല. ഈ വിവിധ മതങ്ങൾക്കെതിരായി ഇസ്ലാമിന്റെ മേന്മ സ്ഥാപിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന് പ്രത്യേക പാടവമുണ്ടായിരുന്നു. ഇത് അദ്ദേഹത്തിന്റെ സ്വാഭാവികമായ സാമർഥ്യത്തിന്റേയും പഠനവാഞ്ചയുടേയും ഫലമാണ്. തന്റെ ഐശ്വര്യേച്ഛ ഈ വിധം മതപഠനത്തിനു വേണ്ടി വിനിയോഗിച്ച ഇത്ര ഉത്കൃഷ്ഠനായൊരു വ്യക്തി ഇന്ത്യയിലെ മതരംഗത്തിൽ ഭാവിയിൽ ഉണ്ടാകുമെന്ന് ആശിക്കാൻ നിവൃത്തിയില്ല."

## ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ ഗുരുശ്രേഷ്ഠ അവാർഡ്
### പ്രൊഫസർ ബി. മഹ്മൂദ് അഹ്മദിന്



മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ സ്മരണാർഥം വള്ളോപ്പിള്ളി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഗുരുശ്രേഷ്ഠ അവാർഡിന് പ്രൊഫസർ ബി. മഹ്മൂദ് അഹ്മദ് തിരഞ്ഞെടുക്കപ്പെട്ടു. വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ മികച്ച സേവനം കാഴ്ചവെച്ചതിനാണ് ഈ അവാർഡ്. പയ്യന്നൂർ കോളേജിൽ മലയാള വിഭാഗം തലവനായിരുന്ന പ്രൊഫസർ ബി. മഹ്മൂദ് അഹമദ് ഇപ്പോൾ കേരള ഫോക്‌ലോർ അക്കാദമിയുടെ ചെയർമാനാണ്. കേരള അഹ്മദിയ്യാ ജമാഅത്തിന്റെ പബ്ലിക്കേഷൻ വിഭാഗം ചെയർമാനായിരുന്നു അദ്ദേഹം

മോൺ മാത്യു എം. ചാലിൽ ചെയർമാനും ഡോ. കെ. എസ് രാധാകൃഷ്ണൻ, ഡോ. എ. എൻ. പി. ഉമ്മർകുട്ടി, ശ്രീ ജോൺ കച്ചിറമറ്റം എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് അവാർഡ് നിർണയം നടത്തിയത്.




കോഴിക്കോട് ഡിസംബർ 18, 19, തിയതികളിൽ നടന്ന നബികീർത്തന യോഗത്തിൽ സി. പി. മൊയ്തീൻകുട്ടി മൗലവി പ്രസംഗിക്കുന്നു. മൗലവി സുൽത്താൻ അഹ്മദ് നസീർ, മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്‌ലിയാർ എന്നിവർ സമീപം.




എറണാകുളം ജില്ലാ വഖ്ഫെ നൗ ഇജ്തിമ ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ടി.കെ. അബൂബക്കർ, മൗലവി എം. നാസിർ അഹ്മദ്, ബി. ബി. അഹ്മദ് കബീർ, മൗലവി സഫറുല്ലാഹ് എന്നിവർ സമീപം.

## അനുസ്മരണം

### ഡോ.കെ. എം. മൻസൂർ അഹ്മദ്



ആദിനാട് ജമാഅത്ത് അംഗമായ ഡോ. കെ. എം. മൻസൂർ അഹ്മദ് സാഹിബ് (65) 07.12.2013ൽ വഫാത്തായി. (ഇന്നാലില്ലാഹി...) കരുനാഗപ്പള്ളി, ആദിനാട് ജമാഅത്തുകളുടെ സ്ഥാപകാംഗങ്ങളിൽ പ്രമുഖനായിരുന്ന മർഹൂം കാത്തുങ്ങൽ കെ. എം. മൈതീൻകുഞ്ഞു സാഹിബിന്റെ ദ്വിതീയ പുത്രനായിരുന്നു പരേതൻ.


ആയുർവേദ വൈദ്യശാസ്ത്രത്തിൽ എം.ഡി.ബിരുദം നേടിയ അദ്ദേഹം ഭിഷഗ്വരനായി സർക്കാർ സർവീസിലും, റിട്ടയർമെന്റിനുശേഷം വിവിധ സ്വകാര്യ ആയുർവേദ മെഡിക്കൽ കോളേജുകളിലും പ്രൊഫസറായി സേവനമനുഷ്ഠിക്കുകയുണ്ടായി.

ആദിനാട് ജമാഅത്തിൽ തബ്‌ലീഗ് സെക്രട്ടറി മാൽ സെക്രട്ടറി, വസിയ്യത്ത് സെക്രട്ടറി, എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം മൂസിആയിരുന്നു. മർഹൂം തട്ടയ്ക്കാട്ട് അബ്ദുൽ റഹ്മാൻ സാഹിബിന്റെ പുത്രി എ. സലീമ ബീവിയായിരുന്നു പരേതന്റെ ആദ്യഭാര്യ. 2011ൽ ആദ്യഭാര്യയുടെ നിര്യാണാനന്തരം അദ്ദേഹം കോഴിക്കോട് ജമാഅത്തിലെ മുൻ പ്രസിഡന്റായിരുന്ന ജ: കോയട്ടി സാഹിബിന്റെ പുത്രി പി. പി. മുഹ്സിനാത്തിനെ വിവാഹം കഴിച്ചു. മക്കൾ– കെ.എം നിയാസ് (ദുബായ്), കെ. എം. വസിം (ബാംഗ്ലൂർ). മരുമകൾ– മെഹ്ജാന (ദുബായ്) ഷറീൻ (ബാഗ്ലൂർ). ആദിനാട് ജമാഅത്ത് പ്രസിഡന്റ് കെ. എം. അബ്ദുൽ ജലീൽ, കെ.എം സലിം, കെ.എം സുഹ്റുബാൻ, കെ.എം നസീം അഹ്മദ്, കെ.എം നുജുമാ ബീവി എന്നിവർ സഹോദരങ്ങളാണ്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറകട്ടെ.

7 January 2014

Vol: 86 Issue.1
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**


ഉടൻ പ്രകാശനം ചെയ്യുന്നു.

# ഇസ്‌ലാമും
# സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താ
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)
വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

**യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.**

**മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!**

**വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!**

**ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!**

**സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)